വിരലിന്മേൽ നിന്നുഴിച്ചു. ആസനത്തിന്മേൽ നിന്നിറങ്ങി. വീടുകൾ തോറും നിന്നോടി വന്നു. അതിൻ പുറത്തു നിന്നു വന്നു.

6. സംസ്കൃതസപ്തമിയോടു 'നിന്നു' എന്ന ഗതി ചേൎന്നുവരും.

മന്ദിരേ നിന്നുള്ള സുന്ദരിമാർ. ആകാശമാൎഗ്ഗേ നിന്നിറങ്ങി. തത്സമുദ്രാന്തരേ നിന്നു കരേറിനാൻ. എന്തു പുരോഭാഗേ നിന്നരുളുവാൻ? മുനിവിനോടു ഗഗനഭുവി നിന്നു താണു.

335. 1. ക്രിയാവ്യാപാരത്താൽ രണ്ടു വസ്തുക്കൾക്കു വിയോഗം ഉണ്ടാകുമ്പോൾ യാതൊന്നു് ഉറപ്പായി നില്ക്കുന്നുവോ ആയതു് അപാദാനം ആകുന്നു. അപാദാനത്തെക്കാണിപ്പാൻ സപ്തമിയോടു നിന്നു എന്ന ഗതിയെ ച്ചേൎക്കും.

അവൻ മരത്തിൽ നിന്നു വീണു; അവന്നും മരത്തിന്നും വീഴ്ചയാൽ വിയോഗം ഉണ്ടായി. അവൻ വീഴുമ്പോൾ മരം ഉറപ്പായി നിന്നതു കൊണ്ടു് അതു് അപാദാനമാകുന്നു. 'ഓടുന്ന കുതിരയിൽ നിന്നു വീണു' എന്നതിൽ കുതിര സ്ഥിരമായ്നിൽക്കുന്നില്ലെങ്കിലും വിയോഗത്തിന്റെ സ്ഥലമാകയാൽ അതും സപ്തമിയിൽ വന്നു, നിന്നു എന്ന ഗതിയോടു ചേരും.

2. ദൂരം നിശ്ചയിക്കുന്നേടം, ഉൽപത്തിസ്ഥാനം, ദാതാവു് എന്നിവയെക്കാണിക്കുന്ന നാമങ്ങൾ അപാദാനം ആകും.

ദൂരം.— തലശ്ശേരിയിൽ നിന്നു് അഞ്ചുനാഴിക തെക്കു മയ്യഴി. മരത്തിൽ നിന്നരക്കാതം ദൂരവേ.

ഉൽപത്തി.— പാദതലത്തിൽ നിന്നുണ്ടായി ശൂദ്രജാതി. ചക്ഷുസ്സിൽ നിന്നുണ്ടായി ക്ഷത്രിയജാതി. ഹിമവാനിൽ നിന്നു ഗംഗയുത്ഭവിക്കുന്നു.

ദാതാവു.— രാജാവിങ്കൽ നിന്നു കിട്ടി. വിശ്വാമിത്രങ്കൽ നിന്നു പഠിച്ചു. എങ്കൽ നിന്നു കേട്ടു. (ഗതിപ്രകരണം നോക്കുക).

ചോരഭയം, ശത്രുഭീതി, സുഖാപേതം, ചക്രമുക്തം, യന്ത്രക്ഷിപ്തം, സ്വൎഗ്ഗപതിതം മുതലായവ സംസ്കൃതപഞ്ചമീതൽപുരുഷസമാസങ്ങൾ ആകുന്നു. ഇവയെ ഭാഷയിൽ വിഗ്രഹിക്കുമ്പോൾ ചോരനിൽനിന്നുള്ള ഭയം, സുഖത്തിൽ നിന്നു് അപേതം എന്നിങ്ങിനേയുള്ള വാക്യങ്ങളെ പ്രയോഗിക്കേണ്ടി വരും. ഇതിൽ "നിന്നു്" എന്നതിനെ പഞ്ചമീപ്രത്യയമായി എടുക്കാത്തതു കൊണ്ടു നിന്നു എന്ന ഗതിയോടു കൂടിയ സപ്തമീതൽപുരുഷൻ എന്നു സംജ്ഞ ചെയ്യേണം. നാരങ്ങാകറി, ഖഡ്ഗഹതൻ, ഇത്യാദി സമാസങ്ങളേയും ഈ പ്രകാരം സംജ്ഞചെയ്യാം.

3. വിഗ്രഹവാക്യത്തിൽ ഗതികൾ ആവശ്യമായ്വരുന്ന സമാസങ്ങളെ മദ്ധ്യമപദലോപി (235.) യായെടുക്കാം.

പരീക്ഷ 308—335.

i. 1. രാമൻ വനത്തിൽ പോയി. കൃഷ്ണൻ ദ്വാരകയെപ്പണിയിച്ചു, ബുദ്ധൻ നീതിമാൎഗ്ഗം ഉപദേശിച്ചു. ഈ വാക്യങ്ങളുടെ ആകാംക്ഷയെ പൂരിപ്പിച്ചു വാക്യങ്ങളെ വലുതാക്കുക. 2. കാരകമെന്നാൽ എന്തു? കാരകങ്ങൾ എത്രവിധം? ഓരോന്നിന്റെ സ്വഭാവം പറഞ്ഞു പാഠപുസ്തകങ്ങളിൽ നിന്നു വാക്യങ്ങളെടുത്തുദാഹരിക്കുക. 3. ആഖ്യക്കും കൎത്താവിന്നും തമ്മിൽ ഭേദം എന്തു? കൎത്താവു് ഏതു വിഭക്തികളിൽ വരും? ഷഷ്ഠിയിൽ വരുന്നതിനെ ഉദാഹരിക്കുക. 4. തൃതീയയുടെ പ്രയോഗങ്ങളെപ്പറഞ്ഞുദാഹരിക്കുക. 5. നിഗീൎണ്ണകൎത്തൃകക്രിയകളുടെ ലക്ഷണം പറഞ്ഞുദാഹരിക്കുക.

ii. പുസ്തകങ്ങളുടെ ഉപയോഗങ്ങളെക്കുറിച്ചു രണ്ടു മഹാവാക്യങ്ങൾ എഴുതി അതിൽ ഉള്ള കാരകങ്ങളെ വിഭജിക്കുക.

3. വിഭക്തിവ്യത്യയം.

336. ഒരു വിഭക്തിക്കു പകരം അതേ അൎത്ഥത്തിൽ മറ്റൊരു വിഭക്തിയെ പ്രയോഗിക്കുന്നതു **വിഭക്തിവ്യത്യയം.** കൎത്ത്രൎത്ഥത്തിൽ പ്രഥമ, ദ്വിതീയ, തൃതീയ, ചതുൎത്ഥി, പഞ്ചമി, ഷഷ്ഠി എന്ന വിഭക്തികളും കൎമ്മാൎത്ഥത്തിൽ പ്രഥമ, ദ്വിതീയ, ചതുൎത്ഥി, ഷഷ്ഠി എന്നിവയും വരും.

1. പ്രഥമ—പഞ്ചമി—കാൎയ്യം എന്നോടു മറന്നുപോയി. അതു എന്നോടു വിട്ടുപോയി. (വടക്കേമലയാളപ്രയോഗം.)

2. ദ്വിതീയ—ചതുൎത്ഥി. (i) അഗതിയായോരടിയനനുഗ്രഹിക്കേണം. (ii) രാമദേവനുപദേശിച്ചു മുനി. (iii) മാതാവിന്നും നമസ്കരിച്ചു. (iv) അവൎക്കാർ സഹായിക്കും. (v) അതിനെല്ലാം നിങ്ങൾ സമ്മതിക്കേണം. (vi) അതിന്നു നീ ക്ഷമിക്ക വേണം.

3. ദ്വിതീയ—പഞ്ചമി. ദക്ഷൻ ഹോമകൎമ്മകഥ നമ്മോടറിയിക്കാതിരിക്കും. അവരോടു സഹായിച്ചു. രാക്ഷസനോടെതൃത്തു. ഭക്തന്മാരോടു പ്രതികൂലിപ്പാൻ. അവനെ ചേൎന്നു. അവനെച്ചെന്നണഞ്ഞു.

4. ദ്വിതീയ—ഷഷ്ഠി. ശൂൎപ്പണഖയെ പിന്നെ മൂക്കും മുലയും കൊയ്യു ലക്ഷ്മണവീരൻ.

5. ചതുൎത്ഥി—പഞ്ചമി. നിന്നോടിന്നു സദൃശനാരുമില്ല. ഇവനോടു സമനില്ലെന്നു മന്യേ. ക്ഷേത്രം ഹാലാസ്യത്തിന്നു തുല്യമായില്ല ലോകേ. താതനോടു ചെയ്തു അപരാധം. നിങ്ങളോട്ട് ഒരു ദോഷം ചെയ്തു.

6. ചതുൎത്ഥി—ഷഷ്ഠി. താപം തീൎന്നിതു ഞങ്ങൾക്കെല്ലാം. വജ്രകേതുവെന്നിനിക്കു നാമം. സൎവ്വപൎവ്വതങ്ങൾക്കും സാൎവ്വഭൌമൻ (ഹിമാദ്രി). ഭക്തൎക്കുള്ള സങ്കടം തീൎക്കും. കണ്ണുകളായിരവും തെളിഞ്ഞു മഹേന്ദ്രന്നും. 'പുത്രനായിരിക്കേണമിനിക്കു ഭവാൻ. വല്ലഭനിവൻ മമ നന്ദനനു നൂനം.

7. ചതുൎത്ഥി—സപ്തമി. ഏവനിതിന്നു വിമുഖൻ. ശിവക്ഷേത്രങ്ങൾക്കെല്ലാം ഉത്തമം. കമ്പഞ്ഞിക്കു വിശ്വസിക്ക.

8. തൃതീയ—ദ്വിതീയ. ജലത്തിനാൽ തളിച്ചു.

9. തൃതീയ—ചതുൎത്ഥി. മനുഷ്യരാൽ ശക്യമല്ല ജയിപ്പാൻ.

337. 1. സംസ്കൃതക്രിയകളുടെ അൎത്ഥം പറവാൻ കൃന്നാമങ്ങളോടു ചെയ്ക, ആക, വരുത്തുക, പ്രാപിക്ക, മുതലായ ക്രിയകളെ ചേൎക്കും.

(i) മമ പ്രാരബ്ധവിഘ്നങ്ങളെ വാരണം ചെയ്ക. (ii) വൃത്രാരിപുത്രനായ ബാലിയെ വധം ചെയ്തും. (iii) ലക്ഷ്മണനേയും ഗാഢമാശ്ലേഷവും ചെയ്തു.

2. സകൎമ്മകധാതുക്കളിൽ നിന്നു ജനിച്ച കൃന്നാമങ്ങൾക്കും കൎമ്മാദികാരകങ്ങൾ ഉണ്ടാകുമെന്നു മേലുദാഹരണങ്ങളിൽ നിന്നറിയാം. കൎമ്മം കൃന്നാമത്തോടു സമാസിച്ചു വരും.

(i) സീതാന്വേഷണം ചെയ്തു (സീതയെ അന്വേഷിച്ചു). (ii) ലക്ഷ്മണനവളുടെ നാസാച്ഛേദം ചെയ്തു. (iii) ഭൎത്തൃപാദപ്രണാമം ചെയ്തു. (iv) ഭക്തിയോടെ ഗുരുസേവ ചെയ്തു. (v) ആശ്രമദോഷം വരുത്തിയ ബാലി. (vi) വൃത്രാരിപുത്രനെ മൃത്യുവരുത്തി. (vii) ദാശരഥി എല്ലാരേയും മുഗ്ദ്ധമാക്കീടുന്നു. (viii) പാവനയെന്നു ലോകസമ്മതമാക്കി.

4. ഗതിപ്രകരണം.

338. 1. അതി, അധി, അനു, അപ, അപി (–പി), അഭി, അവ, ആ, ഉത്, ഉപ, ദുസ്, ദുർ, നി, നിർ, നിസ്, പരാ, പരി, പ്ര, വി, സമ്, സു എന്നിവയെ സംസ്കൃതത്തിൽ ഉപസൎഗ്ഗമെന്നും ഗതിയെന്നും പറയും. ഇവ ധാതുക്കളുടെ മുമ്പിൽ വന്ന് അവയോടു ചേൎന്നു സമാസിച്ചു ധാതുക്കളുടെ അൎത്ഥം പലവിധം മാറും.

ഉദാ. ഗമനം, ആഗമനം, അധിഗമനം, അനുഗമനം, അഭിഗമനം, അപഗമനം, ഉപഗമനം, പ്രത്യാഗമനം, ദുൎഗ്ഗമം, നിൎഗ്ഗമം, സംഗമം. രണ്ടുമൂന്നു

ഗതികൾ ഒന്നിച്ചുകൂടും. അഭി+ഉൽ+സ്ഥാനം — അഭ്യുത്ഥാനം. അഭി+ആ+ഗതൻ — അഭ്യാഗതൻ. വി — പ്ര — യോഗം. വി+അവ+ഹാരം — വ്യവഹാരം. അഭി + അവ + ഹാരം — അഭ്യവഹാരം.

2. ഭാഷയിൽ അപ ദുസ്, ദുർ എന്ന ഗതികളെ സമാസാംഗമായും അതി എന്നതിനെ വിശേഷണമായും പ്രതി (=പ്രതിവാദി, പ്രതികൃതി) എന്നതിനെ നാമമായും പ്രയോഗിക്കും.

(a) അപകേട്ട, ദുന്നടപ്പു, ദുശ്ശേർ, ദുന്നില, ദുർവ്വഴക്കു, ദുർവ്വാശി. (b) അതിയായുള്ളോരു തനയന്മാരും. (c) പ്രതിയുടെ മുതല്, ദുഷ്പ്രതി.

3. ദ്വിതീയാദിവിഭക്തികളോടു ചേരുന്ന ഗതിയെ **കർമ്മപ്രവചനീയം** എന്നു പറയും. ഈ പ്രയോഗം പ്രമാണമാക്കി വിഭക്തികളോടു ചേർന്നു ചില അർത്ഥവിശേഷങ്ങളെ കാണിക്കുന്ന ഭാഷാപദങ്ങളേയും **ഗതികൾ** എന്നു സംജ്ഞ ചെയ്തിരിക്കുന്നു.

'(ഞാൻ) നിത്യവും നിന്നെശ്ശരണമായി പ്രാപിക്കുന്നു.' ഇവിടെ 'ശരണമായി' എന്നതു 'പ്രാപിക്കുന്നു' എന്നതിനെ വിശേഷിക്കുന്നു. നിത്യവും ശരണമായ നിന്നെ ഞാൻ പ്രാപിക്കുന്നു എന്നർത്ഥമാകയാൽ ആദ്യവാക്യത്തിൽ ക്രിയാവിശേഷണമായ ശരണമായി എന്നതു വാസ്തവത്തിൽ കർമ്മവിശേഷണമാകുന്നു. ശരണം ഞാൻ അല്ലാത്തതു കൊണ്ടും ശരണമായി എന്നതു ക്രിയാവിശേഷണമാക കൊണ്ടും ആയി എന്നതിനെ ഗതിയായി എടുക്കും. സാധാരണ ക്രിയാന്യൂനമായിരുന്നുവെങ്കിൽ 'ഞാൻ' ശരണമാകും.

'സങ്കടം ഞാൻ മൂലമുണ്ടാകരുതേതും. ഇവിടെ ഞാൻ മൂലം എന്നതു ക്രിയാവിശേഷണമാകയാൽ ഞാൻ മൂലമായ എന്ന ബഹുവ്രീഹിയാക്കി സങ്കടത്തെ വിശേഷിപ്പിച്ചു കൂടാ. അതു കൊണ്ടു മൂലം എന്നതു ഗതിയാകുന്നു.

'അമ്മ കുട്ടിയെ വടി കൊണ്ടടിച്ചു' അടിക്ക എന്ന വ്യാപാരം ചെയ്യാനുള്ള കരണം വടിയാകയാൽ കൊണ്ടു എന്ന ഗതി കരണാർത്ഥം ദ്യോതിപ്പിക്കുന്നു.

താമസം വിനാ, ദിവസം പ്രതി മുതലായവയിൽ വിനാ, പ്രതി എന്നിവ കർമ്മപ്രവചനീയങ്ങൾ ആകുന്നു. (238. b.)

339. 1. മുതൽ, അളവു, (കാളം), കാരണം, മൂലം, നിമിത്തം, ഹേതു, സംഗതി, വഴി, ദ്വാരം, വിഷയം, ഒപ്പം ഇത്യാ

ദിനാമങ്ങളും, ആയ്, ഉം+ആയി, തുടങ്ങി, വരേ, ഒക്കെ, ഒന്നിച്ചു, ഒരുമിച്ചു മുതലായ അപൂൎണ്ണക്രിയകളും പ്രഥമയോടു ചേരുന്ന ഗതികൾ ആകുന്നു.

കാശി തുടങ്ങി രാമേശ്വരം വരേ ചെന്നു. യൌവനം മുതൽ വാൎദ്ധക്യം വരേ അദ്ധ്വാനിച്ചു. രണ്ടു കൊല്ലങ്ങളോളം ശ്രമിച്ചു നോക്കി. അവൻ മകനുമായി വന്നു. അവൾ മധുരമായിപ്പാടി. നാൾ തോറും പഠിച്ചു. നാടു തോറും ചെന്നു. ഞാൻ നിമിത്തം നിനക്കു കഷ്ടം വന്നു. ദേഹം നിമിത്തം ദുഃഖമറിക നീ. നീ നിമിത്തമായിട്ടു ഞാൻ ജപിച്ചു. ചക്രം തുടങ്ങിയുള്ളായുധങ്ങൾ.

2. ഓളം പ്രഥമയോടും ആദേശരൂപത്തോടും സപ്തമിയോടും ചേരും.

a. പ്രഥമ — ബ്രാഹ്മണരോളം മഹത്വം ഇല്ലാക്കുമേ. പശുരോമങ്ങളോളം വൎഷസഹസ്രങ്ങൾ. നൂറുറുപ്പികയോളം വേണ്ടി വരും.

b. ആദേശരൂപം. എന്നോളം ധന്യരില്ല; പണത്തോളം; രണ്ടു മാസത്തോളമായി.

c. സപ്തമി. വയനാട്ടിലോളം പോയി.

340. അനുസരിച്ചു, അപേക്ഷിച്ചു, ഉദ്ദേശിച്ചു, പുരസ്കരിച്ചു, പ്രമാണിച്ചു, പിടിച്ചു, കൊണ്ടു, കലൎന്നു, കുറിച്ചു, കാൾ, കാളിൽ, കാട്ടിൽ, കായിൽ, കായിലും, കണക്കേ, കാണേ, ചൊല്ലി, തൊട്ടു, പററി, ആൎന്നു, ഇയന്നു, ഉൾക്കൊണ്ടു, ഉററു, പൂണ്ടു, പോലേ, എന്നിയെ (എന്ന്യെ അന്ന്യേ), പ്രതി, വിനാ ഇത്യാദി ദ്വിതീയയോടു ചേൎന്നു വരുന്ന ഗതികൾ.

'ഈ പീടികയിൽ നിന്നു് ഉപ്പു തൊട്ടു കപ്പൂരം വരേയുള്ള സാമാനങ്ങൾ വാങ്ങി' എന്ന വാക്യത്തിൽ ഉപ്പിനെക്കൈക്കൊണ്ടു തൊട്ടു എന്നോ കപ്പൂരം വരുവോളമെന്നോ അൎത്ഥമില്ല. സാമാനങ്ങളിൽ ഒന്നാമതായ ഉപ്പും അന്ത്യമായ കപ്പൂരവും വാങ്ങിയെന്നു പറയുന്നതിനാൽ ആവശ്യപ്പെടുന്ന എല്ലാ സാമാനങ്ങളും വാങ്ങിയെന്നു താല്പൎയ്യം. പള്ളിയെപ്പിടിച്ചു ആണയിട്ടു. തരേണമെന്നു ഞങ്ങളെ കൊള്ളെ മുട്ടിച്ചു. എന്നെക്കണക്കെ നീയും ചെയ്യു.

1. അച്ഛന്റെ നിയോഗം **കൊണ്ടു** മാത്രമല്ല ഞാൻ ഇവയെ നനയ്ക്കുന്നതു. 2. ഈ ഇലഞ്ഞിമരം കാററു കൊണ്ടു് ഇളകുന്ന തളിരാകുന്ന വിരലു

കൾ കൊണ്ടു് എന്നെ ബദ്ധപ്പെട്ടു വിളിക്കുന്നതു് പോലെ തോന്നുന്നു. 3. ഒന്നിനെക്കാളൊന്നു ശ്രേഷ്ഠമായുള്ള ആശ്ചര്യകർമ്മങ്ങളാകുന്നു. 4. ജനങ്ങൾ എന്നെക്കുറിച്ചു് എന്തു പറയുന്നു? 5. ദുഷ്ടൻ ഞാൻ കനിവെന്നിയെ കപടമായ്ക്കാലനു നിൽക്കുന്നിതാ. 6. രാമനെപ്പററിഎന്തറിയും? 7. ചോദിച്ചാൻ പല പല ദുഃഖകാരണം **പ്രതി**. 8. ശ്രുതന്താനും ശോകം **പൂണ്ടു** ര ചെയ്യാൻ. • 9. നിന്നെക്കണക്കെ സദൃശരായാർ. 10. രാവണൻ വിശ്വാമിത്രനെ **ഉദ്ദേശിച്ചു** കോപത്തോടെ ചിരിച്ചു. 11. മുക്തിയെക്കാളും മുഖ്യയായുള്ള ഭക്തി. 12. മുമ്പിലത്തേ**ക്കായിൽ** ശക്തൻ. 13. ദാസഭാവത്തെ**ക്കാട്ടിൽ** നല്ലതു മൃതി. 14. താമസം വിനാ പറഞ്ഞയച്ചു.

അന്ന്യേ, എന്നി, എന്നിയേ, എന്ന്യേ എന്നിവ അന്യം എന്ന സംസ്കൃത പദത്തിൽ നിന്നുണ്ടായതെന്നു ഗുണ്ടർട്ടുകോശം പറയുന്നു. ഈ ശബ്ദനിഷ്പത്തി ഇപ്പോൾ എല്ലാവരും അംഗീകരിക്കുന്നുവെങ്കിലും അന്യപദത്തിന്നു 'അന്ന്യേ' മുതലായവയുടെ അർത്ഥം സംസ്കൃതത്തിൽ ഇല്ലായ്കയാൽ ഗുണ്ടർട്ടു പറയുന്ന 'ഇന്നി' (= ഇൻറി) എന്നതിൽ നിന്നു എന്നി, എന്നിയേ അന്ന്യേ എന്ന രൂപങ്ങൾ ഉണ്ടായി എന്നു വിശ്വസിക്കാം. വാട്ടമിന്നിയെ, (രാ. ച) = വാട്ടമില്ലാതെ.

341. തൃതീയയോടു ചേരുന്ന ഗതികൾ ഭാഷയിൽ ഇല്ല. സഹ, സാകം, സഹിതം, സമം, സാർദ്ധം, വിനാ എന്നിവ സംസ്കൃതതൃതീയയോടു ചേരും.

ആയി, ആയ്ക്കൊണ്ടു, ആറു, നേരിട്ടു, ആംവാറു, ആമ്മാറു, വേണ്ടി, നേരേ ഇത്യാദി ചതുർത്ഥിയോടു ചേരുന്ന ഗതികൾ ആകുന്നു.

1. വൃക്ഷങ്ങളെ നനയ്ക്കുന്നതിന്നായി ഇങ്ങോട്ടു തന്നെ വരുന്നു. 2. ആമോദിച്ചു വസിച്ചിരുന്ന ജനകൻ പോയി സ്വദേശത്തിന്നായി. 3. അവളെ നരപതി ഉടനു കൊടുത്തു തരസാ ശ്രീലോമപാദനൃപതിക്കായി. 4. അണിയറയ്ക്കു നേരേ നോക്കുന്നു. 5. ആ നാടകത്തെ മലയാളികളുടെ വിനോദത്തിന്നായ്ക്കൊണ്ടു മന്നാടിയാർ ഭാഷാന്തരപ്പെടുത്തി. 6. അക്കാലം വിശ്വാമിത്രനാകിയ മുനികലമുഖ്യനമയോദ്ധ്യയ്ക്കാമ്മാറെഴുന്നെള്ളീടിനാൻ. 7. വനത്തിന്നായ്ക്കൊണ്ടെഴുന്നെള്ളി. 8. രഘുപതിക്കു വേണ്ടി വനവാസം ചെയ്തു. 9. ഒരു വണ്ടു എന്റെ മുഖത്തിന്നു നേരിട്ടു വരുന്നു.

342. ഒക്ക, ഒത്തു, ഒപ്പം, ഒരുമിച്ചു, കൂട, കൂടേ, കൂടി, ചേർന്നു, കലർന്നു മുതലായ ഗതികൾ പഞ്ചമിയോടു ചേർന്നു വരും.

1. കൌശികൻ എന്ന ഗോത്രനാമത്തോടു കൂടി മഹാപ്രഭാവനായിട്ടൊരു രാജൎഷിയെക്കേട്ടിരിക്കുമല്ലോ. 2. കുശികാത്മജനോടും വസിഷ്ഠനോടും കൂടി വിശ്രമ്പിതപൂൎവ്വം പറഞ്ഞു ജനകനും. 3. അവരോടു കൂടപ്പോന്നു. 4. ആശ്ചൎയ്യത്തോടു കൂടിച്ചോദിച്ചു. 5. നിന്നോടൊന്നിച്ചു വസിക്കും. 6. ജനങ്ങളോടൊത്തു തിരിഞ്ഞു. 7. ഞങ്ങളോടൊപ്പം ഇരുന്നാലും. 8. പൌരന്മാരോടു കലൎന്നു ഘോരസേനയുമായിച്ചെന്നു.

രാജാവു് അവളൊരുമിച്ചു് ഊഞ്ഞാലാടി. രാജാവു വിദൂഷകൻ ഒന്നിച്ചു പുറപ്പെട്ടു ഇത്യാദികളിൽ പ്രഥമയോടു ഒരുമിച്ചു, ഒന്നിച്ചു പ്രയോഗിച്ചിരിക്കുന്നു.

കൂടിയ എന്ന ഗതി പഞ്ചമിയോടന്വയിക്കുമ്പോൾ അതു് ഉപലക്ഷണമാകും. ചിറകോടു കൂടിയതു പക്ഷി. ഉജ്ജ്വലപ്രഭയോടു കൂടിയ ഖഗോളമാകുന്നു സൂൎയ്യൻ.

343. പക്കൽ, പോക്കൽ, മേൽ, മീതെ, വശം, നേരേ, നടുവേ, നടുവിൽ ,മദ്ധ്യേ, മുകപ്പ്, മീതു, മീതെ, കീഴ് , താഴത്തു, കീഴേ, ചാരവേ, അധോഭാഗേ, ചാരത്തു, സമീപം, കൈക്കൽ, ഒരുമിച്ചു ഇത്യാദി ഷഷ്ഠിയോടു ചേരും.

1. വില്ലു സൂതന്റെ പക്കൽ കൊടുക്കുന്നു. 3. ബ്രഹ്മാവിൻ പോക്കൽ നിന്നു വരിച്ചു വരങ്ങളും. 3. ഞാൻ അതിന്മേൽ ചെന്നു നില്ക്കട്ടെ. 4. തൻ പോക്കലുള്ളപരാധം. 5. മൃത്യുവിൻപക്കൽ അകപ്പെട്ടമേവനും. 6. മഹാരഥത്തിന്മേലേ നടക്കും. 7. ആൎയ്യപുത്രന്റെ നേരെ കഠിനചിത്തയായ ഞാൻ 8. എൻവശം ഏല്പിച്ചു തൻവഴി ഗമിച്ചവൻ. 9. ശത്രുവിന്നൊരുമിച്ചു മിത്രവും മുടിഞ്ഞുപോയി.

344. ഊടെ (=കൂടെ), ഇരുന്നു, നിന്നു, വെച്ചു, ആമ്മാറു ഇത്യാദി സപ്തമിയോടു ചേരും.

1. രഘുകുലരാജാക്കന്മാരിൽ വെച്ചുത്തമനാണെന്നു് ആൎയ്യപുത്രനെ ശ്ലാഘിക്കുന്നതു. 2. ഉറങ്ങിയതു നീ ഇട്ടിക്കിൽ വെച്ചല്ലയോ? 3. അരണ്യത്തിൽ കൂടി പ്രവാഹിക്കുന്നു ഗോദാവരി. 4. തരുണികൾ മന്ദം തണുത്തു ജനലൂടെ വരുമൊരു വായുവിനെ ശ്രമഹരണനിമിത്തം സ്തുതിക്കുന്നു. 5. തൽപാദാംഭോജത്തിങ്കലാമ്മാറു സകലവും കല്പിച്ചു സമൎപ്പിച്ചു. 6. രാജ്യമങ്ങവങ്കലാമ്മാറുടൻ സമൎപ്പിച്ചു.

345. 1. കാല് എന്നതിന്റെ രൂപാന്തരമായ കൽ ഒരു ഗതിയായി വിചാരിക്കേണമെങ്കിലും കൽ എന്നതിന്നു സ്വതന്ത്രപ്രയോഗമില്ലായ്കയാൽ

പ്രത്യയങ്ങളിൽ ചേൎത്തു. അതു് അകാരാന്തനാമങ്ങളിൽ പ്രഥമയോടും മററു നാമങ്ങളിൽ ഇൻ എന്ന ആദേശരൂപത്തോടും ചേരുന്നതു കൊണ്ടു് അതു ഗതിയെന്നതു സ്പഷ്ടമായ്ത്തെളിയുന്നു.

അകാരാന്തം — രാമൻ + കൾ — രാമങ്കൾ.

അനകാരാന്തം — ഹരി + ഇൻ + കൾ — ഹരിയിങ്കൾ, ഗുരുവിങ്കൽ, യാഗത്തിങ്കൽ. കാൽ + കൾ — കാല്ക്കൽ.

2. അകം, അകലത്തു, ഇട, ഇടെ, ഉൾ എന്നിവ പ്രഥമയോടു സപ്തമ്യൎത്ഥത്തിൽ അനപായികളായ ഗതികൾ ആകുന്നു.

നാകമകം ചെന്നു — (നാകത്തിൽ); എണ്ഡിശകത്തു. ഒരാണ്ടകം ഭൎത്താവെ പിരിഞ്ഞു. നെഞ്ചിടെ തറെക്കും. ഒരു നൊടിയിടെ. ശിലയും കയ്യുള്ളേന്തി.

3. ഈ ഗതികൾ ആദേശരൂപം ചതുൎത്ഥി ഷഷ്ഠി സപ്തമിയെന്നിവയോടും അനപായികൾ.

a. ആദേശരൂപം — മന്നിടംതന്നകത്തു. വാനത്തകലത്തു, കരത്തിടെ മരം.

b. ചതുൎത്ഥി — കണ്ണുകൾക്കകം പുക്കു. വലെക്കകത്തു പുക്കു, പള്ളിശാലക്കകത്തില്ല, മുഹൂൎത്തത്തിന്നിടക്കു തരുന്നുണ്ടു.

c. ഷഷ്ഠി — ഞാൻ വീഴുന്നതിന്റെ അകത്തു കൊത്തി. ഉടലിന്റകത്തേ.

d. സപ്തമി. ആഴികൾ നാലിലകത്തുള്ള ലോകർ. രണ്ടു ദിനത്തിലകത്തു. വീട്ടിൽ ഉൾപുക്കാശിലയും കയ്യുള്ളിലേന്തി.

4. നടു, നടുവേ, മദ്ധ്യേ, മേൽ, മേലേ, മീതു, മീതേ, മേൽഭാഗേ, മിചു്, താഴേ, താഴത്തു, അധോഭാഗേ, ചാരവേ, അരികേ, അടുക്കൽ, സമീപേ, അണയത്തു, ചുററും, നേരേ എന്നിവ സപ്തമ്യൎത്ഥത്തിൽ ഷഷ്ഠിയോടും പിന്നെ, പിമ്പെ, മുമ്പെ, മുന്നിൽ, പിന്നിൽ, പിന്നാലെ, വഴിയെ, ശേഷം എന്നിവ ദിക്കാലഭേദങ്ങളെക്കാണിപ്പാൻ ഷഷ്ഠീചതുൎത്ഥികളോടും അനപായികൾ.

ഉദാഹരിക്കുക.

346. 1. ഒരു സമൂഹത്തിന്റെ ആദ്യന്തങ്ങളെപ്പറഞ്ഞു് ഇടയിലുള്ളവയെ ഗ്രഹിക്കുന്നതു പ്രത്യാഹാരം. പ്രത്യാഹാരം കൊണ്ടു സമുദായം കാണിക്കുന്ന ഗതികൾ മുതലായതു:—

i. അ മുതൽ ക്ഷ വരെ. ഗോകൎണ്ണം തുടങ്ങി കന്യാകുമാരി വരെ. അടിയോടു മുടിയോളം.

ii. ആബാലവൃദ്ധം, ആചാണ്ഡാലം, ബ്രഹ്മാദിസ്തംബപൎയ്യന്തം, ആസേതുഹിമാചലം ഇത്യാദിസമാസങ്ങൾ പ്രത്യാഹാരങ്ങളായി ക്രിയയെ വിശേഷിക്കും (238. b).

2. കാൎയ്യകാരണഭാവം, സഹയോഗം (സാഹിത്യം), വിഷയം, സാദൃശ്യം, താരതമ്യം, പ്രയോജനം മുതലായ അൎത്ഥങ്ങളെക്കാണിക്കുന്ന ഗതികളും വിഭക്തികളും സമാസങ്ങളും.

കാൎയ്യകാരണഭാവം:— (a) വിഭക്തികൾ—തൃതീയ, ചതുൎത്ഥി, സംസ്കൃതപഞ്ചമി—കാൎയ്യവശാൽ. (b) ഗതികൾ, കാരണം, ദ്വാരം, നിമിത്തം, മൂലം, മുഖാന്തരം, വഴി, സംഗതി, ഹേതു, കൊണ്ടു, ചൊല്ലി. (c) അവ്യയീഭാവം—ഭക്തിപൂൎവ്വം, ബുദ്ധിപുരസ്സരം.

സഹയോഗം—സാഹിത്യം (a) വിഭക്തി—പഞ്ചമി. (b) ഗതികൾ—ഉമായി, ഒന്നിച്ചു, കൂടി, കൂടെ, കൂട, ഒക്ക, ഒത്തു, ഒപ്പം, കലൎന്നു, ചേൎന്നു. (c) സപൂൎവ്വമായ ബഹുവ്രീഹി, സഹിതാന്തമായ തൃതീയാതൽപുരുഷൻ, സ (സഹ) പൂൎവ്വമായ അവ്യയീഭാവം. (d) സഹ, സാൎദ്ധം, സഹിതം, സമം, സാകം, അന്വിതം, യുതം, ഉപേതം, മുതലായ പദങ്ങൾ.

വിഷയം (—സംബന്ധം):—(a) വിഭക്തി—സപ്തമി. (b) ഗതികൾ—ഉദ്ദേശിച്ചു, അധികരിച്ചു, അപേക്ഷിച്ചു, കുറിച്ചു, കൊണ്ടു, ചൊല്ലി, തൊട്ടു, നോക്കി (ഓൎത്തു), പററി, പുരസ്കരിച്ചു, പ്രമാണിച്ചു, പ്രതി, വിചാരിച്ചു, വിഷയം. (c) അൎത്ഥശബ്ദത്തിൽ അവസാനിക്കുന്ന ചതുൎത്ഥീതൽപുരുഷൻ.

സാദൃശ്യം:—(a) ഗതികൾ, പോലെ, കണക്കെ (229). (b) സമാസം—കൎമ്മധാരയൻ—ഉപമിതസമാസം—ബഹുവ്രീഹി.

താരതമ്യം. കാൾ, കാളിൽ, കാട്ടിൽ, കായിൽ, കായിലും, കാണേ. ഇവ വിഭജ്യവാചികളോടു ചേരും.

പ്രയോജനം. (a) വിഭക്തി—ചതുൎത്ഥി. (b) ഗതികൾ—ആയി, ആയ്ക്കൊണ്ടു, വേണ്ടി. (c) **സമാസം**—അൎത്ഥശബ്ദാന്തചതുൎത്ഥീതൽപുരുഷൻ.

III. ക്രിയാധികാരം.

ആഖ്യാതാൎത്ഥപ്രകരണം.

(a) പൂൎണ്ണക്രിയാൎത്ഥം.

347. സൂൎയ്യചന്ദ്രാദികളുടെ ഗതിയെ പ്രമാണമാക്കി ലോകർ കാലത്തെ ഭാഗിക്കുന്നു.* ക്രിയയുടെ ആരംഭവും തുടൎച്ചയും വൎത്തമാനവും അന്തം ഭാവിയിലും ആകുന്നതു കൊണ്ടു ക്രിയാഖ്യാതം കാലത്തെയും കൂടി മലയാളം, സംസ്കൃതം, ഇംഗ്ലീഷു മുതലായ ചില ഭാഷകളിൽ കാണിക്കുമെങ്കിലും ചീനഭാഷ തുടങ്ങിയുള്ള പല ഭാഷകളിലും ക്രിയക്കു കാലാൎത്ഥമില്ല.

മുഖ്യമായിക്കാലത്തെ കാണിക്കുന്ന അനിൎദ്ദിഷ്ടവൎത്തമാനം താഴേ പറയുന്ന അൎത്ഥങ്ങൾ കാണിക്കും (256).

1. സംസാരിക്കുന്ന കാലത്തു നടക്കുന്ന വ്യാപാരം — കൃഷ്ണനാം പുരാണകൎത്താവിനെ വണങ്ങുന്നേൻ. വാരണാവതമിപ്പോളഴിഞ്ഞു കിടക്കുന്നു.

2. അടുത്ത ഭാവിയിൽ സംഭവിപ്പാൻ പോകുന്ന വ്യാപാരം (ഭവിഷ്യത്സാമീപ്യം) — ഞങ്ങൾ നരകത്തിൽ വീഴാൻ തുടങ്ങുന്നു. കല്ക്കിയായ്വന്നുടൻ ദുഷ്ടരെ നിഗ്രഹിക്കുന്നു.

3. എല്ലാകാലത്തും യഥാൎത്ഥമായ സംഗതി (സാൎവ്വകാലികം) — സൂൎയ്യൻ രാവിലേ ഉദിക്കുന്നു. നാലും നാലും എട്ടാകുന്നു. അശ്രാന്തം പ്രിയം പറയുന്നതും ഭാൎയ്യയത്രെ.

4. ശീലം — നാരദൻ വീണാപാണിയായി സഞ്ചരിക്കുന്നു. നല്ല കുട്ടികൾ രാവിലേ എഴുന്നീറ്റു ഈശ്വരനെ സ്മരിക്കുന്നു. ഭക്തർ ഈശ്വരനെ ഭജിക്കുന്നു.

5. ഭൂതകാലത്തു നടന്ന വ്യാപാരം ഇപ്പോൾ പ്രത്യക്ഷം സംഭവിക്കുന്ന വിധത്തിൽ വൎണ്ണിക്കുന്നതു കവിസമ്പ്രദായമാകുന്നു. ഇതിനെ വൎണ്ണനയിൽ ഭൂതമെന്നു പറയും. ഭോക്തൃകാമന്മാർ പൂജിച്ചു നൃപേന്ദ്രനെ വാഴ്ത്തി സ്തുതിച്ചു പാടീട്ടും നിനാദവും, ഘോരഘോരം കേട്ടു വാരാന്നിധികളും പാരമിളകി മറിഞ്ഞു കലങ്ങുന്നു, ധാരാധരങ്ങളുമെന്തെന്നറിയാഞ്ഞു ധീരതരമിടി വെട്ടി മുഴങ്ങുന്നു.

6. ഈ അൎത്ഥങ്ങളിൽ വൎത്തമാനക്രിയാപുരുഷനാമത്തെയും വൎത്തമാനശബ്ദന്യൂനത്തെയും പ്രയോഗിക്കും. മണിമഞ്ചത്തിന്മേൽ ഉറങ്ങുന്ന രാമൻ വെറും നിലത്തിന്നു കിടക്കുന്നു.

7. ഒരേ കാലത്തു സംഭവിക്കുന്ന വ്യാപാരങ്ങളിൽ ആദ്യത്തേതു വൎത്തമാനശബ്ദന്യൂനത്തിൽ വരും. ഇതിന്നു യൌഗപദ്യം എന്നു പേർ. കാളിന്ദീ കട

ക്കുന്ന പാന്ഥന്മാരെല്ലാവൎക്കും കാളിയിലഴിഞ്ഞിതു മാനസമതുകാലം. കടക്കുന്നതും മനസ്സ് അഴിയുന്നതും ഏകകാലത്തായിരുന്നു എന്നു് അൎത്ഥം.

8. സാൎവ്വകാലികത്വം, ശീലം, യൌഗപദ്യം എന്നീ അൎത്ഥത്തിൽ ഭാവിയും വരും.

348. ദാൎഢ്യവാചിരൂപങ്ങളിൽ വ്യാപാരം മുഴുവനും അവസാനിച്ചു എന്നു തോന്നിപ്പിക്കുന്നവ സംപൂൎണ്ണരൂപങ്ങളും അതു പൂൎണ്ണമാകാതെ ഇനിയും തുടൎന്നിരിക്കുന്നു എന്നു സൂചിപ്പിക്കുന്നവ അസംപൂൎണ്ണരൂപങ്ങളും ആകുന്നു. (256).

	വൎത്തമാനം.	ഭൂതം.	ഭാവി.
സംപൂൎണ്ണം —	വന്നിട്ടുണ്ടു.	വന്നിട്ടുണ്ടായിരുന്നു.	വന്നിട്ടുണ്ടായിരിക്കും.
അസംപൂൎണ്ണം —	വരുന്നുണ്ടു.	വരുന്നുണ്ടായിരുന്നു.	വരുന്നുണ്ടായിരിക്കും.

ഇവയിൽ നിന്നുണ്ടായ അപൂൎണ്ണക്രിയകൾക്കും ഈ അൎത്ഥമുണ്ടാകും. വന്നിട്ടുള്ള, വന്നിട്ടുണ്ടായിരുന്ന, വന്നിട്ടുണ്ടായിരുന്നാൽ.

349. അനിൎദ്ദിഷ്ടഭൂതത്തിന്റെ പ്രയോഗങ്ങൾ:—

1. കഴിഞ്ഞ കാലത്തു നടന്ന വ്യാപാരം (അതീതവ്യാപാരം). ശ്രീരാമൻ അയോദ്ധ്യയിൽ വാണു. കൃഷ്ണൻ മധുരയിൽ ജനിച്ചു.

2. ഇപ്പോഴത്തെ കാലത്തോളം എത്തുന്ന വ്യാപാരം (വൎത്തമാനസാമീപ്യം). നീ പാഠം പഠിച്ചുവോ?

3. ഭാവികാലത്തു സംപൂൎണ്ണമാവാൻ പോകുന്ന വ്യാപാരം ഇപ്പോൾ സംപൂൎണ്ണമായ വിധത്തിൽ പറയും. (ഭവിഷ്യത്സാമീപ്യം). 'ധരണിയെ രാമാ നിണക്കു തന്നേൻ ഞാൻ'. 'കിഴക്കു കാറുണ്ടു; മഴ പെയ്തു.' 'ഗോവിന്ദാ വേഗം വാ.' 'ഇതാ എത്തി.'

350. സംഭാവനയുടേയും അനുവാദകത്തിന്റേയും പിന്നിൽ വരുന്ന ഭൂതകാലം നിശ്ചിതാൎത്ഥം കാണിക്കും.

സംഭവാന.— (a) മുച്ചെവി കേട്ടാൽ മൂലനാശം വന്നു (നിശ്ചയമായും വരും). (b) അതെയ്തു കീറുകിൽ വിശ്വാസം വന്നു മേ (എനിക്കു നിശ്ചയമായും വിശ്വാസം ഉണ്ടാകും). (c) പിതാവരുൾ ചെയ്യാൽ അനുഷ്ഠിതമിതു.

അനുവാദകം.— കളഞ്ഞാലും വന്നിതു കാൎയ്യഹാനി, വന്നാലും കാൎയ്യം ഉപായി.

സംഭാവനയിൽ അവസാനിക്കുന്ന ഉപവാക്യം സാധാരണമായി ഭാവികാലത്തെ ആശ്രയിക്കും. ഇപ്പോൾ ത്രികാലങ്ങളോടു് എങ്കിൽ, എങ്കിലും ചേൎന്നു

വരും (179). നീ പാഠം പഠിച്ചാൽ പരീക്ഷയിൽ ജയിക്കും. പഠിച്ചിരുന്നുവെങ്കിൽ ജയിക്കുമായിരുന്നു.

351. 1. സംഭാവനയോടും അനുവാദകത്തോടും അന്വയിക്കുന്ന ഭാവി പൌൎവ്വാപൎയ്യം, കാൎയ്യകാരണഭാവം മുതലായ അൎത്ഥങ്ങളിൽ പ്രയോഗിച്ചു കാണും.

1. നിന്നെപ്പിരിഞ്ഞാൽ ക്ഷണാൎദ്ധം പൊറുക്കുമോ? 2. മാതാവു മോദാൽ അനുവദിച്ചീടുകിലേതുമേ ദുഃഖമെനിക്കില്ല. 3. പ്രത്യുപകാരം മറക്കുന്ന പൂരുഷൻ ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും.

2. ഭൂതത്തിന്റെ പിന്നിൽ 'എങ്കിൽ' എന്ന ഘടകാവ്യയം വന്നാൽ അതിന്നു ക്ലുപ്താൎത്ഥവും ആശംസാൎത്ഥവും ഉണ്ടാകും.

ഭരതൻ താൻ എന്നോടപേക്ഷിച്ചാനെങ്കിൽ കൊടുപ്പൻ (നിശ്ചയമായും കൊടുക്കും) ജീവനും.

'ശകുന്തളേ, താതകണ്വൻ ഇവിടേ ഉണ്ടായിരുന്നുവെങ്കിൽ' ഇവിടേ വാക്യം പൂരിപ്പാൻ കൊള്ളാമായിരുന്നു എന്നതിനെ അദ്ധ്യാഹരിക്കേണം. കിട്ടാത്ത വസ്തു കിട്ടേണമെന്ന ഇച്ഛയാകുന്നു ആശംസ.

352. ഒന്നാം ഭാവിയെ താഴേ പറയുന്ന അൎത്ഥത്തിൽ ഉപയോഗിക്കും.

1. ഭവിഷ്യദ്വ്യാപാരം.—(വരും കാലത്തു സംഭവിക്കുന്ന വ്യാപാരം കാണിക്കും.) (a) കല്ക്കി അവതരിക്കും. (b) നീ ജയിക്കും. (c) നാളെ മഴ പെയ്യും. (d) വിശന്നവൻ ഉണ്ണും.

2. സാൎവ്വകാലികം.—(എല്ലാകാലത്തും യഥാൎത്ഥമായ സംഗതി). (a) സൎവ്വഭീതി തീൎത്തു രക്ഷിക്കും ദുൎഗ്ഗാദേവി. (b) സൂൎയ്യൻ ദിവസം തോറും ഉദിക്കും. (c) ചൂടു തട്ടിയാൽ വെണ്ണ ഉരുകും. (d) ഐശ്വൎയ്യം നല്കും അഗ്നി.

3. ശീലം.—രാമൻ രാവിലേ എഴുനീററു ജപിക്കും. കളിക്കും പിള്ളരും കളിക്കുന്നില്ലിപ്പോൾ. രാധ നല്ലവണ്ണം പാടും. കൃഷ്ണൻ വിശേഷമായി എഴുതും.

353. 1. രണ്ടാം ഭാവിയും മേല്പറഞ്ഞ അൎത്ഥത്തിൽ വരും.

1. ഭവിഷ്യദ്വ്യാപാരം.—എങ്ങിനേ കൊടുപ്പൂ ഞാൻ? ഹന്ത ഞാൻ എന്തു ചെയ്വൂ? വാസ്തവം ഞാൻ ഉണൎത്തിപ്പൻ.

2. സാൎവ്വകാലികം.—നാലു ദിക്കിലും നാലു ദിഗ്ഗജങ്ങൾ നില്പൂ. ദിവ്യനാം വിരാൾപുമാനുണ്ടായീതെന്നു കേൾപ്പൂ.

3. ശീലം.— അവരെപ്പോലെ ഞാനുണ്ടോ കാട്ടു? നായിന്റെ വാൽ വളഞ്ഞേ നില്ക്കു ദുഢം.

2. മാത്രമെന്ന അൎത്ഥത്തിൽ ഏന്നിപാതം സംഭാവന യോടും ഭൂതക്രിയാന്യൂനത്തോടും ചേൎന്നാൽ പൂൎണ്ണക്രിയ രണ്ടാം ഭാവിയായിരിക്കും.

ദക്ഷിണ ചെയ്യെങ്കിലേ വിദ്യകൾ പ്രകാശിപ്പൂ. കൊന്നു തിന്നേ ശമം വരൂ. ഭക്തന്മാർ തരികിലേ ഭുക്തിക്കു രസമുള്ളൂ.

3. നിയോജകപ്രകാരത്തിൻ്റേയും പ്രാൎത്ഥനയുടേയും അൎത്ഥത്തിൽ രണ്ടാം ഭാവി വരും.

എൻപിഴ നീ പൊറുപ്പൂ. ബ്രാഹ്മണൻ പ്രദക്ഷിണം ചെയ്യുകൊൾവൂ.

(b) അ പൂ ൎണ്ണ ക്രി യാ ൎത്ഥം.

354. ക്രിയാന്യൂനം, ഭാവരൂപം, സംഭാവന, അനുവാദകം എന്നിവ ക്രിയാവിശേഷണങ്ങളും ശബ്ദന്യൂനം നാമവിശേഷണവും ആകുന്നു. ക്രിയാനാമവും ക്രിയാപുരുഷനാമവും ക്രിയാൎത്ഥത്തേയും കാരകാൎത്ഥത്തേയും വ്യക്തമാക്കും.

1. (1) പൂൎവകാലികവ്യാപാരം, (2) പ്രകാരം, (3) കാരണം, (4) ആനന്തൎയ്യം, (5) സമാനകൎത്തൃകക്രിയകളുടെ സമുച്ചയം, (6) സംഭാവന മുതലായ അൎത്ഥങ്ങളിൽ ഭൂതക്രിയാന്യൂനം പ്രയോഗിച്ചുവരും.

(1) പൂൎവകാലികക്രിയ — കളിച്ചു ജപിച്ചു; അവൻ ജപിച്ചുണ്ണും.

(2) പ്രകാരം — അവൻ ചിരിച്ചു പറഞ്ഞു; അവൾ പൊട്ടിക്കരഞ്ഞു.

(3) കാരണം — വീണു കൈ മുറിഞ്ഞു; ദാഹിച്ചു നാവു വറണ്ടു.

(4) ആനന്തൎയ്യം — വേളി കഴിഞ്ഞു നാട്ടിൽ പോയി.

(5) ക്രിയാസമുച്ചയം — ശ്രീരാമൻ മഹോദധിതീരത്തു ചെന്നു, സേതു കെട്ടി, സമുദ്രം കടന്നു, ലങ്കയിൽ എത്തി, ലങ്കാദുൎഗ്ഗം വളഞ്ഞു, രാക്ഷസന്മാരോടു യുദ്ധം ചെയ്തു, രാവണനെ ജയിച്ചു, രാജ്യം വിഭീഷണനു കൊടുത്തു.

ജ്ഞാപകം — ക്രിയാന്യൂനത്തിന്റെ മുഖ്യാൎത്ഥം പൌൎവാപൎയ്യം ആകുന്നു. അതിൽ നിന്നു മററൎത്ഥങ്ങൾ ഉണ്ടായി. കാലവ്യവധാനം ഇല്ലാതെ നടക്കുന്ന ക്രിയകൾ ആനന്തൎയ്യം കാണിക്കും.

(6) സംഭാവന — ഇതു തിന്നു സുഖം കാണാം. കൊന്നു തിന്നേ ശമം വരൂ. ഔഷധം കടിക്കാതെ വൈഷമ്യം ഉണ്ടാകും.

ജ്ഞാപകം.—പൂൎണ്ണക്രിയ ഭാവിയിലായാൽ ക്രിയാന്യൂനത്തിന്നു സംഭാവനാൎത്ഥം ഉണ്ടാകും.

2. ഒരു കൎത്താവിന്റെ ക്രിയകളെ സംഭവകാലക്രമത്തിൽ ഭൂതക്രിയാന്യൂനങ്ങൾ ആക്കി ഒടുവിലേ ക്രിയയെ വിവക്ഷിച്ച കാലത്തിൽ പ്രയോഗിക്കും.

ജ്ഞാപകം.—ഭൂതവൎത്തമാനക്രിയാന്യൂനങ്ങൾ ഭാഷ്യവാചികളിൽ പ്രാൿപങ്ങൾ ആകും. (256.)

355. ഭവിഷ്യൽകാലം, താദൎത്ഥ്യം, പരിണാമം എന്നീ അൎത്ഥങ്ങളെ ഭാവിക്രിയാന്യൂനം കാണിക്കും.

(1) ഭവിഷ്യൽകാലം—പുലരുവാൻ രണ്ടു നാഴികയുണ്ടു.

(2) താദൎത്ഥ്യം—ധൎമ്മത്തെ സ്ഥാപിപ്പാൻ ഈശ്വരൻ അവതരിക്കുന്നു.

(3) ആയി, ആയിട്ടു എന്നിവ ഭാവിക്രിയാന്യൂനത്തോടു ചേൎന്നു താദൎത്ഥ്യം വ്യക്തമാക്കും. ഭാവിക്രിയാപുരുഷനാമത്തിന്റെ ചതുൎത്ഥിയും ഈ അൎത്ഥത്തിൽ പൂൎവ്വമലയാളത്തിൽ അധികമായും പ്രയോഗിച്ചിരുന്നു.

പഠിപ്പാനായിട്ടു വിദ്യാലയത്തിൽ പോയി. ഭുജിപ്പാനായി നല്കി. ഖണ്ഡിപ്പതിന്നു വാളോങ്ങി. നിങ്ങൾക്കു ഞങ്ങളെക്കാണ്മതിന്നു ലഭിക്കയില്ല. ഭൂഭാരം തീൎപ്പതിന്നായവതരിച്ചിതു കൃഷ്ണൻ.

(4) പരിണാമം—'രാക്ഷസകുലം മുടിച്ചീടുവാൻ രാവണൻ സീതയെ കൊണ്ടു പോയി.' സീതാപഹരണത്തിന്റെ ഫലം രാക്ഷസകുലനാശം ആയി.

356. പ്രകാരം, കാലം, അനാദരം, ഫലസിദ്ധി, സംഭാവന മുതലായ അൎത്ഥങ്ങളെ ഭാവരൂപം കാണിക്കും (183).

പ്രകാരം.—(a) മുറുകെ നടക്കയും ചെയ്തു (വേഗത്തിൽ). (b) നൃപന്മാരെല്ലാം കേൾക്കച്ചൊന്നാൻ (കേൾക്കും വിധത്തിൽ). (c) ചെവി രണ്ടും കുളുൎക്കപ്പറക. (d) വില്ലും കുഴിയേക്കുലച്ചു.

കാലം.—(a) ശൂദ്രജാതിയും കേൾക്ക സ്വാധ്യായവുമില്ല (ശൂദ്രർ കേൾക്കുംപോൾ വേദമോതിക്കൂടാ). (b) ഭീമൻ പറഞ്ഞു നില്ക്കവേ പിണങ്ങി നില്പവർകുലം ഒടുക്കുവോൻ.

അനാദരം.—(a) അഗ്രജന്മാരായി ഞങ്ങളിരുവരിരിക്കവേ ഫൽഗുനൻ വിവാഹം ചെയ്യുന്നതുമരുതല്ലോ. (ജ്യേഷ്ഠന്മാരായ ഞങ്ങൾ രണ്ടു പേരേയും അനാദരിച്ച് അൎജ്ജുനൻ വിവാഹം ചെയ്യരുതു). (b) നിന്നുടെ താതൻ ധൃതരാഷ്ട്രർ താനിരിക്കവേ മന്നവനായി വാണു പാണ്ഡുവെന്നറിക നീ.

ഫലസിദ്ധി.— തുണക്ക വന്ദിക്കുന്നേൻ (തുണ സിദ്ധിപ്പാനായിക്കൊണ്ടു). വരം തരികെപ്പോഴും വന്ദിക്കുന്നേൻ.

സംഭാവന.— നശിക്കെ ഫലം വരു (നശിച്ചാൽ മാത്രമേ).

3. എന്നു, ആനു, അന, എന്നിവയിൽ അവസാനിക്കുന്നവയും ധാതുക്കളിരട്ടിച്ചുണ്ടാകുന്നവയും ആയ ഭാവരൂപങ്ങൾ ക്രിയാവിശേഷണങ്ങളാകും (183).

357. ശബ്ദന്യൂനം വിശേഷിക്കുന്ന നാമം ഏതു കാരകവും ആയിരിക്കും എങ്കിലും അതിന്നു് ആ കാരകവിഭക്തിരൂപം ഉണ്ടായിരിക്കേണമെന്നില്ല.

കർത്താവു — എഴുതുന്ന കുട്ടി the boy who writes. കർമ്മം — ഞാൻ പഠിച്ച പാഠം the lesson that I studied. കരണം — ഫലം മുറിച്ച കത്തി the knife with which he cut the fruit. സംപ്രദാനം — ദാനം കൊടുത്ത ബ്രാഹ്മണൻ. The Brahman to whom a gift was given. ഇതു കർത്തൃകാരകവും ആയിരിക്കാം. The Brahman who gave a gift. അപാദാനം — രാമൻ വീണ മരം. The tree from which Rama fell down. അധികരണം — നീ കുളിച്ച കുളം. The tank in which you bathed.

വിവക്ഷിച്ച കാരകത്തിന്റെ അർത്ഥം മുഴുവാക്യത്തിൽ നിന്നു വ്യക്തമാകുന്നില്ലെങ്കിൽ ഉഭയാർത്ഥം, സംശയാർത്ഥം മുതലായ ദോഷങ്ങൾ ഉണ്ടാകും. ഇവയെപ്പരിഹരിപ്പാൻ പ്രശ്നാർത്ഥകസർവ്വനാമം കൊണ്ടു തുടങ്ങുന്ന ഭേദകവാക്യം ഉപയോഗിക്കും. ഭേദകവാക്യം സംസ്കൃതത്തെ അനുകരിച്ചു പ്രയോഗിക്കുന്നതു കൊണ്ടു സംസ്കൃതം അറിയാത്തവർ അധികമായും ശബ്ദന്യൂനം തന്നെ ഉപയോഗപ്പെടുത്തും.

അനേകശബ്ദന്യൂനങ്ങൾ ഒരേ നാമത്തെ വിശേഷിക്കുമ്പോൾ ഒടുവിലേത്തു് ഒന്നു് ഒഴികെ ശേഷമുള്ളവയെ ക്രിയാന്യൂനങ്ങളാക്കി അന്ത്യശബ്ദന്യൂനത്തിന്റെ വിശേഷണങ്ങളാക്കും (366. c).

358. സംഭാവനാനുവാദകങ്ങളുടെ അർത്ഥം പദകാണ്ഡത്തിലും ചില വിശേഷങ്ങളെ 350, 351യിലും വിവരിച്ചു കഴിഞ്ഞു. ക്രിയാപുരുഷനാമം വിശേഷണവും പൂർണ്ണാഖ്യാതവുമായ്വരും. ക്രിയാപുരുഷനാമത്തിന്റെ നപുംസകൈകവചനം വെറും വ്യാപാരത്തേയും കരണത്തേയും കാണിക്കും.

അഭ്യാസം 341—358.

1. വന്ദിച്ചിതു ഭരദ്വാജമുനീന്ദ്രനെ നന്ദിച്ചനുഗ്രഹം ചെയ്തു മുനീന്ദ്രനും.
രാമനും ചൊല്ലീതപ്പോളയോദ്ധ്യയിലാമയമേതുമൊന്നില്ലല്ലീ മുനേ?
മാതൃജനത്തിന്നു സൌഖ്യമല്ലീ മമ സോദരന്മാൎക്കുമാചാൎയ്യജനത്തിന്നും?
താപസശ്രേഷ്ഠൻ അരുൾചെയ്തിതന്നേരം താപമൊരുവൎക്കുമില്ലയോദ്ധ്യാപുരേ.

നിത്യം ഭരതശത്രുഘ്നകുമാരന്മാർ ശുദ്ധമാകും ഫലമൂലമാഹാരിച്ചു,
ഭക്ത്യാ ജടാവല്ക്കലാദികളും പൂണ്ടു സത്യസ്വരൂപനാം നിന്നേയും പാൎത്തു
പാൎത്താഹന്ത സിംഹാസനേ പാദുകം വെച്ചു മോഹം ത്യജിച്ചു പുഷ്പാഞ്ജലിയും ചെയ്തു
കൎമ്മങ്ങളെല്ലാമതിങ്കൽ സമൎപ്പിച്ചു സമ്മതന്മാരായിരിക്കുന്നിതെപ്പോഴും.

1. ഇതിനെ ഗദ്യരൂപമാക്കി മാററി നല്ല വാക്യങ്ങളായി എഴുതുക. 2. നിത്യം ഭരതശത്രുഘ്നകുമാരന്മാർ എന്നു തുടങ്ങുന്ന വാക്യത്തിലെ ക്രിയാരൂപങ്ങളെ മാററിയെഴുതുക. 3. മേല്പടി പദ്യത്തിലെ ക്രിയകളുടെ അൎത്ഥം പറക.

2. വന്ദിച്ചിതു, ചൊല്ലീതു, അരുൾ ചെയ്തിതും ഇരിക്കുന്നിതു ഈ രൂപങ്ങളെ മേൽ പദ്യത്തിൽ എങ്ങനെ പ്രയോഗിച്ചിരിക്കുന്നു എന്നു വിവരിച്ചു മററു വിശേഷങ്ങളേയും പറക.

IV. വാക്യാങ്ഗാധികാരം.

1. സാമാനാധികരണ്യം—പൊരുത്തം.

359. കാരകങ്ങളുടേയും ക്രിയാരൂപങ്ങളുടേയും അൎത്ഥഭേദം വിവരിച്ചു കഴിഞ്ഞു. നാമാഖ്യാതങ്ങളേയും വിശേഷണങ്ങളേയും സംബന്ധിച്ച വിഷയങ്ങളെ വാക്യാങ്ഗാധികാരത്തിൽ പറയും. ഇവയിൽ മുഖ്യമായതു സാമാനാധികരണ്യം. അതിനെ മുമ്പു പല ഘട്ടങ്ങളിലും വിവരിച്ചിട്ടുണ്ടു.

1. (a) ആഖ്യാഖ്യാതങ്ങൾക്കും, (b) വിശേഷണവിശേഷ്യങ്ങൾക്കും (c) സൎവ്വനാമങ്ങൾക്കും അവ പരാമൎശിക്കുന്ന നാമങ്ങൾക്കും, സാമാനാധികരണ്യം ഉണ്ടാകും.

2. ആഖ്യെക്കും ആഖ്യാതത്തിന്നും ലിംഗം, വചനം, പുരുഷൻ എന്നിവയിൽ പൊരുത്തം ഉണ്ടാകും.

രാമൻ വന്നാൻ. സീത പോയാൾ. നാം കൊടുത്തോം. അവർ ചൊന്നാർ.

ഇപ്പോൾ ക്രിയയുടെ പുരുഷാദിപ്രത്യയങ്ങൾ ലോപിച്ച് എല്ലാടത്തും ഒരേ വിധം രൂപങ്ങളെ പ്രയോഗിക്കുന്നതു കൊണ്ട് ഈ സൂത്രത്തിന്നു പ്രവൃത്തിയില്ല.

3. നാമത്തിന്നു ലിംഗം നിയതമാകയാൽ നാമാഖ്യാതത്തിന്നും ആഖ്യക്കും ലിംഗത്തിൽ പൊരുത്തം വരികയില്ല.

രാമൻ അതിന്നു പാത്രമല്ല. നീ ഇതിന്നു കാരണമാകുന്നു. ഉൎവ്വശി സ്വൎഗ്ഗത്തിന്റെ അലംകാരവും ഇന്ദ്രന്റെ സുകുമാരമായ ആയുധവും ആകുന്നു.

4. പാത്രം, ഭാജനം, ആസ്പദം, സ്ഥാനം, പദം, പ്രമാണം, നിബന്ധനം, ആധാരം, ആശ്രയം, ശരണം, തുണ, സഹായം, രക്ഷ, ഗതി, വിഷയം ഇത്യാദി നാമങ്ങൾ നാമാഖ്യാതങ്ങളായ്വരും. ഈ നാമാഖ്യാതങ്ങൾ ബഹുവചനാന്താഖ്യകളോടുമന്വയിച്ചു കാണും. ഉദാഹരിക്കുക.

5. ലിംഗവ്യത്യയത്താലുണ്ടാകുന്ന അസ്വാരസ്യം പരിഹരിപ്പാൻ പാത്രാദിക്ലീബനാമങ്ങളോടു ഭൂതശബ്ദം ചേൎക്കും.

ഈശ്വരൻ ജഗൽകാരണമാകുന്നു = ഈശ്വരൻ ജഗൽകാരണഭൂതനാകുന്നു. കാരണഭൂതൻ എന്നതിന്നു കാരണമായിട്ടുള്ളവൻ എന്നും പൂജാൎഹമായ കാരണമെന്നും അൎത്ഥമുണ്ടു.

'ആതാർ' എന്ന ചോദ്യത്തിൽ പ്രശ്നവിഷയമായ വസ്തുവിനെക്കുറിച്ചു വക്താവിന്നു യാതൊരു വിശേഷജ്ഞാനവും ഇല്ല എന്നു സൂചിപ്പിക്കുന്നു. ഉത്തരം പ്രശ്നത്തെ അനുകരിച്ച് അതു കൊണ്ടു തുടങ്ങും. അതു രാമൻ, അതു സീത, അതു രാജകുലം. ഇവിടെ 'അതു' പ്രശ്നവിഷയമായ വസ്തുവിനെ പരാമൎശിക്കുന്നു. കൊന്നതു ചെട്ടിയല്ല. ഹനനം ചെട്ടിയിൽ ആരോപിച്ചു കൂടാ എന്നും ആരോപിക്കേണ്ടതാരിൽ എന്നു നിശ്ചയമില്ലെന്നും കാണിപ്പാൻ നപുംസകക്രിയാപുരുഷനാമത്തെ ആഖ്യാതമായി പ്രയോഗിച്ചിരിക്കുന്നു (115. 6).

ജ്ഞാപകം. നപുംസകലിംഗനിൎവ്വചനത്തിന്ന് (114) ഈ പ്രയോഗം അപവാദമാകുന്നു.

360. 1. വിശേഷ്യനിഘ്നങ്ങൾക്കു വിശേഷ്യത്തിന്റെ ലിംഗവചനങ്ങൾ ഉണ്ടാകും.

മഹൎഷികന്യകമാർ അവരവരുടെ വയസ്സിന്ന് അനുരൂപങ്ങളായ കടങ്ങൾ എടുത്തു. താതകണ്വനു നിന്നെക്കാളും ഇവ പ്രിയതരങ്ങളാണ്. ഭൂചക്രമെല്ലാം നവനായകമാക്കിവെച്ചു. ധൃഷ്ടനാം ചന്ദ്രഗുപ്തൻ ഇത്തരം പറഞ്ഞപ്പോൾ തുഷ്ടരായി ജ്യേഷ്ഠന്മാരും അച്ഛനും ഒരു പോലെ.

2. ഭാഷയിൽ നപുംസകങ്ങളായി ഉപയോഗിക്കുന്ന നാ

മങ്ങൾ സംസ്കൃതത്തിൽ സ്ത്രീലിംഗമോ പുല്ലിംഗമോ ആയാൽ സംസ്കൃതപ്രയോഗം അനുകരിച്ചു മലയാളത്തിലും വിശേഷണങ്ങൾക്കു ലിംഗവചനങ്ങളിൽ പൊരുത്തമുണ്ടാകും (115).

ഭൂമി മൌഢ്യന്നു വശയായി; അംഭോരാശിപരീതയാം ധരണി; അനിമേഷകളായ നേത്രപങ്ക്തികൾ; ദുഃഖപരവശയായ ചക്രവാകി വിലപിക്കുന്നു; ചതുരന്തയാം ധരണി; ഇവളുടെ ആകൃതി ദർശനീയയായിരിക്കുന്നു; കീർത്തി പിതാമഹന്നു ചിരകാലമബാധതയായി; മധുരകളായ വ്യാജവാക്കുകൾ; ഭവാന്റെ സന്തതി അപരിക്ഷീണയായി ഭവിക്കും. ഭൂമി, ധരണി, പങ്ക്തി, ചക്രവാകി, ആകൃതി, കീർത്തി, വാക്കു, സന്തതി എന്നീ പദങ്ങൾ സംസ്കൃതത്തിൽ സ്ത്രീലിംഗങ്ങൾ ആകയാൽ വിശേഷണങ്ങളും സ്ത്രീലിംഗത്തിൽ വന്നിരിക്കുന്നു.

3. വിശേഷ്യം സമൂഹനാമമായാൽ വിശേഷണവും ആഖ്യാതവും ചിലപ്പോൾ ബഹുവചനത്തിലും വരും.

ഈ കൂട്ടമെല്ലാം സ്വർഗ്ഗവാസികളായിരുന്നു. ഇവിടെത്തെ നിവാസികളായ മനുഷ്യവർഗ്ഗം. വാഴ്ത്തിനാർ കാണിജനം. കാലനേമിയുടെ സന്താനങ്ങളായി ദുർജ്ജനന്മാരെന്നു പ്രസിദ്ധിയുള്ള ഒരു അസുരസംഘം ഉണ്ടു.

4. അചേതനവസ്തുക്കളിൽ മനുഷ്യരുടെ ഗുണങ്ങളെ ആരോപിച്ചാൽ ലിംഗം ആവശ്യമായ്വരുന്ന ദിക്കുകളിൽ സംസ്കൃതലിംഗത്തെ പ്രമാണമാക്കുകയോ, മലയാളത്തിലും സംസ്കൃതത്തിലും ഒരേ ലിംഗമുള്ള ശബ്ദത്തെ ഉപയോഗിച്ചു സാമാനാധികരണ്യം വരുത്തുകയോ ചെയ്യും.

‘വനജ്യോത്സ്നി അനുരൂപനായ വൃക്ഷവരനോടു ചേർന്നു’ ‘ക്ഷീണിച്ചോഷധിനാഥനസ്തശിഖരം പ്രാപിച്ചിട്ടന്നേകതഃ.’ ‘പൂന്തേൻ കവരുന്ന ദുഷ്ടവണ്ടത്താൻ അത്രഭവതിയുടെ മുഖത്തെ ആക്രമിക്കുന്നു’ ഈ ഉദാഹരണങ്ങളിലെ ആശയം വിശദമാക്കുക.

5. ഇപ്പോൾ സാധാരണമായി ഈ വിധമുള്ള പൊരുത്തം അധികം നടപ്പില്ല. വിശേഷ്യം നപുംസകവും ബഹുവചനവും ആയാൽ വിശേഷണം ഏകവചനത്തിലും വരും.

നിഷ്ഠുരമായ മുസലശൂലങ്ങളും; വാപികൾ കൂപങ്ങളും നിർമ്മലമാക്കീടേണം; എത്രയും ചെറുതായ സൂക്ഷ്മാക്ഷരങ്ങൾ; വ്യക്തമല്ലാതൊരു ലേഖയെഴുതിച്ചു; [illegible]ത്രമായുള്ള രാജപ്രാസാദങ്ങളും; പറക ശേഷമാം കഥകളൊക്കവേ; വിരുദ്ധമായ ഗുണലക്ഷണങ്ങൾ; യാഗകർമ്മങ്ങൾ മുഴുവൻ ആയി.

6. അനേകം, അസംഖ്യം, അനവധി, നിരവധി, നിഖിലം, അഖിലം, നിശ്ശേഷം, അശേഷം, നാനാവിധം, ഓരോവിധം, സംഖ്യാതീതം, ശതം, സഹസ്രം, ലക്ഷം, ലക്ഷോപലക്ഷം മുതലായ ഏകവചനാന്തരൂപങ്ങൾ ബഹുവചനാന്തവിശേഷ്യങ്ങളെ വിശേഷിക്കും.

അനേകം പുരുഷന്മാർ. ബഹു ജനങ്ങൾ. അസംഖ്യം സ്ത്രീകൾ. ഓരോവിധം കഥകൾ.

361. 1. വിശേഷ്യം ഏതു വിഭക്തിയിൽ ആയാലും വിശേഷണങ്ങൾ എല്ലായ്പോഴും പ്രഥമാന്തങ്ങളായി അതിനോട് അന്വയിക്കും.

പ്രണതശിവാകരി കവിമാതാവും; യദുകുലകമലദിനേശൻ കൃഷ്ണൻ; പരമസഖൻ മമ പാർത്ഥൻ; നിർമ്മലഗുണാ കമലാ വിഷ്ണുഭഗവാനും; വേട്ടക്കാരൻ രാജാവിന്റെ; മംഗലൻ കമലനേത്രൻ; ധൃഷ്ടനാം ക്രോഷ്ടാവിനെ ജംബുകൻ എന്നു ചൊല്ലും.

2. ഈ സാമാനാധികരണ്യം സംബോധനയിൽ അധികം കാണും. (319. 2)

3. ആം, ആകും, ആയ, ആയുള്ള മുതലായ ശബ്ദങ്ങൾ വിശേഷണങ്ങളോടു ചേൎന്നു വരും. (273.)

ഗർവ്വിതന്മാരായുള്ള പുത്രരെക്കണ്ടു; ജ്യേഷ്ഠനായുള്ള പുത്രൻ ഞാൻ; അന്ധനാമിവൻ; ശിഷ്ടരായ മഹാജനങ്ങൾ; അല്ലയോ ദേവശ്രേഷ്ഠനായുള്ളോരു വാസവ.

4. ദ്വിതീയ, ചതുൎത്ഥി, സപ്തമി എന്നീ വിഭക്തികളിൽ വിശേഷണവിശേഷ്യങ്ങൾക്കു ചിലപ്പോൾ സാമാനാധികരണ്യം ഉണ്ടാകും.

നിങ്ങൾക്കു മൂവൎക്കും, ക്ഷേത്രങ്ങളിൽ എല്ലാററിലും, അവരിൽ ഐവരിലും അഗ്രജൻ.

5. നാമങ്ങൾ സമാനാധികരണങ്ങളാകുമ്പോലേ നാമവും നാമവാക്യവും തമ്മിൽ സമാനാധികരണങ്ങളാകും (290. 3).

പരീക്ഷ 359 — 361.

I. 1. സാമാനാധികരണ്യം എന്നാൽ എന്തു? 2. ആഖ്യക്കും ആഖ്യാതത്തിന്നും തമ്മിൽ സാമാനാധികരണ്യം പണ്ടുണ്ടായിരുന്നുവോ? ഇപ്പോൾ ഏതു വിഷയങ്ങളിൽ ഉണ്ടായിരിക്കും? 3. വിശേഷണത്തിന്നും വിശേഷ്യത്തിന്നും സാമാനാധികരണ്യം എപ്പോൾ ഉണ്ടാകും? ഉദാഹരിക്കുക.

II. ഈ വാക്യങ്ങളിലെ പൊരുത്തങ്ങൾ പറക.

1. വാരിജാക്ഷൻ പ്രത്യക്ഷനായിട്ടു ചൊല്ലി നിന്നീടിനാൻ. 2. ഭ്രാതാവായ്നിന്നതും മാതാവായ്നിന്നതും താതനായ്നിന്നതും കേവലം നീ. 3. ഇത്തരമോരോരോ നൽസ്തുതിയോതി നിന്നുത്തമയായൊരു ഭക്തിയുമായി. 4. യാഗവും തുടങ്ങിനാർ ശൌനകാദികളായൊരാഗമജ്ഞോത്തമന്മാരാകിയ മുനീന്ദ്രന്മാർ. ആഗമിച്ചിതു മുനിമാരെ സേവിപ്പാനപ്പോൾ വേഗത്തോടുഗ്രശ്രവസ്സാകിയ സൂതൻതാനും. 5. ഭർഗ്ഗനാം ഭഗവാനും പാർവ്വതീദേവിതാനും കാട്ടാളവേഷത്തോടും പ്രത്യക്ഷമായവാറും. 6. വിദൂഷികളായ പ്രജകൾ ചൊന്നാർ. 7. പീയൂഷസമം വാക്യമാത്മാവു വക്ത്രോപമം.

2. സമുച്ചയം.

362. 1. സമാനരൂപങ്ങളുള്ള സജാതീയപദങ്ങളേയും സമാനഭാഗങ്ങളുള്ള വാക്യങ്ങളേയും ഒന്നാക്കി ചേൎക്കുന്നതു **സമുച്ചയം.** ആഖ്യ, ആഖ്യാതം, കൎമ്മം, വിശേഷണം എന്നിവയിൽ ഒന്നോ അധികമോ ഭാഗങ്ങൾ സമാനമായിരിക്കുന്ന വാക്യങ്ങളെ സമുച്ചയിച്ചുണ്ടാകുന്ന വാക്യത്തെ **സമുച്ചിതവാക്യമെന്നു** പറയും.

ഭിന്നാഖ്യകളും മററു ഭാഗങ്ങൾ സമങ്ങളും ആയ വാക്യങ്ങളെ സമുച്ചയിക്കുന്ന പ്രകാരമാവിതു:—

(i) **ഉംനിപാതത്താൽ**—രാമൻ പുസ്തകം വായിക്കുന്നു; കൃഷ്ണൻ പുസ്തകം വായിക്കുന്നു; ഗോവിന്ദൻ പുസ്തകം വായിക്കുന്നു. ഈ മൂന്നു വാക്യങ്ങളിലും കൎമ്മവും ആഖ്യാതവും സമാനവും ആഖ്യ ഭിന്നവും ആകുന്നു. ഈ ആഖ്യകളെ ഉം കൊണ്ടു സമുച്ചയിച്ചു സമാനഭാഗം ഒരിക്കൽ ഉപയോഗിക്കും. രാമനും കൃഷ്ണനും ഗോവിന്ദനും പുസ്തകം വായിക്കുന്നു. ഇതു സംയുക്തവാക്യമാകുന്നു.

(ii) നിർദ്ദേശകസർവ്വനാമത്തോടുള്ള അന്വയത്താൽ:— രാമൻ, കൃഷ്ണൻ, ഗോവിന്ദൻ ഇവർ പുസ്തകം വായിക്കുന്നു. ഇവർ എന്നതിന്നു പകരം എന്നിവർ എന്നും പറയാം.

2. സമുച്ചിതപദങ്ങൾ അന്വയിക്കുന്ന നാമത്തെ സമർപ്പകനാമം എന്നു പറയും.

(iii) ആഖ്യകളെ ദ്വന്ദ്വസമാസമാക്കുന്നതിനാൽ:— രാമകൃഷ്ണഗോവിന്ദന്മാർ പുസ്തകം വായിക്കുന്നു.

3. ആഖ്യകളിൽ മുഖ്യമായവയെ മാത്രം നിർദ്ദേശിച്ച് അവയെ തുടങ്ങിയ, തുടങ്ങിയുള്ള, ആദിയായ, ഇത്യാദിയായ, മുതലായ, ഇങ്ങനെ, എന്നിങ്ങനെ, എന്നിങ്ങനെയുള്ള, ഇത്തരം, എന്നിത്തരം, ഈ വിധമായ, എന്നീ വിധമായ, മുതലായുള്ള, മുമ്പായ, മുമ്പാം, മുമ്പനാം എന്നിവയോടു ചേർത്തുണ്ടാകുന്ന വിശേഷണവാചകം ആഖ്യകളുടെ ജാതിവാചകമായ പദത്തോട് അന്വയിപ്പിച്ചു പ്രയോഗിക്കും.

രാമൻ, കൃഷ്ണൻ, ഗോവിന്ദൻ തുടങ്ങിയുള്ള കുട്ടികൾ പുസ്തകം വായിക്കുന്നു. രാമൻ, കൃഷ്ണൻ മുതലായവർ (മുതലായ കുട്ടികൾ) പുസ്തകം വായിക്കുന്നു. കൃത, ത്രേത, ദ്വാപരം, കലി എന്നിങ്ങനേ നാലുയുഗങ്ങളുണ്ടായി. നായർ മുതലായ വർണ്ണക്കാർ. വീണകൾ, തിത്തി എന്നിത്തരം മുതലായുള്ള വാദ്യവൃന്ദം. വാസവമുമ്പായ വാനവർ. മുത്തുകൾ മുമ്പായ ഭൂഷണം.

4. ആദി, മുഖ, പ്രമുഖ, പ്രഭൃതി, പ്രവര എന്നീ പ്രകൃതികളെ ഒരു സമുദായത്തിലേ ആദ്യനാമങ്ങളോടു ചേർത്തു ബഹുവ്രീഹിയാക്കി ആഖ്യകളെയെല്ലാം സംഗ്രഹിക്കാം.

വസിഷ്ഠാദികളായ സപ്തർഷിമാർ വന്നു. ചിത്രരഥമുഖന്മാരായ ഗന്ധർവ്വന്മാർ ഗാനം ചെയ്തു. ഇന്ദ്രപ്രമുഖന്മാരായ ദേവന്മാർ ദമയന്തിയുടെ സ്വയംവരം കാണ്മാൻ പോയി. സിംഹപ്രഭൃതിമൃഗങ്ങൾ ശ്വാപദങ്ങളാകുന്നു (234. 3).

5. ഒരു സമുദായത്തിലേ ആദ്യവും അന്ത്യവുമായ അംഗങ്ങളെക്കൊണ്ട് അതിനെക്കുറിക്കും (346. 1).

സംസ്കാരാദികർമ്മങ്ങളെ പുണ്യാഹപര്യന്തം ആകവേ ചെയ്തു. അ മുതൽ ക്ഷ വരെയുള്ള വർണ്ണങ്ങൾ. ഉപ്പു തൊട്ടു കർപ്പൂരം വരെയുള്ള സാധനങ്ങൾ ഉണ്ടു.

ബ്രാഹ്മണാദി ചണ്ഡാലപൎയ്യന്തമുള്ള ജാതിക്കാർ. ആജീവനാന്തം ലഭിച്ച ധനം. ആബ്രഹ്മസ്തംബപൎയ്യന്തമുള്ള ജീവജാലങ്ങൾ.

6. സമുച്ചിതാഖ്യകളോട് അന്വയിക്കുന്ന ക്രിയ ബഹുവചനമാകും. എന്നാൽ ആഖ്യ പൂജകബഹുവചനമായാൽ ക്രിയ ഏകവചനം തന്നെ ആകും. (126).

363. 1. ആഖ്യകളെപ്പോലെ എല്ലാ നാമങ്ങളേയും സമുച്ചയിക്കാം. കൎമ്മാദികാരങ്ങളും നാമങ്ങളാകയാൽ അവയേയും ഇങ്ങനെ സമുച്ചയിക്കേണം.

രാമൻ കൃഷ്ണനെക്കണ്ടു. രാമൻ ഗോവിന്ദനെക്കണ്ടു. രാമൻ ചാത്തുവിനെക്കണ്ടു. (a) രാമൻ കൃഷ്ണനേയും ഗോവിന്ദനേയും ചാത്തുവിനേയും കണ്ടു. (b) കൃഷ്ണൻ, ഗോവിന്ദൻ, ചാത്തു എന്നിവരെ രാമൻ കണ്ടു.

ഇവിടെ അൎത്ഥത്തിന്നു സംശയം വരാതിരിപ്പാൻ രാമൻ എന്ന ആഖ്യയെ എന്നിവർ എന്നതിന്റെ ശേഷം ഉപയോഗിക്കുന്നതു നന്നു.

(c) രാമൻ ചാത്തുകൃഷ്ണഗോവിന്ദന്മാരെക്കണ്ടു. (d) കൃഷ്ണൻ, ഗോവിന്ദൻ, ചാത്തു മുതലായവരെ രാമൻ കണ്ടു. (e) കൃഷ്ണൻ, ഗോവിന്ദൻ, ചാത്തു എന്നിവരെ രാമൻ കണ്ടു. (f) രാമൻ കൃഷ്ണൻ എന്നിവൎക്കു സമ്മാനം കിട്ടി. (g) കൃഷ്ണൻ ഗോവിന്ദൻ എന്നവരുടെ അച്ഛൻ വലിയ ധനവാൻ.

രാമൻ കൃഷ്ണനെക്കണ്ടു. ഗോവിന്ദൻ ചാത്തുവിനെക്കണ്ടു. ഗോപാലൻ അച്യുതനെക്കണ്ടു = (a) രാമൻ കൃഷ്ണനേയും ഗോവിന്ദൻ ചാത്തുവിനേയും ഗോപാലൻ അച്യുതനേയും കണ്ടു. (b) കൃഷ്ണനെ രാമനും ചാത്തുവിനെ ഗോവിന്ദനും അച്യുതനെ ഗോപാലനും കണ്ടു.

2. ഇങ്ങനെ ആഖ്യകളേയോ കൎമ്മങ്ങളേയോ ഉംനിപാതം കൊണ്ടു സമുച്ചയിക്കാറു. ഉം ചേൎത്ത പദം വാക്യാദിയിൽ വരികയില്ല. ഈ നിയമം മറ്റു കാരകങ്ങളിലും പ്രവൃത്തിക്കും.

രാമനാൽ രാവണൻ ഹതനായി. ലക്ഷ്മണനാൽ ഇന്ദ്രജിത്തു ഹതനായി. സുഗ്രീവനാൽ പ്രഹസ്തൻ ഹതനായി = (a) രാമനാൽ രാവണനും ലക്ഷ്മണനാൽ ഇന്ദ്രജിത്തും സുഗ്രീവനാൽ പ്രഹസ്തനും ഹതരായി. (b) രാവണൻ രാമനാലും ഇന്ദ്രജിത്തു ലക്ഷ്മണനാലും പ്രഹസ്തൻ സുഗ്രീവനാലും ഹതരായി.

രാമൻ വസിഷ്ഠന്നു ധനം കൊടുത്തു. സീത അരുന്ധതിക്കു വസ്ത്രാലംകാരങ്ങളെ കൊടുത്തു. ലക്ഷ്മണൻ സുമന്ത്രൎക്കു ഒരു മോതിരം കൊടുത്തു.

രാമൻ വസിക്കുന്നു ധനവും സീത അരുന്ധതിക്കു വസ്ത്രാലംകാരങ്ങളും ലക്ഷ്മണൻ സുമന്ത്രൎക്കു ഒരു മോതിരവും കൊടുത്തു. കൎത്തൃപദത്തോടു ഉം ചേൎത്തു മാററുക. സംപ്രദാനത്തോടു ഉം ചേൎത്തു മാററുക.

(a) ഗംഗ ഹിമാദ്രിയിൽ നിന്നും നൎമ്മദ വിന്ധ്യാദ്രിയിൽ നിന്നും ഗോദാവരിയും കാവേരിയും സഹ്യാദ്രിയിൽ നിന്നും ഉല്ഭവിക്കുന്നു. ഇതിനെ കേവലവാക്യങ്ങളാക്കിത്തീൎത്തു് ഉംനിപാതം ആഖ്യയോടു ചേൎത്തു വാക്യം മാററിയെഴുതുക. ഗോദാവരി കാവേരി എന്നിവയോടും ഉം ചേൎക്കേണമോ? (b) ബ്രഹ്മാവു വിഷ്ണുവിൻെറയും മരീചി ബ്രഹ്മാവിൻെറയും കാശ്യപൻ മരീചിയുടെയും പുത്രന്മാർ ആകുന്നു. ഇതിനെ കേവലവാക്യങ്ങളാക്കുക. ഇവയെ ആഖ്യയോടു ഉം ചേൎത്തു സമുച്ചയിക്ക. (c) വിഷ്ണു ശ്രീവൈകുണ്ഠത്തും ബ്രഹ്മദേവൻ സത്യലോകത്തും ഇന്ദ്രൻ ദേവലോകത്തും നിവസിക്കുന്നു. ഇതിനെ മാററിയെഴുതുക.

364. (a) ഉമവ്യയത്താൽ സമുച്ചയിക്കപ്പെട്ട നാമങ്ങൾക്കെല്ലാം ഒരേ ലിംഗമായാൽ വിശേഷ്യനിഘ്നമായ ആഖ്യാതത്തിന്നും അതേ ലിംഗം ഉണ്ടാകും. (b) സമുച്ചിതനാമങ്ങൾ പുന്നപുംസകങ്ങളായാൽ ആഖ്യാതം പുല്ലിംഗവും (c) ഇവ പുംസ്ത്രീലിംഗങ്ങളായാൽ അലിംഗകബഹുവചനവും ആകും.

a. രാമനും ലക്ഷ്മണനും ഭരതനും ശത്രുഘ്നനും ബലവാന്മാർ ആകുന്നു.

b. നരതുരഗകരികളിരുഭാഗവും പോരിൽ മരിച്ചാരസംഖ്യമരക്ഷണാൽ.

c. രാമൻ സുന്ദരൻ. സീത സുന്ദരി—(i) രാമൻ സുന്ദരനും സീത സുന്ദരിയും ആകുന്നു; (ii) രാമനും സീതയും സുന്ദരർ ആകുന്നു. (iii) രാമനും സീതയും സൌന്ദൎയ്യമുള്ളവർ.

(i) ൽ ആഖ്യാതങ്ങൾക്കു വൈരൂപ്യം ഉള്ള കാരണം അവയോടു് ഉം ചേൎത്തു. (ii) ൽ അലിംഗകബഹുവചനം പ്രയോഗിച്ചിരിക്കുന്നു. (iii) ൽ ഭാവനാമത്തോടു ക്രിയാപുരുഷനാമത്തിൻെറ അലിംഗകബഹുവചനം ചേൎത്തുണ്ടായ ആഖ്യാതം ഉപയോഗിച്ചിരിക്കുന്നു. ii ലും iii ലും ഉം നീക്കി ഒാ ചേൎക്ക.

365. 1. സമാനാഖ്യകളും ഭിന്നാഖ്യാതങ്ങളും ഉള്ള വാക്യങ്ങളെ സമുച്ചയിപ്പാൻ ക്രിയകളെ ഭൂതക്രിയാന്യൂനങ്ങളാക്കി അവയെ സംഭവിച്ച ക്രമത്തിൽ ചേൎത്തു് ഒടുവിൽ പൂൎണ്ണക്രിയ പ്രയോഗിക്കും.

(a) രാമൻ വരട്ടെ, രാമൻ പാഠങ്ങളെ പഠിക്കട്ടെ, രാമൻ വീട്ടിൽ പോ

കട്ടെ = രാമൻ വന്നു പാഠങ്ങൾ പഠിച്ചു വീട്ടിൽ പോകട്ടെ. (b) കുട്ടികൾ രാവിലെ പാഠശാലയിൽ വരും; കുട്ടികൾ തങ്ങളുടെ പാഠം പഠിക്കും; കുട്ടികൾ പിന്നെ ഉണ്മാൻ വീട്ടിൽ പോകും. = കുട്ടികൾ രാവിലെ പാഠശാലയിൽ വന്നു, തങ്ങളുടെ പാഠം പഠിച്ചു പിന്നെ ഉണ്മാൻ വീട്ടിൽ പോകും. (c) ജനങ്ങൾ ധനം സമ്പാദിക്കുന്നു, ജനങ്ങൾ സുഖം അനുഭവിക്കുന്നു, ജനങ്ങൾ സന്തോഷിക്കുന്നു- = ജനങ്ങൾ ധനം സമ്പാദിച്ചു സുഖം അനുഭവിച്ചു സന്തോഷിക്കുന്നു.

2. ക്രിയകളെ എല്ലാം ക്രിയാനാമങ്ങളാക്കി ഉംകൊണ്ടു കൂട്ടിച്ചേർത്തു ഒടുവിൽ ചെയ്ക ധാതുവിന്റെ രൂപം പ്രയോഗിക്കാം.

രാമൻ വരികയും പാഠങ്ങൾ പഠിക്കയും പിന്നെ വീട്ടിൽ പോകയും ചെയ്യട്ടെ.

i. അനേകം വാക്യങ്ങളെ ഒന്നിച്ചു ചേർത്തുണ്ടാകുന്ന വാക്യം സമുച്ചിതവാക്യം. ഭാഷയിൽ ആഖ്യകൾ പ്രാധാന്യമുള്ളതു കൊണ്ടു സമുച്ചിതവാക്യത്തിലെ ആഖ്യാസംഖ്യക്കു ഒത്തവണ്ണം അതിനെ ഉപവാക്യങ്ങളായി വിഭജിക്കാം (294). 'രാമനും കൃഷ്ണനും ഗോപാലനും പാഠങ്ങൾ പഠിച്ചു പരീക്ഷയിൽ ജയിച്ചു' എന്ന സംയുക്തവാക്യത്തിൽ മൂന്നു പ്രധാനവാക്യങ്ങൾ ഉണ്ടു. എന്നാൽ ആഖ്യകൾ സമുച്ചയിപ്പാൻ ഉപയോഗിച്ച സമർപ്പകനാമത്തോടു അന്വയിക്കുന്നുവെങ്കിൽ വാക്യം കേവലമാകും. 'രാമൻ, കൃഷ്ണൻ, ഗോവിന്ദൻ എന്നിവർ വന്നു'. ഈ വാക്യത്തിലെ ആഖ്യകൾ എന്നിവർ എന്നതിനോടു അന്വയിച്ചു ഒരു അലുക്സമാസം ആയ്ത്തീർന്നതു കൊണ്ടു അതു കേവലവാക്യം. 'രാമൻ, കൃഷ്ണൻ, ഗോവിന്ദൻ എന്നിവരെ ഗോപാലൻ കണ്ടു' എന്നതും കേവലവാക്യം. രാമൻ മുതലായ നാമങ്ങൾ എന്നിവർ എന്നതിനോടു അന്വയിച്ചു ഒരു സമാസമായ്ഭവിക്കുന്നു. സമർപ്പകനാമം ദ്വിതീയയാകയാൽ ഈ സമാസം കണ്ടു എന്ന ക്രിയയുടെ കർമ്മം.

3. പ്രഥമാന്തങ്ങളായ നാമങ്ങൾ ഒരു സമർപ്പകനാമത്തോടു അന്വയിക്കുമ്പോൾ അവക്കു സമർപ്പകനാമത്തിന്റെ അർത്ഥം ഉണ്ടാകും. ഇങ്ങനെ ചേർന്നു വരുന്ന പദയോഗങ്ങൾക്കു **സംശ്ലിഷ്ടസമാസങ്ങൾ** എന്നു പേർ. ഈ വിധം സമാസങ്ങൾ സംസ്കൃതത്തിൽ ഇല്ല. അവ ദ്രാവിഡഭാഷകളുടെ മുഖ്യലക്ഷണം ആകുന്നു. സ്വാർത്ഥപര്യവസായിയായ പദങ്ങൾ ഒന്നിച്ചു കൂടി അന്യപദത്തെ

ആശ്രയിച്ച് അതിന്റെ പ്രവൃത്തി ചെയ്യുമ്പോൾ ആ പദക്കൂട്ടം സംശ്ലിഷ്ടസമാസമാകും (315. 3).

ii. ആഖ്യാതങ്ങളെ ക്രിയാന്യൂനങ്ങളോ ക്രിയാനാമങ്ങളോ ആക്കി മാററി ഉണ്ടാകുന്ന സമുച്ചിതവാക്യവും കേവലവാക്യം. കാരണം ക്രിയാന്യൂനങ്ങൾ പൂൎണ്ണാഖ്യാതത്തിന്റെ വിശേഷണങ്ങളും ക്രിയാനാമങ്ങൾ അതിന്റെ കൎമ്മങ്ങളും ആകുന്നു. ഇംഗ്ലീഷിൽ വാക്യത്തിലേ കൎമ്മപദങ്ങളുടെ എണ്ണം പ്രമാണിച്ച് അതിനെ വിഭജിക്കുമെങ്കിലും ഭാഷയിൽ അങ്ങനെ ചെയ്യാറില്ല. കൎമ്മങ്ങൾ അനേകം ഉണ്ടായാൽ അവയിൽ വ്യാപാരം പ്രത്യേകം ഫലിപ്പിക്കേണ്ടതു കൊണ്ടു കൎമ്മങ്ങൾ ഉള്ളേടത്തോളം കൎത്താവും പ്രവൃത്തിക്കേണ്ടിവരുന്നതു നിമിത്തം കൎമ്മങ്ങളെ പ്രമാണിച്ചു വാക്യത്തെ വിഭജിക്കുന്നതു വാക്യത്തിന്റെ ഐക്യം അവലംബിച്ചിട്ടാകുന്നു. എന്നാൽ സൌകൎയ്യം വിചാരിച്ചും സംശ്ലിഷ്ടസമാസങ്ങളുടെ പ്രാചുൎയ്യം ഓൎത്തും ആഖ്യകളുടെ സംഖ്യക്കു് ഒത്തവണ്ണം വാക്യങ്ങളായി ഭാഷയിൽ വിഭജിക്കണം.

366. അനേകനാമവിശേഷണങ്ങളെ സമുച്ചയിക്കുന്ന ക്രമം:—

1. പദ്യത്തിൽ വിശേഷണങ്ങൾ പ്രഥമവിഭക്തിയിൽ വിശേഷ്യത്തോടു് അന്വയിക്കും.

(a) അച്യുതനനന്തനവ്യക്തനലയനേകൻ നിൎവ്വികാരാത്മാ ദേവൻ നിൎമ്മലൻ നിൎവ്വാണപ്രദൻ നിരാകുലൻ നിരഹംകാരമൂൎത്തി നിഷ്കളൻ നിരഞ്ജനൻ നീതിമാൻ നിഷ്കല്മഷൻ നിൎഗ്ഗുണൻ നിഗമാന്തവാക്യാൎത്ഥവേദ്യൻ നാഥൻ. (b) ഭക്തവത്സലൻ ദേവൻ വരദൻ ഭഗവാനും പ്രത്യക്ഷീകരിച്ചു നീ വാങ്ങിക്കൊൾ വരമെന്നാൻ. (c) ഗൌതമാശ്രമം തത്ര ശോഭ പൂണ്ടൊരു ദേശമാനന്ദപ്രദം ദിവ്യപാദപലതാകുസുമഫലങ്ങളാൽ സൎവ്വമോഹനകരം ജന്തുസഞ്ചയഹീനം കണ്ടു കൌതുകം പൂണ്ടു വിശ്വാമിത്രനെ നോക്കി പുണ്ഡരീകേക്ഷണൻ.

2. ഗദ്യത്തിൽ വിശേഷണങ്ങളെ സമുച്ചയിക്കുന്നതു് എങ്ങിനെ എന്നാൽ:—

a. ഓരോ വിശേഷണത്തോടും ഉം ചേൎത്തു് ഒടുവിൽ ശബ്ദന്യൂനം കൊണ്ടു ഘടിപ്പിക്കും.

—ഭക്തവത്സലനും വരദനും ആയ ഭഗവാൻ. മന്ത്രോപാസകന്മാരും നിരപേക്ഷകന്മാരും സന്തുഷ്ടന്മാരും ആയ ഭക്തന്മാർ.

ഉം ചേൎത്തു (a) എന്ന പദ്യഖണ്ഡത്തെ മാററിയെഴുതുക.

b. ഓരോ വിശേഷണത്തോട് ആയി എന്ന ക്രിയാന്യൂനം ചേൎത്ത് ഒടുവിലേ വിശേഷണത്തോട് ആയ, ആയുള്ള, ആയിരിക്കുന്ന എന്നീ ശബ്ദന്യൂനങ്ങളെ പ്രയോഗിക്കാം.

മന്ത്രോപാസകന്മാരായ്നിരപേക്ഷകന്മാരായി സന്തുഷ്ടന്മാരായുള്ള ഭക്തന്മാർ. വേദാന്തവാക്യാൎത്ഥവേദികളായ്സമന്മാരായ്സ്വാദഭക്തന്മാരായുള്ളവർ വിദ്യാത്മകന്മാർ.

c. അനേകശബ്ദന്യൂനങ്ങൾ ഒരു നാമത്തെ വിശേഷിക്കുംപോൾ അവയെ ക്രിയാന്യൂനങ്ങളാക്കി ഒടുവിലേ ശബ്ദന്യൂനത്തെക്കൊണ്ടു വിശേഷ്യത്തെ വിശേഷിപ്പിക്കാം.

ചിരിച്ചു കളിച്ചു സന്തോഷിക്കുന്ന കുട്ടികൾ എല്ലാവരേയും ആഹ്ലാദിപ്പിക്കും.

367. ഒരു വിഷയത്തെ വിവരിക്കുന്ന വാക്യങ്ങളെ സമുച്ചയിപ്പാൻ എന്നിത്തരം, എന്നിങ്ങനെ, എന്നൊക്കെ, എന്നെല്ലാം മുതലായ പദയോഗങ്ങളെ പ്രയോഗിക്കാം.

വെണ്മഴുവേന്തിയ രാമൻ വരികിലും എന്മുമ്പിൽ നില്ക്കയില്ലെന്നു ധരിക്കേണം; | ഇന്ദ്രാദിദേവകളൊത്തുവരികിലും മന്ദതയില്ല ജയിക്കുന്നതുണ്ടു ഞാൻ; | ഇന്ദ്രതനൂജനുമിന്ദ്രാവരജനുമെന്നോടു തുല്യരല്ലെന്നു ധരിക്കേണം; | എന്നിത്തരം വമ്പു കൎണ്ണൻ പറയുമ്പോൾ നിന്നു കൃപരും ചിരിച്ചൊന്നുരചെയ്താൻ.

പരീക്ഷ 362—367.

I. താഴെ എഴുതിയ വാക്യങ്ങളെ ഒററ വാക്യമാക്കുക.

1. രാമൻ അയോദ്ധ്യയിൽ വാണു; കൃഷ്ണൻ ദ്വാരകയിൽ വാണു; ധൎമ്മപുത്രർ ഹസ്തിനാപുരത്തിൽ വാണു. 2. വ്യാസൻ ശുകനെ ശാസ്ത്രം പഠിപ്പിച്ചു; ശുകൻ പരീക്ഷിത്തിനെ ശാസ്ത്രം പഠിപ്പിച്ചു. 3. കുട്ടികൾ പാഠശാലയിൽ പാഠം പഠിക്കുന്നു; കുട്ടികൾ വീട്ടിൽ അച്ഛൻ പറഞ്ഞ കാൎയ്യം ചെയ്യുന്നു. 4. നിങ്ങൾ സദാ സത്യം പറയേണം; നിങ്ങൾ ആരേയും ചതിക്കരുതു; നിങ്ങൾ അന്യരുടെ സ്വത്ത് അപഹരിക്കരുതു. 5. നന്ദനൃപൻ പാടലീപുത്രമെന്ന പട്ടണത്തിൽ വസിച്ചു; നന്ദൻ ചന്ദ്രകുലത്തിൽ ജനിച്ചവനായിരുന്നു; അവൻ കീൎത്തിയോടെ മഹീതലം പരിപാലിച്ചു വാണു കൊണ്ടിരുന്നു. 6. നന്ദരാജാവിനെക്കാണ്മാൻ ഒരു മഹാമുനി വന്നു; ആ മുനി തപോബലമുള്ളവനായിരുന്നു; ആ മുനി അൎക്കനു സമനായിരുന്നു.

II. താഴെ എഴുതിയ പദ്യഖണ്ഡങ്ങളിലെ വിശേഷണങ്ങളെ പല വിധത്തിലും മാററിയെഴുതുക.

1. രാമനാം ജഗൽഗുരു നിൎഗ്ഗുണൻ ജഗദഭിരാമനവ്യയനനേകനാനന്ദാത്മകനാത്മാരാമനദ്വയൻ പരൻ നിഷ്കളൻ വിദ്വൽഭൃംഗാരാമൻ വിഷ്ണുഭഗവാൻ നാരായണൻ. 2. രാമമാഹാത്മ്യമിദം പവിത്രം ഗുഹ്യതമം സാക്ഷാൽ ശ്രീരാമപ്രോക്തം വായുപുത്രനായ്ക്കൊണ്ടു മോക്ഷദം പാപഹരം ഹൃദ്യമാനന്ദോദയം സൎവ്വവേദാന്തസാരസംഗ്രഹം രാമതത്വം ദിവ്യനാം ഹനുമാനോടുപദേശിച്ചു. 3. സ്വൎണ്ണരത്നാഭരണഭൂഷിതഗാത്രിയായി സുന്ദരിയായ യക്ഷി തന്നെയും കാണായ്വന്നു. 4. ജനനമരണദുഃഖാപഹം ജഗന്നാഥം ദിനനായകകോടിസദൃശപ്രഭം രാമം കനകരുചിരദിവ്യാംബരം രമാവരം പുരുഷോത്തമം സ്തുതിച്ചീടിനാൽ ഭക്തിയോടെ (ദുഃഖാപഹം മുതലായവ സംസ്കൃതദ്വിതീയ സ്തുതിച്ചീടിനാൽ എന്നതിന്റെ കൎമ്മം).

3. പദയോജനാപരീക്ഷ.

368. 1. വാക്യത്തിൽ പദത്തിന്നു വിധിച്ച പ്രവൃത്തി ചെയ്യുന്ന പദം **സുബദ്ധ**വും ചെയ്യാത്തതു് **അബദ്ധ**വും ആകുന്നു. പദപ്രയോഗം സാധുവോ അല്ലയോ എന്നു പരീക്ഷിക്കുന്നതു **പദയോജനാപരീക്ഷ.** വ്യാകരിപ്പാൻ കഴിയുന്ന പദങ്ങൾക്ക മാത്രമേ വാക്യത്തിൽ യോജിപ്പുണ്ടാകയുള്ളൂ. പദത്തിന്റെ ജാതി, രൂപം, അൎത്ഥം പ്രയോഗം എന്നിവയെ പറയുന്നതാകുന്നു **വ്യാകരണം.** വ്യാകരിപ്പാൻ കഴിയുന്ന പദങ്ങൾ ഉണ്ടായിട്ടും വാക്യത്തിലേ പദങ്ങൾ ഭാഷാരീതിക്കു വിരുദ്ധമായാൽ വാക്യം അബദ്ധമാകും.

അകവും പുറവും നോക്കുക. ഇതിലേ നാമങ്ങളുടെ സ്ഥാനം മാററിയാൽ വാക്യം അബദ്ധമാകും.

2. സംഹിതയാൽ പദങ്ങൾ തമ്മിൽ ഇട ചേൎന്നിരിക്കുന്ന വാക്യത്തെ **സംഹിതാപാഠ**മെന്നും സന്ധിയെ വിട്ടു കളഞ്ഞു പദങ്ങളെ വെവ്വേറെക്കാണിക്കുന്നതു **പദച്ഛേദ**മെന്നും പറയും. വാക്യാൎത്ഥം പദച്ഛേദത്തിന്നു് അനുസരിച്ചിരിക്കും.

വിറകെടുത്തു വിറകെടുത്തു = വിറകു് എടുത്തു വിറ കെടുത്തു.

സംഹിത. എന്തെങ്കിലും ചെയ്തു മഹാജനങ്ങളിൽ,
സന്തൃപ്തി നല്കുന്നതു സജ്ജനവ്രതം.
എന്താതനാത്മാവിനൊടെന്നെയും വെടി-
ഞ്ഞെന്തിന്നു പണ്ടീവ്രതമാചരിച്ചു താൻ.

പദച്ഛേദം. എന്തു | എങ്കിലും | ചെയ്തു | മഹാജനങ്ങളിൽ | സന്തൃപ്തി | നല്കുന്നതു | സജ്ജനവ്രതം | എന്താതൻ | ആത്മാവിനോടു | എന്നെ | ഉം | വെടിഞ്ഞു | എന്തിന്നു | പണ്ടു | ഈവ്രതം | ആചരിച്ചു | താൻ |

എന്തു — പ്രശ്നാർത്ഥകസർവ്വനാമം, നപുംസകലിംഗം, ഏകവചനം, പ്രഥമപുരുഷൻ, ദ്വിതീയ, ചെയ്തു എന്നതിന്റെ കർമ്മം.

എങ്കിലും — ക്രിയയിൽ നിന്നുണ്ടായ അവ്യയം എന്തു് എന്നതിനോടു് അന്വയിച്ചു് അതിന്നു് ഒരു സാമാന്യാർത്ഥത്വം കൊടുക്കുന്നു.

ചെയ്തു — ക്രിയ, അബലം, സകർമ്മകം, ഭൂതക്രിയാന്യൂനം 'നല്കുന്നതു' എന്നതിനെ വിശേഷിക്കുന്നു.

മഹാജനങ്ങളിൽ — നാമം, കർമ്മധാരയസമാസം, (മഹാന്മാരായ ജനങ്ങൾ), പുല്ലിംഗം, ബഹുവചനം, പ്രഥമപുരുഷൻ, സപ്തമി നല്കുന്ന എന്നതിന്റെ വൈഷയികമായ അധികരണം.

സന്തൃപ്തി — ഭാവനാമം, നപുംസകലിംഗം, ഏകവചനം, പ്രഥമപുരുഷൻ, ദ്വിതീയ, നല്കുന്നതു എന്നതിന്റെ കർമ്മം.

നല്കുന്നതു — ക്രിയാപുരുഷനാമം, കർമ്മധാരയസമാസം, നപുംസകലിംഗം, ഏകവചനം, പ്രഥമപുരുഷൻ, പ്രഥമ, സജ്ജനവ്രതം എന്ന നാമാഖ്യാതത്തിന്റെ ആഖ്യ.

സജ്ജനവ്രതം — നാമം, ഷഷ്ഠീതൽപുരുഷസമാസം (സജ്ജനങ്ങളുടെ വ്രതം), നപുംസകലിംഗം, ഏകവചനം, പ്രഥമപുരുഷൻ, പ്രഥമ, നല്കുന്നതു എന്നതിന്റെ ആഖ്യാതം.

എൻതാതൻ — നാമം, ഷഷ്ഠീതൽപുരുഷസമാസം (എന്റെ താതൻ), പുല്ലിംഗം, ഏകവചനം, പ്രഥമപുരുഷൻ, പ്രഥമ, ആചരിച്ചു എന്നതിന്റെ ആഖ്യ.

ആത്മാവിനോടു — നാമം, പുല്ലിംഗം, ഏകവചനം, പ്രഥമപുരുഷൻ, പഞ്ചമി വെടിഞ്ഞു എന്ന ക്രിയയുടെ വിശേഷണം. ആത്മാവിനേയും എന്നേയും വെടിഞ്ഞു എന്ന കർമ്മങ്ങൾക്കു പ്രാധാന്യം വരുത്തിപ്പറയുന്നതിന്നു പകരം ആത്മാവിനോടു കൂടി എന്നേയും വെടിഞ്ഞു എന്നു പറയുന്നതു കൊണ്ടു് ആത്മാവിനെക്കാൾ എന്നിൽ അധികം പ്രീതി ഉണ്ടെന്നു കാണിക്കുന്നു.

എന്നെ — പുരുഷാൎത്ഥകസൎവ്വനാമം, പുല്ലിംഗം, ഏകവചനം, ഉത്തമപുരുഷൻ, ദ്വിതീയ, വെടിഞ്ഞു എന്നതിന്റെ കൎമ്മം.

ഉം — അവ്യയം, തനിക്കു ഇത്ര പ്രിയനായ എന്നേയും കൂടി എന്ന അൎത്ഥം ദ്യോതിപ്പിക്കുന്നു.

വെടിഞ്ഞു — ക്രിയ, അബലം, സകൎമ്മകം, ഭൂതക്രിയാന്യൂനം, ആചരിച്ചു എന്നതിന്റെ വിശേഷണം. എങ്ങനെ ആചരിച്ചുവെന്നു കാണിക്കുന്നു.

എന്തിന്നു — പ്രശ്നാൎത്ഥകസൎവ്വനാമം, നപുംസകലിംഗം, ഏകവചനം, ചതുൎത്ഥി, വെടിഞ്ഞു എന്നതിന്റെ വിശേഷണം. എന്തു കാൎയ്യം സാധിപ്പാൻ വേണ്ടി എന്നാകുന്നു അൎത്ഥം (താദൎത്ഥ്യം).

പണ്ടു — അവ്യയം, ആചരിച്ചു എന്നതിന്റെ വിശേഷണം (കാലം കാണിക്കുന്നു).

ഈവ്രതം — നാമം, കൎമ്മധാരയസമാസം, നപുംസകലിംഗം, ഏകവചനം, പ്രഥമപുരുഷൻ, ദ്വിതീയ, ആചരിച്ചു എന്നതിന്റെ കൎമ്മം.

ആചരിച്ചു — ക്രിയ, ബലം, സകൎമ്മകം, കൎത്തരിപ്രയോഗം, നിൎദ്ദേശകപ്രകാരം, പ്രഥമപുരുഷൻ, ഏകവചനം, ഭൂതകാലം, താതൻ എന്നതിന്റെ ആഖ്യാതം.

താൻ — പുരുഷാൎത്ഥകസൎവ്വനാമം, ഏകവചനം, പുല്ലിംഗം, പ്രഥമപുരുഷൻ, പ്രഥമ, എൻതാതൻ എന്നതിനോടു സാമാനാധികരണ്യത്തിൽ അന്വയിച്ചു അതിന്റെ അൎത്ഥത്തെ ദൃഢമാക്കുന്നു.

3. ജാതിയും അന്വയവും പറയുന്നതിന്നു വ്യാകരിക്കുക എന്നു പറയും.

ജ്ഞാപകം — മേൽ വിവരിച്ച രീതിയെ ചുരുക്കിക്കളയാം. നാമം വിഭക്തി കാരകം; ക്രിയ, കാലം, ആഖ്യാതം; വിശേഷണം, വിശേഷ്യം ഇവയെ മാത്രം കാണിച്ചാൽ മതി (ബാ. 236).

അഭ്യാസം.

താഴെ കാണുന്ന വാക്യങ്ങളിലേ പദങ്ങളെ വ്യാകരിക്കുക.

1. പിന്നെ നീ ചിന്തിച്ചു വേണ്ടതു ചെയ്യാലും നിന്നുടെ ഹാനി വരാത വണ്ണം. 2. ഇന്നു തൃണങ്ങൾ പിണങ്ങുമോ വഹ്നിയോടു? 3. ചിത്രമായുള്ള രാജപ്രസാദങ്ങളും എത്രയും നന്നായനുഭവിച്ചീടെടോ? 4. നല്ല ഗുണമുള്ളൊരു ഭവാനൊടു പറഞ്ഞാൽ വല്ലതുമുപായമുളവാമിഹ നിനച്ചാൽ; ദുൎല്ലഭതയാകിന മനുഷ്യത ലഭിച്ചാൽ നല്ലതു നിവൃത്തിപദമേവ, ഹരശംഭോ.

369. വ്യാകരണപ്രകാരം പദങ്ങൾക്കു സംസ്കാരം ഉണ്ടോ എന്നു പരീക്ഷിപ്പാൻ പദനിഷ്പത്തിയെക്കാണിക്കാം.

വന്നിരിക്കുന്നു = വന്നു + ഇരിക്കുന്നു. വന്നു = വർ + ന്തു. വർധാതു വ്യഞ്ജനാന്തമാകയാൽ ഭൂതത്തിൽ തുപ്രത്യയം വരും. അതു ന്തുവായി ധാതുവിനോടു ചേരുമ്പോൾ രേഫം ലോപിച്ചു 'വന്തു' എന്നാകും. പൂർവ്വസവർണ്ണാദേശത്താൽ വന്തു എന്നതു 'വന്നു' വാകും.

ഇരിക്കുന്നു — ഇരിധാതു, ക്ക് ബലപ്രത്യയം, ഉന്നു വർത്തമാനപ്രത്യയം. വന്നു + ഇരിക്കുന്നു എന്നതു സമാസക്രിയ.

പോയിട്ടുണ്ടാരുന്നു എന്നിവയിലെ പദനിഷ്പത്തിയെ വിവരിക്കുക.

4. അപോദ്ധാരം.

370. 1. വാക്യത്തെ വിഭജിച്ചു് ആഖ്യ, ആഖ്യാതം, കർമ്മം, വിശേഷണം എന്നീ അംഗങ്ങൾ ആക്കി അവയുടെ സംബന്ധം പറയുന്നതു് **അപോദ്ധാരം**, അല്ലെങ്കിൽ **വാക്യവിഭജനം**. വാക്യരചന, വാക്യാർത്ഥനിർണ്ണയം, ഭാഷാന്തരീകരണം എന്നിവക്കു വാക്യവിഭജനം വളരെ ഉപകരിക്കും.

2. അർത്ഥഭേദം ഇല്ലാതെ ഒരു ജാതിവാക്യത്തെ ജാത്യന്തരവാക്യമാക്കി മാററുന്നതു **വാക്യവിപരിണാമ**മാകുന്നു. ഗദ്യപദ്യങ്ങളുടെ അർത്ഥം വിശദമാക്കുവാൻ സരളപദങ്ങളെ ഉപയോഗിച്ചു വാക്യങ്ങളെ മാററുന്നതു **വാക്യപരാവർത്തന**മാകുന്നു.

കേവലവാക്യത്തെ സങ്കീർണ്ണവാക്യമോ സംയുക്തവാക്യമോ ആക്കി മാററാം. സംകീർണ്ണത്തേയും സംയുക്തത്തേയും മററു രണ്ടു തരങ്ങളായും മാററാം. ചൊല്ലു, വിധായകം, ചോദ്യം, വ്യാക്ഷേപകം എന്നീ വാക്യങ്ങളിൽ ഒന്നിനെ മററു മൂന്നു വിധം വാക്യങ്ങൾ ആക്കാം. ഈ വിധം വാക്യവിപരിണാമം ഭാഷാപരിജ്ഞാനം പരീക്ഷിപ്പാൻ ഒരു ഉത്തമമാർഗ്ഗമാകുന്നു. നീ പറയുന്നതു വിശ്വാസ്യമല്ല = നിന്റെ വാക്കു വിശ്വാസ്യമല്ല; നീ പറയുന്നതു നമുക്കു വിശ്വസിപ്പാൻ പാടില്ല. നീ എന്തു പറയുന്നുവോ ആയതു വിശ്വസിക്കത്തക്കതല്ല. നീ എന്തു പറഞ്ഞാലും അതു് ആരും വിശ്വസിക്കയില്ല. നീ എന്തിന്നു്

ഇത്രയെല്ലാം 'പറയുന്നു?' ആർ അതിനെ വിശ്വസിപ്പാൻ പോകും? ഇമ്മാതിരി വാക്കാണു പറയേണ്ടതു? ആർ വിശ്വസിക്കും? ഇങ്ങിനെ പലവിധവും മാററാം.

വാക്യവിപരിണാമത്തിന്റെ ഉദാഹരണങ്ങളായ ഈ വാക്യങ്ങൾ മൂലവാക്യത്തിന്റെ അൎത്ഥം സ്പഷ്ടമാക്കുന്നതു കൊണ്ട് അവ വാക്യപരാവൎത്തനത്തിന്നും ഉദാഹരണങ്ങൾ ആകുന്നു.

വാക്യാൎത്ഥം കൊണ്ടു ശ്രോതാവിന്റെ മനസ്സിൽ ജനിപ്പിപ്പാൻ ഇച്ഛിക്കുന്ന ഫലസിദ്ധിക്ക് ഏതു വിധം വാക്യം ഉപകരിക്കും എന്നു തീൎച്ചപ്പെടുത്തുന്നതിന്നു വ്യാകരണത്തിന്റേയും സാഹിത്യശാസ്ത്രത്തിന്റേയും തത്വജ്ഞാനം ആവശ്യമാകുന്നു. ഈ തത്വങ്ങളെ ആശ്രയിക്കുന്ന കൃതികളെ നല്ലവണ്ണം വിചാരപൂൎവ്വകം പഠിച്ചാൽ മാത്രമേ ഭാഷാപാണ്ഡിത്യം സിദ്ധിക്കയുള്ളൂ. സ്വസ്വമാതൃഭാഷയിൽ ഈവ്വശിക്ഷണമില്ലായ്കയാൽ അന്യഭാഷയിൽ സാമൎത്ഥ്യം ലഭിപ്പാൻ ബുദ്ധിമുട്ടും. പദയോജനയും വാക്യവിഭജനവും വാക്യാൎത്ഥനിൎണ്ണയത്തിന്ന് അത്യന്താമാൎഗ്ഗമാകയാൽ വിദ്യാൎത്ഥികൾ ഇവയിൽ നല്ല ശ്രദ്ധ വെക്കേണം.

371. വാക്യവിഭജനത്തിങ്കൽ വിട്ട പദങ്ങളെയെല്ലാം ചേൎത്തു വാക്യങ്ങളെ പൂൎണ്ണമാക്കണം എന്നു മുൻപറഞ്ഞുവല്ലോ.

ആയാസം ഒട്ടുമില്ലാതെ അൎത്ഥം എളുപ്പം ഗ്രഹിപ്പാൻ കഴിയുമെന്നു വിചാരിച്ചു ഭാഷയിൽ ആഖ്യ മുതലായ വാക്യാംഗങ്ങളെപ്പലപ്പോഴും വിടാറുണ്ടു. കൎത്താവ് അതിസ്പഷ്ടമായതു കൊണ്ട് അതിനെ പ്രയോഗിച്ചിട്ടില്ല എന്ന അൎത്ഥത്തിൽ വിദ്യാൎത്ഥികൾ കൎത്താവ് 'അസ്പഷ്ടം' എന്നു പറയും.

ഒരു വാക്യാൎത്ഥം പൂൎണ്ണമാക്കാൻ നാം പദങ്ങളെ ചേൎക്കുന്നതു **അദ്ധ്യാഹാരവും** വാക്യത്തിലേ പദം കൊണ്ടു തന്നേ വാക്യാൎത്ഥം പൂരിക്കുന്നതു **അനുഷംഗവും** ആകുന്നു (282. 2).

372. ആഖ്യ, ആഖ്യാവിശേഷണം, കൎമ്മം, കൎമ്മവിശേഷണം, ആഖ്യാതം, ആഖ്യാതവിശേഷണം ഇവയെ യഥാക്രമം കേവലവാക്യത്തിൽ നിന്നെടുത്ത് ഓരോന്നിന്റെ സ്വഭാവം പറയുക. വിട്ടിട്ടുള്ള പദങ്ങളെ അദ്ധ്യാഹരിച്ചു വാക്യം പൂരിക്കുക.

1. പാലും പഴവും ഭുജിച്ചു തെളിഞ്ഞുടൻ,
കാലം വൃഥാ കളഞ്ഞീടാതെ ചൊല്ലെടോ.

ആഖ്യ. 'നീ' (അദ്ധ്യാഹൃതം.)

കൎമ്മം. 1. 'പാൽ,' 'പഴം' ഉം അവ്യയത്താൽ സമുച്ചയിക്കപ്പെട്ടിരിക്കുന്നു. ഭുജിച്ചു എന്ന ക്രിയയുടെ കൎമ്മം.

2. 'കാലം' കളഞ്ഞീടാതെ എന്നതിന്റെ കൎമ്മം.

ആഖ്യാതം. 'ചൊല്ലു' (പൂൎണ്ണക്രിയ, നിയോജകപ്രകാരം).

ആഖ്യാത വിശേഷണം. 1. 'ഭുജിച്ചു,' 'തെളിഞ്ഞു,' 'കളയാതെ' ഈ ക്രിയാന്യൂനങ്ങൾക്കും ആഖ്യാതത്തിന്നും കൎത്താവു് ഒന്നാകയാൽ ഇവ ആഖ്യാതവിശേഷണങ്ങൾ ആകുന്നു.

2. 'ഉടൻ' എന്നതു 'തെളിഞ്ഞു' എന്ന വിശേഷണത്തിന്റെ വിശേഷണമാകയാൽ ഭേദകവിശേഷണം. 'വൃഥാ' എന്നതു 'കളഞ്ഞീടാതെ' എന്നതിന്റെ വിശേഷണം.

ആഖ്യയെ വിട്ടിരിക്കയാൽ ലുപ്താഖ്യമായ കേവലവാക്യം.

2. ബാലനായുള്ള നീ എന്തറിഞ്ഞു മമ ശീലഗുണങ്ങളും ബുദ്ധിവിലാസവും?

ആഖ്യ	ആഖ്യാ വിശേഷണം	കൎമ്മം	കൎമ്മവിശേഷണം	ആഖ്യാതം	ആഖ്യാത വിശേഷണം
നീ	ബാലനായുള്ള (നാമത്തോടു് ആയുള്ള എന്ന ശബ്ദന്യൂനം ചേൎന്നുണ്ടായതു).	ശീലഗുണങ്ങൾ, ബുദ്ധിവിലാസം (ഉംകൊണ്ടു സമുച്ചയിച്ചിരിക്കുന്നു).	മമ (ഷഷ്ഠി വിഭക്തി).	അറിഞ്ഞു.	എന്തു (= എത്രത്തോളം — പരിമാണം കാണിക്കുന്നു)

ഇങ്ങിനേ രണ്ടു വിധത്തിലും അപോദ്ധരിക്കാം.

അഭ്യാസം.

താഴെ ചേൎത്ത വാക്യങ്ങളെ അപോദ്ധരിച്ചു വിഭക്തികളുടെ അൎത്ഥവും പറക.

1. ആൎയ്യേ, വേഷം ധരിച്ചുകഴിഞ്ഞു. 2. ഇങ്ങോട്ടു വരിക തന്നേ. 3. കുതിരകളുടെ വേഗം ആദിത്യാശ്വങ്ങളുടെ വേഗത്തെയും അതിശയിച്ചിരിക്കുന്നു. 4. ബ്രാഹ്മണാശീൎവ്വാദത്തെ ഞാൻ ഭക്തിയോടെ സ്വീകരിച്ചിരിക്കുന്നു. 5. ദുഃഖത്തിന്നും ആയുധപരിത്യാഗത്തിന്നും കാരണമെന്താണ്?

6. യാതുക്രൂരിതൾ നീക്കിക്കളവാനും, ലോകകൈരവബോധം വരുത്തുവാനും, കൌസല്യാദേവീപൂൎവ്വാചലേ രാമചന്ദ്രൻ ജാതനായമ്പോടു, ഗോവിന്ദ.

ഇവിടെ ഗോവിന്ദ എന്നതിന്നു വാക്യത്തിൽ പ്രവേശമേ ഇല്ല.

7. വാനോൎനദീപുരേ വാണരുളീടുന്ന ദീനാനുകമ്പിയാം കൃഷ്ണൻതിരുവടി ദീനം കളഞ്ഞെന്നെ രക്ഷിച്ചുകൊള്ളേണം.

373. 1. സങ്കീൎണ്ണവാക്യത്തെ വിഭജിക്കുമ്പോൾ അതിനെ ഉപവാക്യങ്ങളായിപ്പിരിച്ച് ഓരോന്നിന്റെ സ്വഭാവവും പ്രധാനവാക്യത്തോടുള്ള സംബന്ധവും കാണിക്കേണം. നാമവാക്യങ്ങളുടെ അന്ത്യവിഭക്തികളുടെ അൎത്ഥം പറയേണം. വിശേഷണവാക്യം അന്വയിക്കുന്ന വിശേഷ്യത്തേയും ക്രിയാവിശേഷണമായ ഉപവാക്യം ക്രിയാവിശേഷണാൎത്ഥങ്ങളിൽ (281) ഏതിനെക്കാണിക്കുന്നുവോ ആയതിനേയും വിവരിക്കേണം. ഓരോ ഉപവാക്യത്തെ പൂൎണ്ണമാക്കി കേവലവാക്യത്തെപ്പോലെ അപോദ്ധരിക്കേണം.

യൌവനം വന്നു പരിപൂൎണ്ണമായ്ച്ചമഞ്ഞതിഗൎവ്വിതന്മാരായുള്ള പുത്രരെക്കണ്ടു നൃപൻ, മന്ത്രികളെയും നിജപുത്രന്മാരെയും വിളിച്ചന്തികേ വരുത്തിക്കൊണ്ടീവണ്ണമുരചെയ്താൻ:—'ഒമ്പതു തനയന്മാരുണ്ടല്ലോ പുനരിനിക്കൊമ്പതിലൊരുവനെ ഭൂപതിയാക്കി വെച്ചു, കാനനം പുക്കു തപം ചെയ്തുകൊണ്ടനുദിനം, ഊനമെന്നിയെ ഗതി വരുത്തീടുകവേണം.

(i) 'യൌവനം വന്നു പരിപൂൎണ്ണമായ്ച്ചമഞ്ഞു'—ഭേദകവാക്യം, (ii) വാക്യത്തിന്റെ കാരണം പറയുന്നു. (ii) 'ഗൎവ്വിതന്മാരായുള്ള'—ഭേദകവാക്യം പുത്രരെ എന്നതിനെ വിശേഷിക്കുന്നു. (iii) 'നൃപൻ പുത്രരെക്കണ്ടു, മന്ത്രികളെയും നിജപുത്രന്മാരെയും വിളിച്ചു അന്തികേ വരുത്തിക്കൊണ്ടു ഈവണ്ണം ഉരചെയ്താൻ'—i, ii, iv. ഈ വാക്യങ്ങൾക്കു പ്രധാനവാക്യം. (iv) 'എനിക്കു പുനർ ഒമ്പതു തനയന്മാർ ഉണ്ടല്ലോ'—നാമവാക്യം ഉരചെയ്തു എന്നതിന്റെ കൎമ്മം. (v) 'ഒമ്പതിൽ ഒരുവനെ ഭൂപതിയാക്കിവെച്ചു കാനനം പുക്ക് അനുദിനം തപം ചെയ്തുകൊണ്ട് ഊനമെന്നിയെ ഗതിവരുത്തീടുകവേണം'—നാമവാക്യം ഉരചെയ്തു എന്നതിന്റെ കൎമ്മം. നാലും അഞ്ചും കൎമ്മമായി നില്ക്കുന്ന നാമവാക്യങ്ങളാകയാൽ സജാതീയവാക്യങ്ങളാകുന്നു.

i. വാക്യം. ആഖ്യ—യൌവനം.

ആഖ്യാതം—വന്നു ചമഞ്ഞു (അപൂൎണ്ണക്രിയ).

ആഖ്യാതവിശേഷണം—പരിപൂൎണ്ണമായി. (ഗുണവചനത്തോട് ആയി ചേൎന്നുണ്ടായതു).

ii. വാക്യം. ആഖ്യ — പുത്രന്മാർ (അദ്ധ്യാഹൃതം).

ആഖ്യാതം — ആയുള്ള (അപൂൎണ്ണക്രിയ).

ആഖ്യാതപൂരണം — ഗൎവ്വിതന്മാർ (ശബ്ദന്യൂനം).

iii. വാക്യം. ആഖ്യ — നൃപൻ.

കൎമ്മം — 1. പുത്രരെ (കണ്ടു എന്ന ക്രിയയുടെ കൎമ്മം). 2. മന്ത്രികളെ, 3. നിജപൌത്രന്മാരെ (വിളിച്ചു എന്നതിന്റെ കൎമ്മം. രണ്ടും ഉം അവ്യയത്താൽ കൂട്ടിച്ചേൎത്തിരിക്കുന്നു).

ആഖ്യാതം — ഉരചെയ്യാൻ (പൂൎണ്ണക്രിയ).

ആഖ്യാതവിശേഷണം (a) 1. കണ്ടു. 2. വിളിച്ചു. 3. വരുത്തിക്കൊണ്ടു (ക്രിയാന്യൂനങ്ങൾ) (b) അന്തികേ (സ്ഥലം) ഈവണ്ണം (പ്രകാരം).

iv. വാക്യം. ആഖ്യ — തനയന്മാർ.

ആഖ്യാവിശേഷണം — ഒമ്പതു (സംഖ്യ).

ആഖ്യാതം — ഉണ്ടല്ലോ (പൂൎണ്ണക്രിയ).

ആഖ്യാതവിശേഷണം — 1. പുനർ (അവ്യയം). 2. എനിക്കു — പുത്രൻ എന്ന നാമത്തിനും എനിക്കും തമ്മിലുള്ള സംബന്ധം 'ഉണ്ടല്ലോ' എന്നതു കാണിക്കുന്നു.

v. വാക്യം. ആഖ്യ — ഞാൻ (അദ്ധ്യാഹൃതം).

ആഖ്യാതം — വരുത്തീടുകവേണം (സമാസക്രിയ, വിധായകപ്രകാരം).

കൎമ്മം — 1. ഒരുവനെ (ആക്കി വെച്ചു എന്നതിന്റെ കൎമ്മം). 2. കാനനം (പുക്കു എന്നതിന്റെ കൎമ്മം). 3. തപം (ചെയ്തു എന്നതിന്റെ കൎമ്മം). 4. ഗതി (വരുത്തീടുകവേണം എന്നതിന്റെ കൎമ്മം).

ആഖ്യാതവിശേഷണം — 1. ഒമ്പതിൽ (നിൎദ്ധാരണാൎത്ഥം കാണിക്കുന്നു. ആക്കി എന്നതിനെ വിശേഷിക്കുന്നു). 2. അനുദിനം (അവ്യയീഭാവസമാസം. ചെയ്തു എന്നതിനെ വിശേഷിക്കുന്നു). 3. ഊനം എന്നിയെ (വരുത്തീടുകവേണം എന്നതിന്റെ വിശേഷണം). 4. ആക്കിവെച്ചു. 5. പുക്കു. 6. ചെയ്തുകൊണ്ടു — മൂന്നും ക്രിയാന്യൂനങ്ങൾ, വരുത്തീടുകവേണം എന്നതിനെ വിശേഷിക്കുന്നു.

2. കാഴ്ചക്ക് ആയതു് അല്പമായി തോന്നിയാലും ആ ക്രിയ, ഒരുവനു ഗുണാകരങ്ങളായ സൽകൃത്യാദികളിൽ സ്വാഭാവികമായിത്തന്നേ ആസ്ഥയുണ്ടെന്നുള്ളതിനെക്കുറിക്കുന്ന ലക്ഷണങ്ങളിൽ ഒന്നാകുന്നു എന്നും പ്രത്യേകിച്ച് ഓരോന്നു സൂക്ഷിപ്പാനും മിതവ്യയം ചെയ്വാനും ഉള്ള ശീലത്തിന്റെ സൂചകമെന്നും ആ വ്യാപാരിശ്രേഷ്ഠന്നു ബോധമായി.

(a) 'കാഴ്ചക്ക് ആയ്തു അല്പമായി തോന്നിയാലും' — ബോധമായി എന്നതിനെ വിശേഷിക്കുന്ന ഭേദകവാക്യം. (b) 'ഗുണകരങ്ങളായ' — സൽകൃത്യാദികളിൽ എന്നതിനെ വിശേഷിക്കുന്ന ഭേദകവാക്യം. (c) 'ഒരുവനു സൽകൃത്യാദികളിൽ സ്വാഭാവികമായി തന്നെ ആസ്ഥയുണ്ട്' — നാമവാക്യം ഉള്ളതു എന്നതിനോട്ട് അന്വയിക്കുന്നു. (d) 'ഉള്ളതിനെക്കുറിക്കുന്ന' — ഭേദകവാക്യം ലക്ഷണങ്ങൾ എന്നതിനെ വിശേഷിക്കുന്നു. 'എന്നു' c യേയും d യേയും കൂട്ടിച്ചേർക്കുന്നു. (e) 'ആ ക്രിയ ലക്ഷണങ്ങളിൽ ഒന്നാകുന്നു' — നാമവാക്യം ബോധം എന്നതിനോടു സാമാനാധികരണ്യത്തിൽ അന്വയിക്കുന്നു. (f) '(ഒരുവൻ) പ്രത്യേകിച്ച് ഓരോന്നു സൂക്ഷിപ്പാനും മിതവ്യയം ചെയ്വാനും ഉള്ള' — ഭേദകവാക്യം ശീലത്തിന്റെ എന്നതിനെ വിശേഷിക്കുന്നു. (g) 'ശീലത്തിന്റെ സൂചകം (ആകുന്നു)' — നാമവാക്യം, ബോധം എന്നതിനോടു സാമാനാധികരണ്യത്തിൽ അന്വയിക്കുന്നു. എന്നും — എന്നതും e, g എന്നു സജാതീയനാമവാക്യങ്ങളെ കൂട്ടിച്ചേർക്കുന്നു. (h) 'വ്യാപാരിശ്രേഷ്ഠനു ബോധമായി' — പ്രധാനവാക്യം. ഈ അവാന്തരവാക്യങ്ങളെ കേവലവാക്യങ്ങളെപ്പോലെ അപോദ്ധരിക്കേണം.

374. സംയുക്തവാക്യവിഭജനത്തെ ഉദാഹരിക്കാം.

നാകഭേരികൾ താനേ മുഴങ്ങിയും
ലോകമാനസജാലം തെളികയും
നാകനാരിമാരാടിയും പാടിയും.
തോയരാശി തെളികയും, ഗോവിന്ദ.

ഇവിടെ ഉം അവ്യയത്താൽ കൂട്ടിച്ചേർത്ത ഉപവാക്യങ്ങൾ ചേർന്നു സംയുക്തവാക്യം ഉണ്ടായിരിക്കുന്നു. ചെയ്തു എന്നതിനെ അദ്ധ്യാഹരിച്ച് അപോദ്ധരിക്ക.

അഭ്യാസം.

താഴെ എഴുതിയ വാക്യങ്ങളെ അപോദ്ധരിച്ചു കാരകാർത്ഥങ്ങൾ പറക.

i. ചേതസ്സുമാകർഷകമായിട്ടും നിൻ ഗീതസ്വരത്താൽ ഹൃതനായി ഞാനും, | സ്മിതമൃതം പൂണ്ട മൃഗത്തിനാലീ ശീതദ്യുതേർവ്വംശജനാം നൃപൻപോൽ. ||

ii. ചെവിക്കു പേയമായിട്ടു ഭവിക്കും ഭാരതാമൃതം | ചമച്ച നിർമ്മലാത്മാനം നമിക്കുന്നേൻ മഹാമുനിം.

iii. അരുളപ്പാടതു കേട്ടു കിരീടി പുരികക്കൊടികൊണ്ടൊന്നറിയിച്ചാൻ: | "കരുവരനുണ്ടു ശിരോഭാഗേ തവ മരുവീടുന്നു." നാരായണ ജയ. ||

iv. ഇന്നിന്നു പോം പ്രാണനെനിക്കു പാർത്താൽ എന്നങ്ങു ചിത്തത്തിൽ

നിനച്ച തന്നെ എന്നാംബ വാഴുന്നതു മാനവേന്ദ്രാ കേൾന്നിടോലാ നീയതുകൊണ്ടേടോ മാം. |

v. കല്യാണശീലനാം കാൎമ്മുകിൽവൎണ്ണനെ കല്യാത്മഭാവേന വന്ദിച്ചുകൊണ്ടു ഞാൻ | കല്യാണസൌഗന്ധികാഖ്യം കഥാഭാഗമുല്ലാസകാരണം ഭാരതസത്തമം | ചൊല്ലേറുമിക്കഥാലേശം ചുരുക്കി ഞാൻ ചൊല്ലാൻ തുടങ്ങുന്നു ദേശികാനുഗ്രഹാൽ.[3] |

vi. ദുഷ്ടബുദ്ധി, ചന്ദ്രഹാസന്ന് വിഷം കൊടുത്തു കൊല്ലേണമെന്നുള്ള മദനയോടുള്ള തന്റെ അനുശാസനയ്ക്കു മറുവടി കാത്തുംകൊണ്ടു ചന്ദനാവതിയിൽ വളരെ നാൾ പാൎത്തു. vii. കുന്തളരാജാവു വാൎദ്ധക്യത്താൽ പീഡിതനായിരുന്നു എങ്കിലും ചില സമയങ്ങളിൽ നായാട്ടുന്നതിന്ന് പോവുക പതിവായിരുന്നു. viii. 1627-ാം കൊല്ലത്തിൽ ഒരു ദിവസം രാവിലെ ഖാൻ ലോഡി തന്റെ സദനത്തിന്റെ വറാന്തയിൽ ഹുക്കയും വലിച്ചു അതുകൊണ്ടു സാധിക്കാൻ ഇച്ഛിച്ച സുഖവും ആനന്ദവും അനുഭവിച്ചുകൊണ്ടിരിക്കയായിരുന്നു. ix. ചക്രവൎത്തിയുടെ നിലയിൽ അദ്ദേഹം എന്തൊക്കെയാണ് എങ്ങിനെയൊക്കെയാണ് പ്രവൎത്തിക്കാൻ പോകുന്നതെന്ന്, രാജതലസ്ഥാനത്ത് ചെന്നാൽ അടുത്തു തന്നെ അറിയാമല്ലൊ എന്നും, ആവശ്യമുണ്ടെങ്കിൽ ആ അറിവ് രാജ്യത്തിന്റെ ഗുണത്തിന്നു വിനിയോഗിക്കാമല്ലൊ എന്നും ഖാൻ ലോഡി വിചാരിച്ചു. ഇവയിൽ ദുഷ്ടവാക്യങ്ങളെപ്പരിഷ്കരിക്ക.

5. സംസ്കരണം.

375. അന്വയം, ആകാംക്ഷ, യോഗ്യത, ആസത്തി (സന്നിധി), പ്രാധാന്യം, സംശ്ലേഷം, ക്രമം, ഐക്യം, ശബ്ദശുദ്ധി, മിതപദത്വം, ബന്ധം, സമാംഗകത്വം മുതലായി മുമ്പു വിവരിച്ച വാക്യഗുണങ്ങളിൽ വല്ലതിനേയും തിരസ്കരിച്ചാലുണ്ടാവുന്ന ദോഷങ്ങളെ നീക്കി വാക്യത്തെ നന്നാക്കുന്നതാകുന്നു **സംസ്കരണം**. പൌനരുക്ത്യം, വക്രത, പദഭ്രയിഷ്ഠത്വം ഇത്യാദി ദോഷങ്ങളെപ്പരിഹരിക്കുന്നതും സംസ്കരണം തന്നെ.

സമുച്ചയവും സാമാനാധികരണ്യവും സംസ്കരണത്തിൽ ഉൾപ്പെട്ട വിഷയങ്ങൾ ആകുന്നു.

a. 1. സുഖത്തിലും ദുഃഖത്തിലും ഛായ എന്ന പോലെ ഇവൾ നിന്നെ അനുഗമിക്കും. 2. പതിവ്രതയായ നാരി തന്റെ കഷ്ടം ചിന്തിക്കാതെ തന്റെ ഭർത്താവിന്റെ സുഖം ഒന്ന മാത്രം ആലോചിച്ചു അവനെ ഛായ എന്നപോലെ അനുഗമിക്കുന്നതാകുന്നു. 3. അതുകൊണ്ടത്രേ മരിച്ചുപോയിട്ടില്ലെങ്കിലും അതിന്നു സുഖമുള്ളതായി തോന്നാത്തതു. 4. സിംഹം, നരി, ചെന്നായി, പുലി എന്നിങ്ങിനെയുള്ള വനത്തിലേ ക്രൂരമൃഗങ്ങൾ മാനുകളെ കൊന്നു ഭക്ഷിച്ചു ജീവിക്കുന്നു. 5. വായുവിൽ ജലം ഉള്ള പ്രകാരം തന്നേ, നമുക്കു കാണ്മാൻ കഴിയാത്ത വേറെയും അനേകവസ്തുക്കൾ അതിൽ ഉണ്ടു. 6. കലപ്പ അല്ലെങ്കിൽ കരി അററത്തു ഇരിമ്പോ ഉരുക്കോ കെട്ടിച്ചിട്ടുള്ള ഒരു മൂച്ചയുള്ള മരക്കഷണമാകുന്നു. 7. രാമൻ തക്ക സമയത്തു രാവിലെ എഴുന്നീററു ആറുമണിക്കു മുമ്പായി തന്റെ കാളകളെ വയലിൽ കൊണ്ടുപോകും. 8. രാമന്റെയും സോദരന്മാരുടേയും ശൈശവവും ബാല്യവും ഈ വിധം കഴിഞ്ഞു, അനുനയനകാലം അടുത്തു വന്നു. അവർ ക്ഷൌരം ചെയ്യിച്ചു സ്നാനാന്തരം ചുകന്ന പട്ടുവസ്ത്രം ധരിപ്പിച്ചു. സുമുഹൂർത്തം കൊണ്ടു പുരോഹിതനായ വസിഷ്ഠൻ അവക്കു ഉപനയനം ചെയ്തു കൃഷ്ണമൃഗത്തിൻ ചർമ്മം കൊണ്ടുള്ള പൂണനൂൽ ധരിപ്പിച്ചു. വസിഷ്ഠൻ പിന്നെ അവക്കു ഗായത്രി ഉപദേശിച്ചു.

ഈ വാക്യങ്ങളിൽ ദോഷങ്ങൾ ഉണ്ടെങ്കിൽ അവയെക്കാണിച്ചു വാക്യങ്ങളെ സംസ്കരിക്കുക.

b. 1. സന്തോഷമുള്ളപ്പോൾ നായ്ക്കൾ വാലാട്ടുകയും കോപിക്കുമ്പോൾ മുരളുകയും പല്ലിളിക്കയും ദുഃഖമുള്ളപ്പോൾ തല ഉയർത്തിപിടിക്കയും ചെയ്യും. 2. എന്നാൽ അവരുടെ കററം തെളിയുംപോൾ ആ കററത്തിന്നു മാത്രമല്ല അതു മറച്ചു വെപ്പാനായി പറഞ്ഞ കളവു നിമിത്തവും അവർ ശിക്ഷ അനുഭവിക്കേണ്ടി വരുന്നു. 3. ചില നദികളിലും പുഴകളിലും ഉള്ള മണലിലും സ്വർണ്ണം കലന്നിരിക്കും. 4. നമ്മുടെ കണ്ണുകൾ കൊണ്ടു കാണ്മാൻ കഴിയാത്ത അനേക സൂക്ഷ്മവസ്തുക്കളെ സ്ഥൂലവസ്തുക്കളാക്കി നമ്മുടെ ദൃഷ്ടിഗോചരമാക്കുന്ന ഭൂതക്കണ്ണാടി കൊണ്ടു സസ്യങ്ങളുടെ എത്രയും ചെറിയ വാസ്കളെയും വ്യക്തമായി കാണ്മാൻ കഴിയും. 5. കുരങ്ങിന്നു എല്ലാ ജന്തുക്കളെക്കാളും മനുഷ്യനോടു അധികം ത്രാസാദൃശ്യതയുണ്ടു. 6. കുരങ്ങുകളിൽ പല വർഗ്ഗങ്ങൾ ഉണ്ടു. 7. ഇപ്പോൾ വളരെ ഖനം കുറഞ്ഞു കൂടാതെ എനിക്കു വളരെ സുഖവും തോന്നുന്നു. 8. ചിലതു ഒരു കുതിരയോളം വലുതും ചിലതു മുയലിനോളം ചെറുതും ആകുന്നു.

മേൽ വാക്യങ്ങളെ സംസ്കരിക്ക.

c. 'നമ്മെയും മററുള്ള സകല പ്രാണികളെയും എന്നുവേണ്ട ഈ ലോകത്തെയും അതിലുള്ള സർവ്വ പദാർത്ഥങ്ങളെയും സൃഷ്ടിച്ചതു ദൈവമാകുന്നു. ഇതു

കൂടാതെ സൂൎയ്യചന്ദ്രന്മാരെയും നക്ഷത്രങ്ങളെയും നമുക്കു അദൃശ്യങ്ങളായ അസംഖ്യം ലോകങ്ങളെയും ദൈവം സൃഷ്ടിച്ചിരിക്കുന്നു.' ഈ വാക്യങ്ങൾ ദൈവത്തിന്നു പ്രാധാന്യം കിട്ടാൻ തക്കവണ്ണം മാററി അൎത്ഥപൌനരുക്ത്യം കാണിക്ക.

d. രാജാവിന്നു കൌസല്യ, കൈകേയി, സുമിത്ര എന്നിങ്ങിനെ മൂന്നു ഭാൎയ്യമാരും കൌസല്യയിൽ രാമൻ, കൈകേയിൽ ഭരതൻ, സുമിത്രയിൽ ലക്ഷ്മണൻ, ശത്രുഘ്നൻ എന്നു നാലു പുത്രന്മാരും ഉണ്ടായിരുന്നു. ഇതിനെ അപോദ്ധരിച്ച ശ്ലോകങ്ങളെക്കാണിക്ക.

e. പുത്രിക്കു ശക്തനും പരാക്രമിയും യുദ്ധവിശാരദനുമായ ഭൎത്താവിനെ കിട്ടേണമെന്നുള്ള മോഹത്തോടു കൂടി പുരാതനത്തിൽ പ്രസിദ്ധമാരായ വീരന്മാർ ഉപയോഗിച്ചതും തന്റെ കുടുംബത്തിൽ വളരെ പുരുഷാന്തരം ഇരിപ്പുള്ളതുമായ ഒരു മഹാവില്ലു വലിച്ചു കലച്ചു മുറിപ്പാൻ കഴിവുള്ള വീരന്നു മാത്രമേ തന്റെ മകളെ കല്യാണം ചെയ്തു കൊടുക്കയുള്ളു എന്നു ജനകൻ എങ്ങും ഒരു വിളംബരം പരസ്യപ്പെടുത്തി. വാക്യത്തിന്നു ഐക്യം കിട്ടാൻ മാററിയെഴുതുക.

6. മഹാവാക്യം.

376. 1. ഒരേ വിഷയത്തെ ഉപപാദിക്കുന്ന അനേകവാക്യങ്ങൾക്കു തമ്മിലുള്ള സംബന്ധം നിമിത്തം ഒന്നായി കൂട്ടുമ്പോൾ അവ ഒരു **മഹാവാക്യം** ആകും.

2. വാക്യത്തെപ്പോലെ മഹാവാക്യത്തിന്നും പ്രാധാന്യം, സംശ്ലേഷം, ഐക്യം എന്ന ഗുണങ്ങൾ ഉണ്ടായിരിക്കേണം. അതിലേ അവാന്തരവാക്യങ്ങളുടെ സംബന്ധത്തെ ദ്യോതിപ്പിക്കുന്ന പദങ്ങളില്ലെങ്കിലും അവയുടെ ആസത്തിയിൽനിന്നു സംബന്ധം എളുപ്പം ഗ്രഹിക്കത്തക്ക വണ്ണം മഹാവാക്യത്തിന്നു സംശ്ലേഷം ഉണ്ടായിരിക്കും. ഓരോ വാക്യത്താൽ ജനിക്കുന്ന ആകാംക്ഷയെ അടുത്ത വാക്യം ശമിപ്പിക്കും. മഹാവാക്യങ്ങൾ ചേൎന്നുണ്ടാകുന്ന പ്രബന്ധവും മഹാവാക്യത്തിന്നു തുല്യമാകയാൽ അതിന്നും ഈ മൂന്നു വാക്യഗുണങ്ങൾ ഉള്ള കാരണം മഹാഭാരതാദിബൃഹദ്ഗ്രന്ഥങ്ങളേയും കൂടി മഹാവാക്യമെന്നു പറയും. ഗ്രന്ഥത്തിലേ അദ്ധ്യായം മുത

ലായ വിഭാഗങ്ങൾക്ക തമ്മിലുള്ള സംബന്ധം ആകാംക്ഷയും സംശ്ലേഷവും സൂചിപ്പിക്കും.

3. ഗ്രന്ഥം ഒരു വിഷയത്തെ പ്രാമുഖ്യേണ ഉപപാദിക്കുന്നതു കൊണ്ടു് അതിന്നു് **ഏകവാക്യത** ഉണ്ടെന്നു പറയും. ഈ പ്രധാനവിഷയത്തിന്റെ അംഗങ്ങളായി മററനേകം വിഷയങ്ങൾക്ക ഗ്രന്ഥത്തിൽ പ്രവേശിക്കാമെങ്കിലും അവക്ക പ്രാധാന്യം കുറഞ്ഞതു കൊണ്ടു വിസ്താരവും കുറഞ്ഞിരിക്കും.

4. മഹാവാക്യം ഗാഢബന്ധമായ ഒരു സംകീൎണ്ണവാക്യത്തിന്നു തുല്യമാകയാൽ അതു് ഉപപാദിക്കുന്ന മുഖ്യവിഷയം അടങ്ങിയിരിക്കുന്ന വാക്യം സംകീൎണ്ണവാക്യത്തിലെ പ്രധാനവാക്യത്തിന്നു സമമായിരിക്കും. ഈ വാക്യത്തെ **പ്രതിജ്ഞാവാക്യ**മെന്നു പറയും. പ്രതിജ്ഞാവാക്യം മഹാവാക്യത്തിന്റെ ആദിയിലോ മദ്ധ്യത്തിലോ അന്തത്തിലോ വരുമെങ്കിലും സംകീൎണ്ണവാക്യത്തിലെ പ്രധാനവാക്യം അന്തത്തിൽ മാത്രമേ വരികയുള്ളൂ. മറെറാരു മഹാവാക്യത്തിലെ വിചാരത്തെ തന്നെ ഒരു മഹാവാക്യം തുടൎന്നു പറയുമ്പോൾ അതിൽ പ്രതിജ്ഞാവാക്യം ഇല്ലാതേയും വരാം.

5. സംകീൎണ്ണവാക്യത്തിലെ ഉപവാക്യങ്ങൾ തമ്മിലുള്ള സംബന്ധത്തെപ്പോലെ മഹാവാക്യത്തിലെ അവാന്തരവാക്യങ്ങൾ തമ്മിലുള്ള സംബന്ധവും സ്പഷ്ടമായാൽ ആ മഹാവാക്യത്തിന്നു് "ഒഴുക്കു" ഉണ്ടെന്നു പറയും.

377. 1. "ശരീരത്തിന്നും മനസ്സിന്നും തമ്മിൽ വളരെ സംബന്ധമുണ്ടു. 2. ദേഹത്തിൽ വല്ല സുഖക്കേടുണ്ടെങ്കിൽ മനസ്സിന്നും ദേഹത്തിന്നും സുഖം തോന്നുകയില്ല. 3. മനസ്സമാധാനം ഇല്ലാതായാൽ ദേഹം ക്ഷീണിക്കും. 4. ദേഹം ക്ഷീണിക്കുന്തോറും മനശ്ശക്തിയും കുറയും. 5. അതിനാൽ മനശ്ശക്തിയും ശുദ്ധിയും വൎദ്ധിപ്പാൻ ഒന്നാമതായിട്ടു ദേഹത്തെ ശുദ്ധിയോടെ വെക്കേണം. 6. എല്ലാ ദിവസവും രാവിലെ എഴുന്നേററു് ഉടനെ മുഖം കഴുകി ദന്തശുദ്ധി ചെയ്തു കൈകാൽ കഴുകി ചളി കളയേണം. 7. സാധിക്കുന്ന പക്ഷം കാലത്തു് സ്നാനം ചെയ്യുന്നതാണു് നല്ലതു്. 8. രാത്രി ഉറങ്ങുന്ന സമയത്തു വി

യച്ഛജലം കൊണ്ടു ത്വക്കിലുള്ള രോമകൂപങ്ങൾ അടഞ്ഞിരിക്കും. 9. സോപ്പോ, ചെറുപയറോ, പിണ്ണാക്കോ കൊണ്ടു ദേഹം മുഴുവനും നന്നായി തേച്ചു കഴുകി പരിശുദ്ധമാക്കുന്നതു രക്തത്തിന്റെ ശുദ്ധിക്കു വളരേ നല്ലതാണു."

ബാലരായ വിദ്യാൎത്ഥികളുടെ പ്രയോജനത്തിന്നായി എഴുതിയ ഈ മഹാവാക്യത്തിലെ വാക്യങ്ങളെല്ലാം ഹ്രസ്വവാക്യങ്ങൾ ആകുന്നു. പദങ്ങൾ നിത്യം എല്ലാവരും ഉപയോഗിക്കുന്നവ തന്നെ ആകയാൽ മഹാവാക്യത്തെ ആൎക്കും എളുപ്പം ഗ്രഹിക്കാം. 1-ാം വാക്യം പ്രതിജ്ഞയാകുന്നു. 2-ാമത്തേതു പ്രതിജ്ഞയെ വ്യാഖ്യാനിക്കുന്നു. 3-ാം വാക്യം വ്യതിരേകം കൊണ്ടു ദോഷം പറയുന്നു. മനസ്സിന്നു സമാധാനം ഉണ്ടായാലേ ദേഹത്തിന്നു ബലമുണ്ടാകയുള്ളു എന്ന അന്വയവ്യാപ്തിയെ ധ്വനിപ്പിക്കുന്നു. 4-ാം വാക്യം മൂന്നിലേ ദോഷത്തിന്റെ ഫലം എന്തെന്നു കാണിച്ചു പ്രതിജ്ഞയെ ദൃഢമാക്കുന്നു. 5-ാം വാക്യം മുൻപറഞ്ഞ കാൎയ്യങ്ങളെ ആധാരമാക്കി ദോഷനിവൃത്തിമാൎഗ്ഗത്തെ ഉപദേശിക്കുന്നു. 6-ാം വാക്യം നിത്യശൌചത്തേയും 7-ാം വാക്യം പ്രാതഃസ്നാനത്തേയും വിധിക്കുന്നു. 8-ാം വാക്യത്തിൽ പ്രാതഃസ്നാനത്തിന്നുള്ള കാരണം കാണിച്ചു, 9ൽ രോമകൂപങ്ങളെത്തുറപ്പാനുള്ള മാൎഗ്ഗത്തേയും അതിന്റെ ഫലത്തേയും വിവരിക്കുന്നു. മൂലത്തിൽ മഹാവാക്യം വളരെ നീണ്ടുപോയിട്ടുണ്ടു.

ഇവിടെ പ്രതിജ്ഞാവാക്യം ആദ്യം തന്നെ പറഞ്ഞു പിന്നെ അതിനെ ദൃഢമാക്കാനുള്ള ന്യായങ്ങളെക്കാണിക്കുന്നതു കൊണ്ട് ഈ മഹാവാക്യം വിവരണത്തിന്ന് ഉദാഹരണമാകുന്നു. 2-ാം വാക്യം കൊണ്ടു തുടങ്ങി 9-ാംവാക്യം വരെയുള്ള കാരണങ്ങളെക്കാണിച്ച് 1-ാം വാക്യം കൊണ്ടുപസംഹരിച്ചാൽ ഗ്രന്ഥകാരൻ എന്തു സ്ഥാപിക്കാൻ പോകുന്നു എന്ന ഉൽകണ്ഠയാൽ പീഡിതരായ വായനക്കാൎക്ക് അതു് അവസാനത്തിൽ വന്നാൽ ആശ്വാസവും പ്രതിജ്ഞക്കു പ്രാധാന്യവും ഉണ്ടാകും.

378. 1. "കന്യാകുമാരി മുതൽ ഗോകൎണ്ണംവരെ തെക്കുവടക്കു നീണ്ടു കിടക്കുന്ന കേരളം അല്ലെങ്കിൽ മലയാളം ദക്ഷിണകേരളമെന്നും ഉത്തരകേരളമെന്നും രണ്ടായിട്ടൊരു മഹാവിഭാഗത്താൽ ഖണ്ഡിക്കപ്പെട്ടിരിക്കുന്നു. 2. അതിൽ ഉത്തരകേരളം മുപ്പത്തിരണ്ടു ഗ്രാമങ്ങളായി വിഭജിക്കപ്പെട്ടിട്ടുള്ള തുളുനാടായിത്തീൎന്നു. 3. അവിടെയുള്ള ജനസമുദായം ദക്ഷിണകേരളീയരിൽ നിന്നു പ്രായേണ ഭിന്നാചാരമായി വരികയും ഭാഷ കൊണ്ടു പോലും വ്യത്യാസപ്പെടുകയും ചെയ്തു. 4. ദക്ഷിണകേരളത്തിനെ മാത്രമേ ഇപ്പോൾ മലയാളമെന്നു പറഞ്ഞുവരാറുള്ളു. 5. മുപ്പത്തിരണ്ടു ഗ്രാമങ്ങളുള്ള ഈ മലയാളഖണ്ഡം തന്നെ ഒടുവിലേ ചേരമാൻ പെരുമാളായ ഭാസ്കരരവിവൎമ്മമഹാരാജാവിന്റെ വാഴ്ചക്കു

ശേഷം അനേകം ചെറുരാജാക്കന്മാരാൽ ഭരിക്കപ്പെട്ടുപോന്നിരുന്നുവെന്നുള്ളതു പ്രസിദ്ധമാണല്ലോ."

ഇതു പന്നിയൂർ ഗ്രാമത്തെക്കുറിച്ചുള്ള ഉപന്യാസത്തിലെ ആദ്യമഹാവാക്യം. ആ ഗ്രാമം കേരളത്തിൽ ഉള്ളതു കൊണ്ടു കേരളത്തെ വൎണ്ണിപ്പാൻ ഈ മഹാവാക്യം എഴുതിയിരിക്കുന്നു. ഒന്നാംവാക്യം കേരളത്തിന്റെ വിസ്താരവും രണ്ടു ഭാഗങ്ങളും പറയുന്നു. രണ്ടും മൂന്നും വാക്യങ്ങൾ തുളുനാടിനേയും അതിലെ ജനങ്ങളേയും കുറിച്ചുപപാദിക്കുന്നു. നാലാംവാക്യം കേരളത്തിന്റെ തെക്കേഭാഗമായ മലയാളരാജ്യത്തെ വൎണ്ണിക്കുന്നു. അഞ്ചാം വാക്യം ഒരു രാജ്യമായ മലയാളം ബഹുരാജകമാവാനുള്ള കാരണമെന്തെന്നു കാണിക്കുന്നു. രണ്ടാം മഹാവാക്യം മലയാളരാജ്യം പന്നിയൂർക്കൂറെന്നും ശുകപുരംകൂറെന്നും രണ്ടായിപ്പിരിയുവാനുള്ള കാരണം പറയുന്നു. ഒന്നും രണ്ടും മഹാവാക്യങ്ങൾ സാകാംക്ഷങ്ങൾ ആകുന്നു എന്നു രണ്ടാം മഹാവാക്യാദിയിലെ 'എന്നാൽ' എന്ന നിപാതത്താൽ നിൎദ്ധാൎയ്യമാണു:—

"എന്നാൽ അനേകം രാജാക്കന്മാരുടെ കീഴിൽ മുപ്പത്തിരണ്ടു ഗ്രാമങ്ങളിലായി അധിവസിച്ചിരുന്നവരാണെങ്കിലും ഈ മലയാളികൾ പന്നിയൂർ ശുകപുരം എന്നിങ്ങിനെ രണ്ടു പ്രധാനഗ്രാമങ്ങളോടു ചേൎന്നു രണ്ടു കക്ഷികളായിട്ടാണു വളരെക്കാലം കഴിഞ്ഞുപോന്നതു" ഇത്യാദി രണ്ടാം മഹാവാക്യം.

ഒന്നാം മഹാവാക്യാന്തത്തിൽ പ്രസ്താവിച്ച കേരളത്തിലെ ബഹുരാജകത്വത്തെ രണ്ടാം മഹാവാക്യാരംഭത്തിൽ അനുവദിക്കുന്നതു കൊണ്ട് ആ വിചാരം തന്നെ ഇതിലും തുടൎന്നു കൊണ്ടിരിക്കുന്നു എന്ന് അറിയിക്കുന്നു.

രണ്ടു മഹാവാക്യങ്ങളിൽ ആദ്യത്തിലേ വിചാരം രണ്ടാമത്തേതിൽ എങ്ങിനെ സംക്രമിക്കുന്നു എന്നതു കാണിക്കണം. ഇവയുടെ സംബന്ധം കാണിപ്പാൻ ഒന്നാം മഹാവാക്യത്തിന്റെ അവസാനത്തിൽ വരുന്ന വാക്യത്തെ സംക്രമണവാക്യം എന്നു പറയും.

പന്നിയൂർ ഗ്രാമത്തെ സംബന്ധിച്ച ഉപന്യാസത്തിലെ ആദ്യവാക്യം അതിനെ നിൎദ്ദേശിക്കേണ്ടിയിരുന്നു. "പണ്ടു കേരളത്തിലെ ഗ്രാമങ്ങളിൽ വെച്ചു സുപ്രസിദ്ധമായതു പന്നിയൂർ ആയിരുന്നു" എന്നു തുടങ്ങിയിരുന്നുവെങ്കിൽ പ്രതിജ്ഞാവാക്യം ഉപക്രമത്തിൽ വന്നു 'കന്യാകുമാരി' ഇത്യാദി വാക്യങ്ങളാൽ പരിപോഷിതമായി പന്നിയൂർ ഗ്രാമത്തിന്നു പ്രാധാന്യവും അതിൽ പിന്നെ വരുന്ന വാക്യങ്ങൾക്കു സംശ്ലേഷവും ഉണ്ടാകുമായിരുന്നു.

ഭൂമിശാസ്ത്രത്തേയും പൂൎവ്വചരിത്രത്തേയും ആശ്രയിച്ചു നിൎമ്മിച്ച ഈ മഹാവാക്യത്തിൽ ദൈശികകാലികക്രമങ്ങളെ ആശ്രയിച്ചിരിക്കുന്നു.

379. 1. പ്രപഞ്ചത്തിലേ സൎവ്വവസ്തുക്കളും ദിക്കിൽ സ്ഥിതി ചെയ്യുന്നു. കാലഭേദത്താൽ അവക്കു പല വിധം മാററങ്ങളും സംഭവിക്കും. വസ്തുക്കളുടെ സ്ഥാനഭേദങ്ങളേയും വിഭാഗങ്ങളേയും വികാരങ്ങളേയും ഒരു ക്രമം അനുസരിച്ചു രസകരമായിപ്പറയുന്നതു **വൎണ്ണനം.** കാലക്രമം പ്രമാണിച്ചു മുഖ്യമായ സംഭവങ്ങളെപ്പറയുന്നതു **ആഖ്യാനം.** ആഖ്യാനവും വൎണ്ണനവും വിഷയജ്ഞാനം ഉപദേശിപ്പാൻ ഉപയോഗിക്കും (25).

2. ഒരു വിഷയത്തെ വ്യക്തമായി ഉപദേശിക്കുന്നതിന്നു അതിൻെറ കാരണം, കാൎയ്യം, പ്രയോജനം, അന്യവിഷയങ്ങളോടുള്ള സംബന്ധം മുതലായ വിവരങ്ങളെക്കാണിപ്പാൻ വിവരണം വേണം. മഴ, കൊടുങ്കാററു, തീ, കൂട്ടായ്മക്കവച്ചു, അടികലശൽ മുതലായവയെ വൎണ്ണിപ്പാൻ വിവരണവും ആവശ്യമായ്വരും. ഇങ്ങനെ വിവരണവും വൎണ്ണനവും ഒന്നിച്ചു കൂടുന്നതിനെ **വിവരണാത്മകവൎണ്ണനമെന്നു** പറയും.

3. ലോകരെ രസിപ്പിപ്പാൻ കവി പ്രതിഭാശക്തി കൊണ്ടു ഒരു വിഷയത്തെ യഥാസ്ഥിതി പരീക്ഷിച്ചു പൂൎണ്ണമായി നിരൂപിച്ചു അതിനെ ചിത്രത്തിൽ എഴുതിയതു പോലെ പ്രത്യക്ഷവും ഉജ്ജ്വലവും ആക്കി വൎണ്ണിക്കുന്നതു **വിഭാവകവൎണ്ണനം** ആകുന്നു. വായനക്കാരുടെ മനസ്സിനെ ആകൎഷിച്ചു വിഭാവനാശക്തിയെയുണൎത്തി വിജ്ഞാനം വൎദ്ധിപ്പിപ്പാൻ ഈ വൎണ്ണനയെ ഉപയോഗിക്കും. എന്നാൽ വായനക്കാരുടെ വിജ്ഞാനത്തിന്നനുകൂലമായി സംജ്ഞകളെക്കുറച്ചു കളഞ്ഞു ശാസ്ത്രവിഷയത്തെ കഴിയുന്നത്ര വിശദമാക്കാൻ ശ്രമിക്കേണം.

4. വൎണ്ണനം വിഷയത്തിൻെറ ഏതു ഭാഗത്തു നിന്നും തുടങ്ങാം. ഭാഗങ്ങളെല്ലാം കണ്ണിൽ പെടുന്ന വിധം ഒന്നിച്ചു

കൊണ്ടുവന്ന് ആരോഹണക്രമത്തിൽ ഉച്ചസ്ഥാനം കാണിച്ചാൽ വർണ്ണനത്തിന്ന് ഐക്യവും സംശ്ലേഷവും ഉണ്ടാകും. വർണ്ണനത്തിൽ സംഭവങ്ങളുടെ സ്വാരസ്യത്തിന്നു പരമകാഷ്ഠ പ്രാപിക്കുന്ന ഒരു സന്ദർഭം ഉണ്ടാകും. ഇതാകുന്നു വർണ്ണനയുടെ ജീവൻ.

a. കണ്ഠനാളമഴകിൽ തിരിച്ചനുപദം രഥം പിറകിൽ നോക്കിയും,
കുണ്ഠനായ് ശരഭയേന പൃഷ്ഠമതു പൂർവ്വകായഗതമാക്കിയും, |
ഇണ്ടൽ കൊണ്ടു വിവൃതാന്മുഖാൽ പാതി ചവച്ച ദർഭകൾ പതിക്കവേ
കണ്ടുകൊൾക കുതി കൊണ്ടു കിഞ്ചിദവനൗ ഭൃശം നഭസി ധാവതി. ||

ദുഷ്യന്തരാജാവിന്റെ ശരമേറ്റു താൻ മരിക്കുമെന്ന ഭയം ഹേതുവായി ഓടുന്ന മൃഗത്തിന്റെ വർണ്ണനയിൽ മൃഗത്തിന്റെ ബാഹ്യചേഷ്ടങ്ങളെ സ്പഷ്ടമായി വർണ്ണിച്ച് അതിന്റെ ആന്തരമായ ഭയത്തെ നമ്മുടെ അനുഭവത്തിന്നു കാളിദാസൻ ഗോചരമാക്കുന്നു. ഇതു വിഭാവകവർണ്ണനത്തിന്നുള്ള ഉത്തമദൃഷ്ടാന്തമാകുന്നു. ഇതിനെ ഗദ്യമാക്കി സരളപദങ്ങളെ ആവശ്യം പോലെ ചേർത്തു വർണ്ണനം നന്നാക്കുവാൻ ശ്രമിക്ക. കാളിദാസനെക്കാൾ ശക്തി കുറഞ്ഞവർ ആ കവിയുടെ അർത്ഥം സ്പഷ്ടമാക്കാൻ ഉത്തമവാക്യം എഴുതേണമെന്നു മാത്രമേ വിവക്ഷയുള്ളൂ.

b. മന്ദം വന്നുദയാദ്രിതൻ മറവിലായ്‌നിന്നീടുമിന്ദുപ്രഭാ—
വൃന്ദം സാന്ദ്രതമോഗുണത്തെയകലത്തുക്കോട്ടു നീക്കും വിധൌ |
ചിന്തീടുന്നളകങ്ങളെ ദൃഢതരം ബന്ധിക്കയാലെന്ന പോ
ലിന്നേററം ഹരിദിങ്മുഖം മമ ഹരിച്ചീടുന്നു നേത്രങ്ങളെ. ||

വിക്രമോർവ്വശീനാടകത്തിലെ ചന്ദ്രോദയവർണ്ണന.

c. മഹാരാജാവേ ഇതു നോക്കുക തന്നെ. തണുത്ത കാറ്റു കൊണ്ടു പൊഴിയുന്ന ശേഫാലികാപുഷ്പങ്ങൾ കൊണ്ടും സുന്ദരിമാരുടെ കവിൾത്തടം പോലെ കുറഞ്ഞൊന്നു ചുവന്ന ലോധ്രപുഷ്പങ്ങൾ കൊണ്ടും വിടർന്നിരിക്കുന്ന കുന്ദപുഷ്പങ്ങൾ കൊണ്ടും തണുപ്പും സൌരഭ്യവും ഉള്ളതായും പ്രഭാതകാലം കൊണ്ടു അതിമനോഹരമായും ഇരിക്കുന്ന തിരുമനസ്സിലെ ബാലോദ്യാനത്തിന്റെ സൌഭാഗ്യത്തെക്കണ്ടാലും. എന്തെന്നാൽ:—

മരന്ദമിഹ മേദുരോദരമതായി രാത്രൌ വിട
ർന്നിടുന്ന സുമവൃന്ദമോടനുപതിച്ചു സൂര്യാംശുവാൽ |
വിരിഞ്ഞ മുകുളങ്ങളിന്നിളകിടുന്ന സൌരഭ്യവൽ
സരോജനികരങ്ങളിൽ പതതി വണ്ടുതൻ മംഗളം. ||

വേണീസംഹാരത്തിൽനിന്നു സുയോധനന്റെ ഉദ്യാനത്തിന്റെ വർണ്ണന.

d. രാജാവു (ചുററും നോക്കീട്ടു) പ്രിയേ പരിഭ്രമിക്കേണ്ട, കണ്ടാലും!

ഘോരാം രേണു പരന്നിടുന്നു ഗഗനേ വേരററിടുന്നു മരം
പൂരിക്കുന്നു രവം പരുത്ത ചരൽ കൊണ്ടേററുന്നു ദിക്കൊക്കയും |
ഭാരിക്കും ദ്രുമമങ്ങു തമ്മിലുരസിപ്പററുന്നു തീധൂമവും
ഭീരത്വം കലരേണ്ട ധീരരടിതം ചുററുന്ന കാററാണിതു് ||

സഖി. എല്ലാ ദിക്കുകളിൽ നിന്നും ഇളകിപ്പുറപ്പെടുന്ന പരുപരുത്ത പൊടി കൊണ്ടു കണ്ണുകൾക്കുപദ്രവം ചെയ്യുന്നതായും അതു കൊണ്ടു തന്നെ ജനങ്ങളുടെ ഗതാഗതത്തിന്നു ബാധകമായും വേഗാധിക്യം കൊണ്ടു പൊട്ടി വീഴുന്ന വൃക്ഷങ്ങളുടെ ശബ്ദത്താൽ ഭയപ്പെട്ടു സ്ഥാനം വിട്ടോടുന്ന കരിരകളോടു കൂടിയും മഹാഭയങ്കരമായും ഇരിക്കുന്ന ഈ ചുഴലിക്കാററു് അതിദുസ്സഹമായിരിക്കുന്നു.

b, c, d എന്നീ വർണ്ണനങ്ങളെ വിവരിക്കുക. ഇവയെ പരിഷ്കരിപ്പാൻ കഴിയുമെങ്കിൽ നന്നായി ആശയം വെളിവാക്കുക.

380. നാടകത്തിലേ അരങ്ങത്തു പാത്രങ്ങളുടെ വസ്ത്രാലംകാരങ്ങളും, സംഗീതം, നാട്യം, ഹൃദ്യമായ അഭിനയം, ദിക്കാലഭേദങ്ങളെക്കാണിക്കുന്ന ചിത്രപടങ്ങളും എന്നിവയുടെ സമ്മേളനത്താൽ ഉത്ഭവിക്കുന്ന മായാവൈഭവത്തെ തന്നേ ഗ്രന്ഥകാരൻ വർണ്ണന കൊണ്ടു് ആഖ്യാനത്തിൽ നിഷ്പാദിക്കും.

ഹിമാലയത്തിലേ ഗുഹകളിൽ നിന്നു കാററു് ഉണങ്ങിയ മുളകളിൽ ശബ്ദം ഉണ്ടാക്കുന്നു. അവിടെ കിന്നരരും ഉണ്ടു എന്ന വസ്തുസ്ഥിതികഥനത്തെ കാളിദാസൻ വിഭാവകവർണ്ണനയായി വർണ്ണിക്കുമ്പോൾ അതു് ഒരു ചിത്രത്തെ പോലെ മനോരഞ്ജകമാകും. — "ഹിമവാൻ ദരീമുഖത്തിൽ നിന്നു പുറപ്പെടുന്ന സമീരണം കൊണ്ടു കീചകരന്ധ്രഭാഗങ്ങളെ പൂരിപ്പിക്കുന്നതു കൊണ്ടു ഗാനം ചെയ്വാൻ തുടങ്ങുന്ന കിന്നരക്കു വേണ്ടി ശ്രുതി കൂട്ടുന്നുവോ എന്നു തോന്നും."

കഥാവസ്തുവിനെ വ്യക്തമായിപ്പോഷിപ്പിക്കുന്ന മുഖ്യവിഷയങ്ങളെ സംഗ്രഹിക്കയും പ്രകൃതത്തിന്നു സംബന്ധിക്കാത്ത ഉപകഥകളേയും ഉപാഖ്യാനങ്ങളേയും അതിദീർഘവാക്യസമൂഹങ്ങളേയും ഉപേക്ഷിക്കയും ശക്തി, സംയമനം, ശീഘ്രത എന്നിവയോടു കഥയെപ്പറകയും ചെയ്താൽ അതു നല്ല കഥയാകും.

381. അഭിപ്രായഭേദത്താൽ വിവാദാസ്പദമായ വിഷയത്തിലേ പക്ഷങ്ങളെ വ്യക്തമായിപ്പറഞ്ഞു സ്വമതം അംഗീകരിപ്പാനും ഇതരമതങ്ങളെ ത്യജിപ്പാനും ഉള്ള കാരണങ്ങളെപ്പറയുന്നതു് ഉപപാദനം (25).

യുദ്ധം, ജാതിഭേദം, ബാലികാവിവാഹം, വിധവാവിവാഹം, മരുമക്കത്തായം, ആധുനികവിദ്യാഭ്യാസസമ്പ്രദായം, പാഠശാലകളിലെ ബാലദണ്ഡനം, എന്നിവയുടെ ഗുണദോഷനിരൂപണം ചെയ്വാനായി വാദപ്രതിവാദങ്ങളെച്ചെയ്തു് ഒരു പക്ഷം സ്ഥാപിക്കുന്നതു് ഉപപാദനം. അനേകപുസ്തകങ്ങളെ വായിച്ചു ലോകപരിചയം സമ്പാദിച്ചാൽ ഉപപാദനം സഫലമാകും. എന്നാൽ ഉപപാദനം എല്ലാടത്തും എല്ലായ്പോഴും അത്യാവശ്യമായതും അതിപ്രയോജനകരമായതും ആക കൊണ്ടു് അതിൽ ചാതുൎയ്യം സമ്പാദിപ്പാൻ ശ്രമിക്ക.

“ആത്മാവിന്റെ സത്ഭാവത്തെക്കുറിച്ചു ഏററവും പ്രത്യക്ഷമായ തെളിവും ആത്മാവിൽ സൎവ്വവ്യാപ്തമായ വിശ്വത്തെ ഉണ്ടാക്കുന്നതിന്നുള്ള ഹേതുവും ജീവികളുടെ ശരീരാംശങ്ങൾക്കുള്ള യോജിപ്പു തന്നെയാകുന്നു. എന്നാൽ അംശങ്ങൾ വന്നു പൊയ്ക്കൊണ്ടിരിക്കുന്നതും ആകൃതിക്കു മാററം വരുത്തുന്നതുമായ ചില വസ്തുക്കൾ ഉണ്ടു. അങ്ങനെയുള്ള വസ്തുക്കളിൽ ആത്മാവുണ്ടെന്നു നിങ്ങൾ ശങ്കിക്കാറില്ല. മലയുടെ കൊടുമുടിയിൽ തിങ്ങി നില്ക്കുന്ന മേഘരൂപമായ നീരാവിയുടെ അംശങ്ങൾ ഒരു ഭാഗത്തു നിന്നു പോയിക്കൊണ്ടും മററു ഭാഗത്തു വന്നു കൂടിക്കൊണ്ടും ഇരിക്കുന്നുണ്ടു. ആകൃതിവ്യത്യാസം വരുന്നതുമില്ല. മേഘത്തിന്റെ ആകൃതിക്കു മാററം വരാത്തതു പ്രത്യക്ഷങ്ങളും ബാഹ്യങ്ങളുമായ കാരണങ്ങളാലാകകൊണ്ടാണു് ഇവിടെ ആത്മാവുണ്ടെന്നു ശങ്കിക്കാത്തതു. നീരാവി മലയുടെ ഒരു വശത്തു കൂടി ഉയൎന്നു കൊടുമുടിയ്ക്കടുത്തെത്തുമ്പോൾ അപ്രത്യക്ഷമായ ആവി തണുപ്പു തട്ടി പ്രത്യക്ഷങ്ങളായ ജലകണങ്ങളായിത്തീൎന്നു് മേഘരൂപത്തെ പ്രാപിക്കുന്നു. അപ്പോൾ മറുവശത്തുള്ള ജലകണങ്ങൾ സാനുക്കളിൽക്കൂടി സഞ്ചരിച്ചു ചൂടു തട്ടുമ്പോൾ വീണ്ടും ആവിയായിത്തീരുന്നു. ഇങ്ങനെ ഒരുവശത്തു നീരാവി വെള്ളമായി ശിഖരങ്ങളിൽ തങ്ങുകയും മറുവശത്തു ജലകണങ്ങൾ നീരാവിയായി അതിൽ നിന്നു വേർതിരികയും ചെയ്തു കൊണ്ടു മേഘരൂപത്തിന്നു ഭേദം വരാതെ സൂക്ഷിക്കുന്നു. എന്നാൽ ശരീരാംശങ്ങളുടെ സംയോഗത്തിന്നു കാരണം ആന്തരവും അപ്രത്യക്ഷവും ആകുന്നു.”

ഈ മഹാവാക്യം ആത്മനിരൂപണം എന്ന ഗദ്യമാലിക മൂന്നാം ഭാഗത്തിൽ നിന്നു (293-ാം പുറം) എടുത്തതാകുന്നു. ഉപന്യാസം മുഴുവനും വായിക്കേണ്ടതാകുന്നു. അതിൽ നിന്നു് ഉപപാദനക്രമം ഗ്രഹിക്കാം.

ഒരു ഉപന്യാസം വായിച്ച ശേഷം കണ്ണടച്ചു വായിച്ചതിനെ ഓൎക്കുക. മനസ്സിൽ നല്ല വണ്ണം ഉറച്ചു വിഷയത്തിന്റെ എല്ലാ അംഗങ്ങളും ഒന്നിച്ചു കൂടി സാരൂപ്യജ്ഞാനം ഉണ്ടായ ശേഷം ആയതിനെ സ്വന്തവാക്കുകൾ കൊണ്ടു് എഴുതുക. എഴുതിയതിൽ പിന്നെ അതും മൂലവും ഒത്തു നോക്കി സ്വലേഖനത്തെ പിന്നെയും മാററിയെഴുതുക. ഇതു വളരെ ആയാസകരവും ക്ലേശാവഹവും

ആകുന്നു എന്നിട്ടും വിട്ടു കളയരുതു. നിത്യാഭ്യാസി ആനയെ എടുക്കും. ശീഘ്രസൂത്രതയെ ആശ്രയിച്ചു പരീക്ഷാസമയം സൎവ്വവും ക്ഷണത്തിൽ എഴുതിക്കളയാം എന്ന വ്യാമോഹത്തെ ഉപേക്ഷിച്ചു വിചാരബീജങ്ങളെ (285) വാചകങ്ങളായും വാക്യങ്ങളായും സംഗ്രഹിച്ചതിനെ വിവരിച്ചെഴുതുക. പഠിപ്പിൽ വ്യവസ്ഥ വെച്ചു പ്രയത്നിക്കേണം. ഇവിടുന്നു തീവണ്ടി കയറി മദ്രാസ്സിൽ പോയവനോടു കടന്നു പോയ ഓരോ ജില്ലയെക്കുറിച്ചു വൎണ്ണിപ്പാൻ പറഞ്ഞാൽ അവന്നു അതു സാധ്യമോ? പുസ്തകങ്ങളെ ശ്രദ്ധയോടും പ്രീതിയോടും വായിച്ചു സാരം ഗ്രഹിച്ചു മനനം ചെയ്തു ജ്ഞാനസമ്പാദനത്തിന്നായി വിദ്വാന്മാരുമായി ആലോചിക്കേണ്ടതാകുന്നു. ഇങ്ങിനെ സരസ്വതിയെ ആരാധിക്കുന്നവൎക്കു അപജയം ഒരിക്കലും നേരിടുകയില്ല. നിത്യോത്സവവും നിത്യമംഗലവും അവൎക്കു ഹസ്തഗതമാണു സംശയമില്ല. താന്താന്റെ പഠിപ്പിന്റെ ക്രമക്കേടും കുറവുകളും അറിയാതെ തോല്പിയുടെ കാരണം ഉപാദ്ധ്യായന്മാരും പരീക്ഷകന്മാരും ആണെന്നു കല്പിച്ചു ഇവരെ കുററപ്പെടുത്തുന്നതു ന്യായമല്ല. ഇവൎക്കും പിതൃത്വമുണ്ടല്ലോ. ഇവർ ശിശുക്കളെ ഭക്ഷിക്കുന്ന രാക്ഷസരായി സങ്കല്പിക്കുന്നതു 'ക്ഷക്കും മഹാപാതക'മാകുന്നു എന്ന യാഥാൎത്ഥ്യം അറിഞ്ഞു പഠിപ്പിൽ ഉത്സാഹവും ഭക്തിയും വെച്ചു വിഷയം പൂൎണ്ണമായി ഉപസ്ഥിതമാകുന്നതു വരെ ഗുരുനാഥനോടു ചോദിച്ചറിഞ്ഞു സമൎത്ഥരാകുവിൻ. "യത്നേ കൃതേ യദി ന സിദ്ധ്യതി കോऽത്ര ദോഷഃ". എത്ര പ്രയത്നിച്ചിട്ടും ഫലം ഇല്ലെന്നു വന്നാൽ താൻ കുററക്കാരനല്ലെന്ന വിശ്വാസം തന്നെ വലിയ ആശ്വാസം.

7. ചിഹ്നനം.

382. 1. മഹാവാക്യങ്ങളേയും വാക്യങ്ങളേയും അടയാളങ്ങളെക്കൊണ്ടു വേർതിരിച്ചു വാക്കുകളുടേയും ഉപവാക്യങ്ങളുടേയും സംബന്ധത്തെ വ്യക്തമാക്കാനും വായിക്കുമ്പോൾ വിശ്രമിക്കുന്ന സ്ഥാനം കാണിപ്പാനും ഇംഗ്ലീഷിൽ നടപ്പുള്ള ഒരു ഉപായമാകുന്നു ചിഹ്നനം. ഇംഗ്ലീഷുക്രമത്തെ അനുകരിച്ച് അച്ചടിപുസ്തകങ്ങളിൽ ചിഹ്നനം ഉപയോഗിച്ചു വരുന്നുണ്ടെങ്കിലും സാധാരണമായി കൈയെഴുത്തിൽ അതിനെ അത്ര ശ്രദ്ധിക്കാറില്ല. ഭാഷയിൽ അൎത്ഥവൈശദ്യത്തിന്നു ശബ്ദരൂപങ്ങൾ ആവശ്യം പോലെയുള്ളതു കൊണ്ടു ചിഹ്നനത്തിന്റെ ആവശ്യകത നേരിടുന്നില്ല. അച്ചടിപുസ്തകങ്ങളിലും സൎവ്വാദരണീയമായ ഒരു വ്യവസ്ഥ വന്നിട്ടുമില്ല. സാമാന്യവിധികളെ താഴെ കാണിച്ചിരിക്കുന്നു:—

2. , അങ്കുശം (അല്പവിരാമം) Comma, ; രോധിനി (അൎദ്ധവിരാമം)

Semicolon, : ഭിത്തിക (അപൂൎണ്ണവിരാമം) **Colon**, . ബിന്ദു (പൂൎണ്ണവിരാമം) **Period**, ? കാക (ചോദ്യചിഹ്നം) **Mark of Interrogation**, ! വിക്ഷേപണി **Mark of Exclamation** എന്നിവയിൽ ബിന്ദു, കാക, വിക്ഷേപണി എന്നിവയെ ബാലവ്യാകരണത്തിൽ പറഞ്ഞിട്ടുണ്ടു. (15-19.)

3. അത്യധികചിഹ്നനവും അതിന്യൂനചിഹ്നനവും അൎത്ഥനാശകങ്ങളാകയാൽ രണ്ടും വൎജ്ജിച്ച് അൎത്ഥവൈശദ്യത്തിന്ന് അത്യാവശ്യമായ ചിഹ്നങ്ങളെ പ്രയോഗിച്ചാൽ മതി. ചിഹ്നനം ഒട്ടും ഇല്ലാതെ അൎത്ഥം ഗ്രഹിക്കുന്ന മലയാളികൾക്കു ചിഹ്നനം ഒരു ബാധയാകുന്നു. അതു കൊണ്ടു ന്യൂനചിഹ്നനത്തെക്കാൾ അതിചിഹ്നനം ദോഷാവഹമാകുന്നു. ഇംഗ്ലീഷിലെ ചിഹ്നനവിധികളെ ഗ്രഹിക്കാത്തവർ അവയെ ഭാഷയിൽ എഴുന്നെള്ളിക്കുന്നതു നിന്ദാൎഹം തന്നെ.

383. താഴെ കാണിച്ചെടത്തു് അങ്കുശം വരും:—

1. വായിക്കുമ്പോൾ അല്പം നിറുത്തേണ്ടുന്ന ഭാഗത്തു. 2. സംബോധനക്കു ശേഷം. 3. സാമാനാധികരണ്യമുള്ള പ്രഥമകളുടെ മദ്ധ്യത്തിൽ. 4. ആനുഷംഗികവാക്യങ്ങൾക്കു ശേഷം. 5. ഉദ്ധരിച്ച വാക്യം വാക്യമദ്ധ്യത്തിൽ വന്നാൽ അതിന്റെ മുമ്പും പിമ്പും.

1. "തളിപ്പറമ്പു വിട്ടശേഷം, കോഴിക്കോട്ടു ഗവൎമ്മേണ്ടുകോളേജിലാണ് പഠിച്ചതു."

2. "രാമാ, ഇങ്ങു വാ." സംബോധനയുടെ പിന്നിൽ വിക്ഷേപണി ഉപയോഗിക്കുന്നതു ന്യായമല്ല. വിളിച്ച ആളെ സംബന്ധിച്ച നമ്മുടെ വികാരങ്ങളേയും ധ്വനിപ്പിപ്പാൻ വിവക്ഷയുണ്ടെങ്കിൽ മാത്രമേ വിക്ഷേപണി പ്രയോഗിക്കാവൂ. "ശിവ! ശിവ! എന്തു കഷ്ടം!" ഇവിടെ സംബോധനമില്ല. 'കുട്ടി കുളത്തിൽ വീണു! എന്റെ കുട്ടീ!' ഇവിടെ ശോകത്തെ ധ്വനിപ്പിക്കുന്നു.

3. 'ശുദ്ധോദനന്റെ ഭാൎയ്യ, മായാദേവി, ഒരു സ്വപ്നം കണ്ടു' [എന്നാൽ ഭാൎയ്യയായ മായാദേവി എന്നു പറഞ്ഞാൽ അങ്കുശം വേണ്ടാ]. വിശേഷസാല്വകൾ, പലവിധ രത്നങ്ങൾ, അതിമൃദുലദുകൂലങ്ങൾ, അത്യന്തം സൌരഭ്യമുള്ള ചന്ദനമുട്ടികൾ, സാമന്തരാജാക്കന്മാർ ഏല്പിച്ചയച്ച സംഭാവനകൾ, എന്നിതുകളെല്ലാം കൊടുത്തു. [സംഭാവനകൾ എന്നതിന്റെ ശേഷം അങ്കുശം വേണ്ടാ.]

384. അങ്കുശത്തെക്കാൾ അധികം വിരാമമാവശ്യമുള്ളേടത്തു രോധിനി വരും. മുൻവാക്യത്തെ വിവരിപ്പാൻ വരുന്ന വാക്യങ്ങളും ആനുഷംഗികവാക്യങ്ങളും രോധിനിയാൽ ഭേദിച്ചിരിക്കും. "(പദ്യത്തിൽ) പദങ്ങളെ ക്രമം തെറ്റി പ്രയോഗിക്കാം; ദൂരാന്വയം വകവെക്കേണ്ടതല്ല; ഘടകപദങ്ങളെ പ്രയോഗിക്കാതെ വിടാം; പദ്യത്തിൽ മാത്രം ഉപയോഗിക്കാവുന്ന ചില പദങ്ങൾ

തന്നേയും ഉണ്ടു; അലംകാരങ്ങൾ അണിയിച്ച ആഹാര്യ (കൃത്രിമ) ശോഭയുണ്ടാക്കാം; ഈ വക സൌകര്യങ്ങൾക്കു പുറമേ കവിയശസ്സും ആശാസ്യമാണല്ലോ." ഇവയെല്ലാം ആനുഷംഗികവാക്യങ്ങൾ ആകയാൽ അങ്കുശം കൊണ്ടും വേർതിരിക്കാം. എന്നാൽ രോധിനിക്കാണ് അധികം പ്രാചുര്യം.

385. സാക്ഷാൽകഥനം തന്നെ എഴുതുമ്പോൾ അതിന്റെ ആദിയിൽ ഭിത്തികയും ഭിത്തികയുടെ ശേഷം ഒരു രേഖയും വരും. പല വിഷയങ്ങളെ സംഗ്രഹിച്ചു പറയുമ്പോഴും ഭിത്തികയും രേഖയും വരും. സാക്ഷാൽകഥനം തന്നെ എഴുതുമ്പോൾ രേഖ വേണമെന്ന നിർബ്ബന്ധമില്ല.

1. കള്ളകൻ പറഞ്ഞു; "നീങ്ങൾ അപ്രകാരം പ്രതിശ്രുവം ചെയ്തതു നന്നായി."

2. ഉദാ:—.3. വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു:—

386. 1. ചോദ്യവും വ്യാക്ഷേപകവും അല്ലാത്ത വാക്യങ്ങളുടെ അന്തത്തിൽ ബിന്ദു വരും.

2. ബി. എ., ബി. എൽ., എം. എ, മുതലായ അക്ഷരങ്ങളെക്കൊണ്ടു സൂചിപ്പിക്കുന്ന സംജ്ഞകളിലേ വർണ്ണങ്ങളെ ബിന്ദു കൊണ്ടു വേർതിരിക്കണം.

387. 1. - ശൃംഖല Hyphen. സമാസത്തിലേ പദങ്ങളെ വേർപിരിക്കാൻ ഇതിനെ ഉപയോഗിക്കും. രാമ-ചരിതം.

2. രേഖ — Dash ഇതു ശൃംഖലയെക്കാൾ നീണ്ട വര. വാക്യമദ്ധ്യത്തിൽ പെട്ടെന്നോ അപ്രതീക്ഷിതമായോ സംഭവിക്കുന്ന വിരാമത്തെക്കാണിക്കും. ഒരു വിഷയം വിട്ടു വിഷയാന്തരത്തിൽ പ്രവേശിക്കുമ്പോഴും രേഖയെ പ്രയോഗിക്കാം.

3. ( ) വലയം. Parenthesis. വാക്യത്തിൽ അന്വയിക്കാത്ത വേറെ ഒരു വാക്യത്തെയോ വാചകത്തെയോ വാക്യമദ്ധ്യത്തിൽ ചേർത്തതിനെക്കാണിപ്പാൻ വലയത്തെ ഉപയോഗിക്കും. ഇപ്പോൾ ഒരു പദത്തിന്റെ പര്യായശബ്ദത്തെയോ അർത്ഥവിശേഷത്തെയോ കാണിപ്പാൻ ഇതിനെ ഉപയോഗിക്കുന്നു. 384ലേ കൃത്രിമശബ്ദം നോക്കുക.

4. [ ] Bracket. കോഷ്ഠം. ഇതു വലയം പോലെ തന്നെ.

5. " " ഉദ്ധരണി. Inverted Commas. അന്യഗ്രന്ഥങ്ങളിൽ നിന്നു് എടുത്ത വാക്യങ്ങളേയും വാചകങ്ങളേയും വേർ തിരിച്ചു കാണിക്കും. സാക്ഷാൽ കഥനവും ഈ ചിഹ്നം കൊണ്ടു് അറിയിക്കും. ഇപ്പോൾ പല മാസികകളിലും ഒരു സംജ്ഞയെക്കുറിപ്പാനും ഇതിനെ ഉപയോഗിക്കും.

ആ കുട്ടിയാവട്ടെ, "അല്ലയോ ആചാര്യാ! ഞാൻ ഇതാ എഴുതുന്നു" എന്നു് പറഞ്ഞു.

8. ഗദ്യപദ്യങ്ങൾ തമ്മിലുള്ള ഭേദം.

388. 1. നാം നിത്യം സംസാരിക്കുന്ന വാക്യങ്ങൾ ഗദ്യമാകുന്നു. അതിൽ വാക്കുകളുടേയും അക്ഷരങ്ങളുടേയും എണ്ണത്തിന്നു നിയമമില്ല. പദ്യത്തിൽ വാക്യാർത്ഥം ഇത്ര അക്ഷരങ്ങൾ കൊണ്ടു പറയേണം. ഈ അക്ഷരങ്ങളെ സംസ്കൃതവൃത്തരീതിയിലായാൽ സാധാരണമായി നാലുവരിയിലും ഭാഷാവൃത്തമായാൽ രണ്ടു വരിയിലും സമമായി വിഭാഗിക്കും. ഓരോ വരിയുടെ അന്തത്തിൽ അർത്ഥവും പദവും പൂർണ്ണമായി അവസാനിക്കേണം.

ആയം വ്യയത്തിലധികം പ്രജകൾക്കു നിത്യ
മായത്തമാക്കിയവനിക്കുഴലാകെയാററി
ആയം പെടും ഗുണഗണത്തിനു കേളിരംഗ
മായസ്സുമന്ത്രസമനാം സചിവൻ വിളങ്ങി. ||

ഇവിടെ ഓരോ വരിയിൽ പതിനാലക്ഷരങ്ങൾ ഉള്ള നാലുവരികൾ കൊണ്ടു വാക്യം അവസാനിക്കുന്നു. ഓരോ വരിയുടെ അന്തത്തിൽ പദവും അവസാനിക്കുന്നു.

ശീതം തഴച്ചോരു ഹേമന്തകാലവും
ആമന്ദം പോന്നിങ്ങു വന്നിതിപ്പോൾ |
പാലാഴിത്തൂവെള്ളം തൂകുന്ന പോലെ തൽ-
പ്രാലേയം തൂകിത്തുടങ്ങിതെങ്ങും |

ഇവ ഈ രണ്ടു വരികളുള്ള കേരളീയപദ്യരീതിയാകുന്നു. ഇതിൽ ദ്വിതീയാക്ഷരപ്രാസം വേണം. ഈ നിയമത്തെ സംസ്കൃതശ്ലോകങ്ങളിലും കേരളീയർ നിർബന്ധമാക്കിയതു കൊണ്ടു 1-ാം ശ്ലോകത്തിൽ നാലു പാദങ്ങളിലും യകാരം ദ്വിതീയാക്ഷരമായി വന്നിരിക്കുന്നു.

ഛന്ദശ്ശാസ്ത്രം പദ്യനിർമ്മാണത്തിന്നു വിധിക്കുന്ന അക്ഷരസംഖ്യയേയോ പാദങ്ങളെയോ ഗദ്യം ലക്ഷിക്കാതെ അർത്ഥം വിശദമാക്കാൻ ആവശ്യമായ പദങ്ങളെ അന്വയം, ആകാംക്ഷ, പ്രാധാന്യം, സംശ്ലേഷം, ഐക്യം എന്നിവയെ അവലംബിച്ചു പ്രയോഗിക്കും. ഗദ്യം വർജ്ജിക്കുന്ന ദൂരാന്വയം, വ്യസ്തക്രമം, വ്യവഹിതസമാസം മുതലായ ദോഷങ്ങൾ പദ്യത്തിന്നു സ്വീകാര്യങ്ങൾ ആകുന്നു.

389. കാവ്യം രസാത്മകവാക്യമാകയാൽ അതു നമ്മെ അത്യന്തം ആനന്ദിപ്പിക്കുന്നു. നിർദ്ദോഷങ്ങളായ ശബ്ദാർത്ഥങ്ങളെക്കൊണ്ടു വ്യംഗ്യാർത്ഥത്തെ വ്യക്തമാകുന്നതു കൊണ്ടു കാവ്യം ഗദ്യമായും പദ്യമായും നിർമ്മിക്കും. ഗദ്യപദ്യങ്ങൾ ഇടകലർന്ന കാവ്യത്തെ ചംപുവെന്നു പറയും. ഗദ്യപദ്യങ്ങളുടെ ഭാഷ, പ്രയോ

ഗം, അലങ്കാരം മുതലായവയിലും ഭേദങ്ങൾ ഉണ്ടു. പദ്യത്തിന്നു പ്രത്യേകമായിട്ടുള്ള ചില പദങ്ങൾക്കും പ്രയോഗങ്ങൾക്കും ഗദ്യത്തിൽ പ്രവേശമില്ല.

390. വ്യാകരണവിധികളുടെ പ്രവൃത്തിയിലും ഗദ്യപദ്യങ്ങൾക്കു ഭേദമുണ്ടു.

1. ഗദ്യത്തിൽ വാക്യത്തിലേ സന്ധി വിവക്ഷാധീനമാണെങ്കിലും പദ്യത്തിൽ സന്ധി സർവ്വത്ര നിബന്ധമാകുന്നു. അക്ഷരസംഖ്യ സമമാക്കാൻ പദ്യത്തിൽ ചെയ്യുന്ന സന്ധി ഗദ്യത്തിൽ പാടില്ല.

ആസനേക്കു + ഇരിക്കുന്നു — ആസനേക്കിരിക്കുന്നു. ചങ്ങാതിമാരായുള്ളംഗനമാരെല്ലാം. കംസനെപ്പേടിച്ചുള്ളാനകളുരുളി.

2. വിഭക്തിപ്രത്യയങ്ങളും ആദേശരൂപവിധികളും പദ്യത്തിൽ മാറിക്കാണും.

a. ദ്വിതീയ — എക്കു പകരം അ — മക്കള, പുത്രര.

b. പഞ്ചമി (132. 4) സുഖമോടെ, നലമൊടു.

c. ഷഷ്ഠി എ. പുത്രരെ, മക്കളെ.

d. ആദേശരൂപം — മരങ്ങളിന്മേൽ, ഗുണങ്ങളിങ്കൽ ഇങ്ങിനെ ബഹുവചനത്തിലും പുലിയിനാൽ, നരിയിൻ എന്നിങ്ങിനെ നിരവകാശസ്ഥലത്തിലും വരും.

e. സമാപ്തിയോടു ചേരുന്ന നിന്നു എന്ന ഗതി പലവിധത്തിലും മാറും.

കയ്യിൽനിന്നു — കയ്യിന്നു. പുറ്റിൽനിന്നു — പുറ്റുന്നു.

f. സംബോധനയിൽ അന്ത്യദീർഘത്തിന്നു ഹ്രസ്വം വരും.

3. പുരുഷപ്രത്യയങ്ങൾ ആവശ്യം പോലെ ഉപയോഗിക്കും. എൻ എന്ന പ്രത്യയം അൻ ആകും. ഭൂതത്തിൽ യകാരത്തിന്നു പകരം നകാരം വികല്പമായ്വരും.

ചൊല്ലിനാൻ, ചൊന്നാൻ, വാടിയ, വാടിന.

4. നിഷേധത്തിലെ ബലപ്രത്യയമായ ക്ക ലോപിക്കും.

വിചാരിക്കാതെ — വിചാരിയാതെ.

5. നിഷേധക്രിയാന്യൂനപ്രത്യയമായ തെ എന്നതു ശബ്ദന്യൂനത്തിൽ ത ആകും.

ചൊല്ലാത, ചെയ്യാത.

6. ഭാവരൂപങ്ങളും ക്രിയാനാമങ്ങളും ധാരാളമായി പ്രയോഗിക്കും.

7. വിഭക്തിപ്രത്യയം ഇഷ്ടമുള്ള കാരകാർത്ഥത്തിൽ വരും.

8. അടിത്തു; അവതരിത്തു, പായ്ന്തു, വീഴ്ന്തു മുതലായി പ്രാചീനകൃതികളായ രാമചരിതം കണ്ണശ്ശരാമായണം ഇത്യാദിഗ്രന്ഥങ്ങളിൽ കാണുന്ന ഭൂതരൂപങ്ങൾ

എഴുത്തച്ഛന്റെ കാലത്തിന്നു മുമ്പു മാറി അടിച്ചു, അവതരിച്ചു, പാഞ്ഞു, വീണ്ണു— വീണു എന്നു രൂപങ്ങളിൽ കാണുന്നു. ഇപ്പോൾ ഈ പൂൎവ്വരൂപങ്ങളെ ആരും പ്രയോഗിക്കാറില്ല.

391. 1. പദ്യത്തിൽ പ്രയോഗമുള്ള അസംഖ്യശബ്ദങ്ങൾ ഇപ്പോൾ ഗദ്യത്തിൽ (ലിഖിതഭാഷയിൽ) പ്രയോഗിക്കാറില്ലെങ്കിലും നാടോടിഭാഷയിൽ ചില പദങ്ങൾക്കു കേവലം പ്രയോഗമില്ലെന്നു പറഞ്ഞുകൂടാ.

നാമങ്ങൾ — അടർ, അടൽ, അടിമലർ, അത്തൽ, അന്തണൻ, അൻപു, അൻപൻ, അമർ, അമളി, അരചൻ, അരിമ, അരുവ, അല്ലൽ, അഴൽ, അഴി, അഴക, ഇകൽ, ആഴി, ഊഴി, എകിറു, എങ്ങൾ, കാനൽ, കില്ലു, ചാരത്തു, ചാല, ചിനം, ചീർ, ചീൎമ്മ, ചേൺ, ചൊടി, ചൊവ്വി, ഞായർ (സൂൎയ്യൻ), തണ്ടലർ, തണ്ടാർ, തമ്പി, തന്ത, തള്ള, താർ, തിറം, ചെന്താർ, തിങ്കൾ, തുൻപം, തുകൽ, തുൽ, തുയ്യ, തു, തുമ, തേററം, തോററം, നക, നീണാൾ, നുതൽ, പഞ്ചം, പട്ടാങ്ങു, പൊഴുതു, കെല്ലു, വാണാൾ, പകഴി.

ക്രിയകൾ — അൻപുക, കൂറുക, ചെപ്പുക, നണ്ണുക, നമ്പുക, നാട്ടുക, നാണ്ണുക, നിനയ്യുക, അമരുക, മേവുക.

സൌന്ദൎയ്യാദിഗുണങ്ങളെ വൎണ്ണിപ്പാനുള്ള പദങ്ങൾ — താരാർകുഴലി, നറുമൊഴിയാൾ, ചില്ലികൾവില്ലാട്ടം.

അവ്യയങ്ങൾ — ചിക്കനെ, ചെമ്മെ, തുരുതുരെ.

2. സംസ്കൃതത്തിലെ പരിനിഷ്ഠിതരൂപങ്ങളും, സാമാനാധികരണ്യവിധിയും ഭാഷാപദങ്ങളോടു സംസ്കൃതപ്രത്യയങ്ങൾ ചേൎത്തുണ്ടാക്കിയ രൂപങ്ങളും പദ്യത്തിൽ ഉപയോഗിക്കാം.

a. പോകും വിധൌ, വാഴും ദശായാം.

b. അവ്യയനച്ഛനേകൻ; ധന്യേ വല്ലഭേ, ഗിരികന്യേ പൎതി ഭദ്രേ.

c. മാടമ്പീനാം, അപ്പൊപ്യായാം.

3. അലുൿസമാസങ്ങൾ, നിദേശകസൎവ്വനാമങ്ങൾ, അപൂൎണ്ണക്രിയകൾ ചേൎന്നുണ്ടാകുന്ന വിശേഷണങ്ങൾ.

രാമൻ തന്നുടെ രാജ്യം, കുഹരമതിൽ വാഴും, വസിഷ്ഠനാദിയാകും മുനിമാർ.

4. ആണ്ട, ആൻറ, ഇയന്ന, ഈടിന, ഉടയ, ഉററ, വീഴും, എഴും, ഏലും, ഏളു, തങ്കിന, തിരണ്ട, തേട്ടും, പൂണ്ട ഇത്യാദി ക്രിയകൾ ചേൎന്നുണ്ടാകുന്ന വിശേഷണങ്ങൾ ഗദ്യത്തിൽ വരികയില്ല.

അഞ്ചാം ഖണ്ഡം—നിരുക്തകാണ്ഡം.

1. നിരുക്തസ്വഭാവം.

392. 1. പ്രകൃതിപ്രത്യയങ്ങൾ ചേൎന്നുണ്ടാകുന്ന പരിനിഷ്ഠിതരൂപങ്ങളേയും അവയുടെ അൎത്ഥത്തേയും പദകാണ്ഡത്തിലും വാക്യകാണ്ഡത്തിലും വിവരിച്ചുവല്ലോ. പദങ്ങൾക്കു ഓരോ കാലത്തുണ്ടായ രൂപങ്ങളേയും അൎത്ഥഭേദങ്ങളേയും നിൎണ്ണയിക്കുന്നതാകുന്നു **നിരുക്തശാസ്ത്രത്തിന്റെ** പ്രയോജനം. (26).

2. പ്രകൃതിപ്രത്യയങ്ങളുടെ അൎത്ഥത്തെ ആധാരമാക്കി പദാൎത്ഥത്തെപ്പറയുന്നതു **നിരുക്തി** (14. 3). ഇതു ശബ്ദാൎത്ഥത്തെ നിൎവ്വചനത്തെപ്പോലെ പരിപൂൎണ്ണമായിപ്പറയുന്നില്ലെങ്കിലും ഇതു ശബ്ദത്തിന്റെ മൂലാൎത്ഥം കാണിക്കും. ഇതിന്നു ശിക്ഷയും പരിനിഷ്ഠയും അത്യാവശ്യം തന്നെ. ചരിത്രം, ഐതിഹ്യം, ദേശാചാരങ്ങൾ, നാട്ടുനടവടി, അതതു കാലത്തിലെ സാഹിത്യകൃതികൾ മുതലായവയുടെ സഹായത്തോടു കൂടി വാക്കുകളുടെ ജീവചരിത്രം മുഴുവനും പറവാൻ നിരുക്തശാസ്ത്രം ശ്രമിക്കും.

3. നിരുക്തം അവയവാൎത്ഥം നിൎണ്ണയിക്കുന്നതു കൊണ്ടു അതിന്റെ വിഷയം വ്യുൽപന്നശബ്ദങ്ങൾ ആകുന്നു. (103.) അവ്യുല്പന്നശബ്ദങ്ങൾക്കു ഈ ശാസ്ത്രത്തിൽ പ്രവേശമില്ലായ്കയാൽ അവയുടെ നില ധാതുക്കൾക്കു തുല്യമാകുന്നു. പദങ്ങൾ ജനിച്ച ധാതുക്കളെക്കാണിച്ചാൽ ശബ്ദശാസ്ത്രത്തിന്റെ പ്രവൃത്തി പൂൎത്തിയായി.

4. ഭാഷയുടെ മൂലതത്വം ധാതുക്കളെന്നും വാക്യമെന്നും മതഭേദം ഉണ്ടു. ചില മീമാംസകന്മാരും ഭാഷാമൂലരൂപം വാക്യമാകുന്നു എന്ന പക്ഷത്തിൽ ചേരും. (142, 143.)

393. 1. ഭാഷാസ്വരൂപത്തെ വിഷയനിരൂപണത്തിൽ വിവരിച്ചിരിക്കുന്നു. ഒരേ വിചാരത്തെ നാനാജനസമുദായങ്ങൾ നാനാവിധമായ പദങ്ങളേയും വാക്യങ്ങളേയും കൊണ്ടറിയിക്കുന്നതു കാരണം ലോകത്തിൽ ആയിരത്തോളം ഭാഷാവ്യക്തികൾ ഉണ്ടായി.

2. വിഷയത്തെ ശാസ്ത്രരീതിയിൽ പ്രതിപാദിപ്പാൻ വിഭജനം അത്യാവശ്യം തന്നെ. വിചാരത്തെ ബോധിപ്പിക്കുന്ന വ്യാഹരണക്രമത്തേയും ശബ്ദരൂപങ്ങളേയും വിഭജനോപാധിയാക്കി ഈ ഭാഷകളെയെല്ലാം എട്ടു ജാതികളാക്കിയിരിക്കുന്നു. ഉദ്ഗ്രഥനത്തെ അവലംബിച്ചു ഇവയെ രണ്ടു സ്കന്ധങ്ങളാക്കിപ്പിരിച്ചിരിക്കുന്നു. ഇവ **നിൎജ്ജീവഭാഷകളും** **സജീവഭാഷകളും** ആകുന്നു.

3. ധാതുക്കളോടു പ്രത്യയങ്ങൾ ചേൎന്നു പദങ്ങൾ ഉണ്ടാകുമ്പോൾ ധാതുക്കൾ വിത്തുകളും പദങ്ങൾ മുളച്ച ചെടികളും ആകയാൽ ഈ വിധമായ ഭാഷയെ **സജീവഭാഷ**യെന്നു വ്യവഹരിക്കും. വാക്കുകൾ ഒരു വിധത്തിലും മാറാതെ വാക്യത്തിൽ ഏതു സ്ഥാനത്തും ഓരേ രൂപമായിരിക്കുന്ന ഭാഷ **നിൎജ്ജീവഭാഷ**യാകുന്നു.

4. നിൎജ്ജീവഭാഷകളിലേ പദങ്ങളെല്ലാം ഏകാക്ഷരങ്ങളും പദാന്തരത്തോടുള്ള സംബന്ധം കാണിപ്പാൻ ഒരു വിധത്തിലും രൂപഭേദം വരാത്തവയും ആകും. ഇവ പ്രത്യയാൎത്ഥം കാണിപ്പാൻ സ്വതന്ത്രപദങ്ങളെ തന്നെ ഉപയോഗിക്കാറുണ്ടെങ്കിലും ഇവ രണ്ടും വാക്കുകളും ചേൎന്നു ഒരു പദമാകയില്ല. ചീന, ബൎമ്മ, അസ്സാം നേപാളം, ഭൂതാനം, എന്നീ രാജ്യങ്ങളിലേ ഭാഷകൾ നിൎജ്ജീവഭാഷകളാകുന്നു. ഏകാക്ഷരപദങ്ങളെ പ്രയോഗിക്കുന്ന ഈ ഭാഷകൾ അന്വയക്രമം കൊണ്ടു വാക്യാൎത്ഥം ബോധിപ്പിക്കും. ഇന്ത്യയിലെ മംഗോളീയവംശ്യർ സംസാരിക്കുന്ന ഭാഷ നിൎജ്ജീവഭാഷയാകുന്നു. വളൎച്ച ക്ഷയിച്ച ജീൎണ്ണയായ കിഴവിയെപ്പോലെ ആകയാൽ നിൎജ്ജീവഭാഷ അന്ത്യാവസ്ഥയിലാണെന്നും വളൎച്ച തുടങ്ങാതെ ഗൎഭാവസ്ഥയിൽ ഉള്ളതു കൊണ്ടു അതു ഭാഷയുടെ ആദ്യാവസ്ഥയെന്നും ശാസ്ത്രജ്ഞന്മാർ വാദിക്കുന്നുണ്ടു.

394. 1. പദങ്ങൾ തമ്മിലുള്ള സംബന്ധം വ്യക്തമാക്കാൻ വാക്കുകൾ വല്ല വിധത്തിലും മാറുന്ന ഭാഷകൾ **സജീവഭാഷകൾ** ആകും. ഒരു പ്രത്യയം വന്നു ചേൎന്നു വാക്കിന്റെ അൎത്ഥം മാറുന്നുവെങ്കിൽ രൂപവികാരത്തിന്നു കാരണം **പ്രത്യയാഗമം** ആകും. പ്രത്യയാഗമം പദാദിയിലോ പദാന്തത്തിലോ ആയ്ക്കൂടാം. ഇന്ത്യയിലേ ശേഷിച്ച ഭാഷകളിൽ എല്ലാം പ്രത്യയങ്ങൾ പദാന്ത്യത്തിൽ വരും.

2. പ്രകൃതിപ്രത്യയങ്ങൾ തമ്മിൽ ലയിച്ചു പദം ജനിക്കുന്നതു കൊണ്ടു ശാസ്ത്രസഹായമില്ലാതെ അവയെ വേൎതിരിച്ചറിവാൻ കഴികയില്ല. പ്രകൃതിപ്രത്യയലയത്താൽ ഏകാംഗമായിത്തീരുന്ന പദരൂപങ്ങളുള്ള ഭാഷകളെ **സമ്മിളിതഭാഷകൾ** എന്നു പറയും. സംസ്കൃതം, ഗ്രീക്കു, ലാത്തിൻ, ജൎമ്മൻ, ഇംഗ്ലീഷു മുതലായ ഭാഷകൾ ഈ വൎഗ്ഗത്തിൽ ചേൎന്നവയാകുന്നു. ഇവയെല്ലാം **ഉദ്ഗ്രഥിതഭാഷ**കളാകുന്നു.

ധാതു — ഭൂ — ഭവതി, അഭവൻ, ഭവേൽ, ഭവതു, ബഭൂവ, അഭൂൽ, ഭവിഷ്യതി, അഭവിഷ്യൽ, ഭവനം, ഭാവം, ഭവിതവ്യത.

3. ഉദ്ഗ്രഥിതഭാഷയായിരുന്ന ഇംഗ്ലീഷു പ്രത്യയനാശത്താൽ പദങ്ങളുടെ സംബന്ധം കാണിപ്പാൻ Preposition, Conjunction എന്ന സ്വതന്ത്രപദങ്ങ

ളേയും അന്വയക്രമത്തെയും ആശ്രയിച്ച് അപഗ്രഥിതദശയിൽ എത്തിയിരിക്കുന്നു. അതു പോലെ ഹിന്ദി മുതലായ ഗൌഡീയഭാഷകളിലും പദസംബന്ധം കാണിപ്പാൻ ദ്യോതകശബ്ദങ്ങൾ പ്രയോഗിക്കാറുണ്ടു. ഉൽഗ്രഥിതഭാഷകൾ അപഗ്രഥിതങ്ങളാകും എന്നു അനുമിക്കാം.

(a) ഗൌഡീയഭാഷകൾ.

395. 1. ഹിന്തുക്കളുടെ ശാസ്ത്രങ്ങളും സാഹിത്യകൃതികളും എഴുതിയിരിക്കുന്ന **സംസ്കൃതഭാഷ**യെ വൈദികസംസ്കൃതമെന്നും ലൌകികസംസ്കൃതമെന്നും രണ്ടായി വിഭാഗിക്കുന്നു. ഈ രണ്ടു വിഭാഗങ്ങളുടെ മധ്യത്തിൽ ഉണ്ടായ സംസ്കൃതത്തെ **ഗാഥാഭാഷ**യെന്നു പറയും. ഇതിൽ ലലിതവിസ്താരമെന്ന ബുദ്ധചരിതം എഴുതിയിരിക്കുന്നു, ഗാഥാഭാഷയിൽ നിന്നുണ്ടായ **പാലിഭാഷ**യിൽ ആകുന്നു ത്രിപിടകം മുതലായ ബൌദ്ധഗ്രന്ഥങ്ങൾ നിർമ്മിച്ചിരിക്കുന്നതു. ബ്രാഹ്മണർ നാടകാദികാവ്യങ്ങളിൽ ഉപയോഗിച്ച ഭാഷയെ **പ്രാകൃത**മെന്നു പറയും. അതിൽ മഹാരാഷ്ട്രീ, സൌരാഷ്ട്രീ, ശൌരസേനീ, മാഗധീ, പൈശാചീ എന്ന അഞ്ചുപഭാഷകൾ ഉണ്ടായിരുന്നു. മഹാരാഷ്ട്രി രാജസ്ഥാനത്തിലെ ഭാഷയാകുന്നു. അതിൽ പദ്യവും സൌരസേനിയിൽ ഗദ്യവും ബ്രാഹ്മണർ എഴുതി. വ്യാകരണവിധികളെ കണക്കു വെക്കാതെ പ്രയോഗിച്ച പ്രാകൃതത്തെ **അപഭ്രംശ**മെന്നു പറയും. ജൈനർ സ്വമതഗ്രന്ഥങ്ങളെ എഴുതുവാൻ ഉപയോഗിച്ച മാഗധിയാകുന്നു ജൈനപ്രാകൃതം. പാലി, ബ്രാഹ്മണപ്രാകൃതം, ജൈനപ്രാകൃതം എന്നിവ മൂന്നും വ്യാകരണത്തെ പ്രമാണമാക്കുന്ന പ്രാകൃതഭാഷകൾ.

2. അപഭ്രംശമെന്ന പ്രാകൃതത്തിൽ നിന്നു ഗൌഡീയഭാഷകൾ ജനിച്ചതാകയാൽ അവയുടെ പ്രകൃതി സംസ്കൃതം തന്നെ. ഇവയിൽ തത്സമങ്ങളും തത്ഭവങ്ങളും ദേശീയപദങ്ങളും ഉണ്ടു. ദേശീയശബ്ദങ്ങൾ സംസ്കൃതത്തിൽ നിന്നു ഉത്ഭവിച്ചവയെങ്കിലും അവയുടെ ആദ്യരൂപങ്ങളെ ഇപ്പോൾ തീർച്ചപ്പെടുത്തുവാൻ മാർഗ്ഗമില്ല. അർവാചീനകാലങ്ങളിൽ പാർസി, അറബി, ഇംഗ്ലീഷു മുതലായ വിദേശീയപദങ്ങൾ ഗൌഡീയഭാഷയിൽ കടന്നു കൂടീട്ടുണ്ടു. അറബിയുടേയും പാർസിയുടേയും ആധിക്യത്താൽ ഹിന്തുസ്ഥാനിയെന്നും ഉർദ്ദു എന്നും രണ്ടു ഭാഷകൾ ഉണ്ടായിരിക്കുന്നു. അതിൽ മുസല്മാനർ സാഹിത്യത്തിന്നുപയോഗിക്കുന്നതാകുന്നു ഉർദ്ദു.

3. ഈ ആധുനികഭാഷകളെ നവീനസംസ്കൃതഭാഷകളെന്നും നൂതനാര്യഭാഷകളെന്നും പറയും. ഇവയെ സംസാരിച്ചു വരുന്ന ദിക്കുകളെ അടിസ്ഥാനമാക്കി പാശ്ചാത്യഭാഷകൾ, ഔദീച്യഭാഷകൾ, ദാക്ഷിണാത്യഭാഷകൾ, പൌരസ്ത്യ

ഭാഷകൾ എന്നു നാലു വിധങ്ങളായി വിഭജിക്കുന്നു. സിന്ധി, ഗുജരാത്തി, പഞ്ചാബി, പാശ്ചാത്യഹിന്ദി എന്നിവ പാശ്ചാത്യഭാഷകളാകുന്നു. ഗഢ്വാലി, കുമായോനി, നൈപാളി എന്നിവ ഉദീച്യഭാഷകളാകുന്നു. ദാക്ഷിണാത്യത്തിൽ മാറാഠി മുഖ്യമാകുന്നു. അതു വൈദൎഭി എന്ന പ്രാകൃതത്തിൽ നിന്നു് ഉത്ഭവിച്ചതാകുന്നു. പൌരസ്ത്യഭാഷകളിൽ ബിഹാരി, ബംഗാളി, ഉറിയാ, അസ്സാമി എന്നിവ അടങ്ങും. നൈപാളിയും അസ്സാമിനിയും ചീനഭാഷയിൽ ചേൎന്നവ എന്നു മുൻപറഞ്ഞതു കൊണ്ടു് ഇവിടെ നിൎദ്ദേശിച്ചവ അവയിൽ നിന്നു വിലക്ഷണമായിരിപ്പാനേ തരമുള്ളു.

(b) ദ്രാവിഡഭാഷകൾ.

396. പ്രകൃതിപ്രത്യയങ്ങൾ തമ്മിൽ ലയിച്ചു ഏകാംഗമായ്ത്തീരുന്ന സംസ്കൃതം, ജന്ദ്, ഗ്രീക്ക്, ലാത്തീൻ, ജൎമ്മൻ, റഷ്യൻ, ഇംഗ്ലീഷു മുതലായ ഭാഷകളുടെ സമൂഹമാകുന്നു **ആൎയ്യഭാഷാഗോത്രം**. ഈ ഭാഷകൾക്കു് അൎത്ഥത്തിലും രൂപത്തിലും ഒക്കുന്ന പദങ്ങളും പ്രത്യയങ്ങളും ഉള്ളതു കൊണ്ടു് ഇവ തമ്മിലുള്ള സംബന്ധം **ജന്യജനകഭാവവും** തന്നിമിത്തം ഇവ **സജാതീയഭാഷകളും** ആകുന്നു. സംസ്കൃതത്തിന്റെ സന്താനങ്ങളായ പാലി, ഗാഥ, പ്രാകൃതങ്ങൾ, ഗൌഡീയഭാഷകൾ എന്നിവയിൽ ജീവദ്ഭാഷകളായ ഗൌഡീയഭാഷകളെ ഇരുപതുകോടി ജനങ്ങൾ സംസാരിക്കുന്നു. ശേഷം ജനങ്ങളിൽ ഭൂരിപക്ഷം സംസാരിക്കുന്ന ഭാഷകൾ **ദ്രാവിഡഭാഷാഗോത്രത്തിൽ** ചേൎന്നവയാകുന്നു. (143.)

397. 1. തമിഴ, മലയാളം, തെലുങ്ക, കൎന്നാടകം, തുളു, കുടക, തുഡ, കോട, ഗോണ്ഡ, ഖോന്ദ (= കു), ഒരാഓൻ, രാജമഹാൽ എന്നീ പന്ത്രണ്ടു ഭാഷകളുടെ ജാതിനാമം **ദ്രാവിഡഭാഷകൾ** എന്നാകുന്നു. ഇവ ഊറാല് ആല്ടൈക്ക് എന്ന ഭാഷാഗോത്രത്തിന്റെ **ശാഖകൾ** ആകുന്നു. അൎത്ഥവിവേചനത്തിന്നായി ഈ ഭാഷകളിൽ പദാന്തത്തിൽ സംസ്കൃതത്തിൽ എന്ന പോലെ പ്രത്യയങ്ങൾ വരുമെങ്കിലും പ്രകൃതിപ്രത്യയങ്ങളെ പ്രത്യക്ഷമായ്ക്കാണാം.

ഉദാ. കുട്ടിയുടെ കൈയിൽ ഉള്ള പുസ്തകത്തിന്നു് അഞ്ചുറുപ്പിക കൊടുത്തു.

2. ഇവയിൽ ആദ്യത്തെ ആറു ഭാഷകൾ പരിഷ്കൃതഭാഷകളും ശേഷം ആറും അപരിഷ്കൃതങ്ങളും ആകുന്നു. തുഡ മുതലായവ നാഗരികത്വമില്ലാത്ത കാടരുടെ ഭാഷകളാകയാൽ അവ ഇന്നും അഭിവൃദ്ധിയില്ലാതെ ആദ്യസ്ഥിതിയിൽ തന്നെ ഇരിക്കുന്നു. ഒരാഓൻ എന്ന നാമാന്തരത്തോടു കൂടിയ ബ്രാഹൂയി എന്നുള്ള

ബെലൂചിസ്ഥാനത്തിലും ശേഷം ഭാഷകൾ നൎമ്മദയുടേയും ഗോദാവരിയുടേയും തെക്കും സംസാരിച്ചു വരുന്നു.

3. മുഖച്ഛായാസാമ്യം കൊണ്ടു് ആളുകൾ ഒരു കുഡുംബത്തിൽ ചേൎന്നവരെന്നു് അനുമാനിക്കുന്നതു പോലെ രൂപാൎത്ഥസാമ്യത്തെ പുരസ്കരിച്ചു ഭാഷകൾക്കു ജന്യജനകഭാവം കല്പിക്കും. നിത്യവ്യവഹാരത്തിന്നു് അത്യാവശ്യമായ കുലസംബന്ധവാചികൾ, ഗൃഹോപസ്കരണാദിവാചികൾ, സൎവ്വനാമങ്ങൾ, സംഖ്യകൾ, ക്രിയകൾ എന്നീ വാക്കുകൾക്കു രൂപത്തിലും അൎത്ഥത്തിലും യോജിപ്പുള്ളതു കൊണ്ടു് ഈ ഭാഷകൾ ആദ്യകാലത്തു് ഒരു ഭാഷയായിരുന്നു എന്നും കാലാന്തരത്തിങ്കൽ കാരണവശാൽ നാനാവിധങ്ങളായ വികാരങ്ങൾ നിമിത്തം ഭേദിച്ചു പോയി എന്നും ശാസ്ത്രം പ്രതിപാദിക്കുന്നു.

398. ആൎയ്യന്മാർ ഇന്ത്യയിൽ വരുന്നതിന്നു മുമ്പു തന്നെ ദ്രാവിഡരും കോലിയരും ഇന്ത്യയിൽ ഉണ്ടായിരുന്നു. ദ്രാവിഡർ മദ്ധ്യദേശത്തിൽ (Central Provinces), വന്നു ചേൎന്നു ബഹുകാലം ഒന്നിച്ചു വസിച്ചു. പിന്നീടു് അവർ സംഘം സംഘമായി തെക്കോട്ടു യാത്ര ചെയ്തു. പൎവ്വതങ്ങളും നദികളും പ്രയാണത്തിന്നു വിഘ്നം വരുത്തുന്നതു കൊണ്ടു് അവയുടെ താഴ്വരകളിലും തീരങ്ങളിലും കുടിയേറിപ്പാൎത്തു. ആദ്യം വന്നവർ പിൻ വന്നവരുടെ അതിക്രമണത്താൽ തങ്ങൾ സ്വാധീനപ്പെടുത്തിയ നിലം കൃഷികൾ ഉപേക്ഷിച്ചു പിന്നെയും തെക്കോട്ടു പോകേണ്ടിവന്നതു കൊണ്ടു് അത്യന്തം തെക്കിലുള്ളവർ ഒന്നാമതായി വന്ന ദ്രാവിഡർ ആകുന്നു. തമിഴ, മലയാളം, കുടക, തുളു, കൎണ്ണാടകം, തെലുങ്കു എന്നീ ഭാഷകൾ സംസാരിക്കുന്നവൎക്കു് ആൎയ്യരുമായി സംസൎഗ്ഗമുണ്ടായതു കൊണ്ടു് അവർ പരിഷ്കൃതന്മാരായ്ഭവിച്ചു. മലങ്കാടുകളിൽ നിവസിച്ചു വരുന്ന ശേഷം ദ്രാവിഡർ ആൎയ്യന്മാരുടെ ആക്രമണത്തിൽ നിന്നു് ഓടിപ്പോയവരല്ല. മലയാളികൾ തമിഴനാട്ടിൽ നിന്നു പശ്ചിമതീരത്തു വന്നു എന്നു ഒരു പക്ഷം; അവർ മദ്ധ്യദേശത്തിൽനിന്നു പടിഞ്ഞാറു യാത്രയായി ഗോകൎണ്ണം മുതൽ കന്യാകുമാരിവരെ വ്യാപിച്ചു എന്നു മറെറാരു പക്ഷം. ഇങ്ങനെ കേരളത്തിൽ മലയാളികൾ അധിവസിച്ചതിന്റെ ശേഷം ചേരർ, ചോളർ, പാണ്ഡ്യർ എന്നീ താമിഴർ കേരളത്തിൽ കടന്നു് അതിന്റെ തെക്കേഭാഗം കൈവശപ്പെടുത്തി സ്വാധികാരം ഓരോ കാലത്തു നടത്തി. വടക്കേ കേരളം തുളുകൎണ്ണാടകന്മാരോടു ചേൎന്നു ബഹുകാലം ഒരു സമുദായം പോലെ നടന്നു വന്നു.

399. 1. തെക്കേയിന്ത്യയിൽ പല ദേശങ്ങളിലും ചിതറിക്കിടക്കുന്ന ദ്രാവിഡരുടെ മൂലഭാഷ ദ്രവിഡഭാഷയായിരുന്നു എന്നു ഊഹിക്കാം. ആൎയ്യഭാഷകളിൽ എഴുതിയ അതിപ്രാചീനഗ്രന്ഥങ്ങളേയും ശാസനകളേയും ആധാരമാക്കി ആൎയ്യഭാഷകളുടെ മൂലഭാഷയെ ഭാഷാശാസ്ത്രം നിൎണ്ണയിച്ചിട്ടുണ്ടു.

ഈ വിധം അതിപ്രാചീനകൃതികൾ ദ്രാവിഡഭാഷകളിൽ ഇല്ലായ്കയാലും ദ്രാവിഡഭാഷാപാണ്ഡിത്യത്തിന്റെ പ്രോത്സാഹനത്തിനു നാട്ടുരാജാക്കന്മാർ പോലും ഒന്നും പ്രവൃത്തിക്കാത്തതു കൊണ്ടും ദ്രാവിഡഭാഷകളുടെ മാതൃഭൂതയായ ആദിമഭാഷയെ സന്ദർശിപ്പാനുള്ള ഭാഗ്യം ദ്രാവിഡർക്ക് അടുത്തു വന്നിട്ടില്ല.

2. മലയാളം തമിഴിന്റെ 'ശാഖ'യെന്നും 'ഉപഭാഷ'യെന്നും ഗ്രണ്ടർട്ടും, കാൾഡ്വെല്ലും അഭിപ്രായപ്പെടുന്നു. കേരളപണ്ഡിതർ മലയാളത്തെ തമിഴിന്റെ അനുജത്തിയായും മകളായും വിചാരിച്ചു തറവാട്ടുധർമ്മങ്ങളെ ആരോപിച്ചു വർണ്ണനചാതുരിയെ പ്രദർശിപ്പിക്കുന്നു. ഭാഷ, ഉപഭാഷ, ഗോത്രം, ശാഖ, ഉപശാഖ, തറവാട്ടു, താവഴി ഇവയെ സർവ്വസമ്മതമായ വിധം നിർവ്വചിച്ചിട്ടേ ഈ വാദത്തിൽ പ്രവേശിക്കാവൂ. തമിഴിന്നും മലയാളത്തിന്നും തമ്മിൽ സാരൂപ്യം ഉള്ളതു പോലെ വൈരൂപ്യവും ഉള്ള കാരണം ഇവ ശേഷം ദ്രാവിഡഭാഷകളെപ്പോലെയാകുന്നു. സാമ്യാസാമ്യങ്ങളുടെ താരതമ്യത്താൽ പ്രത്യക്ഷമായ്വരുന്ന സാമീപ്യത്താൽ ഈ ഭാഷകൾക്കു ഭേദരതം മാത്രം ഉണ്ടെന്നു വ്യക്തമായിക്കാണാം.

3. ചില തമിഴ്കൃതികൾ കേരളത്തിൽനിന്നുത്ഭവിച്ചതു കൊണ്ടു കൈരളിയും തമിഴായിരിക്കേണം എന്ന അഭിപ്രായം കേവലം നിരാധാരം ആകുന്നു. യുധിഷ്ഠിരവിജയം, നാരായണീയം, ധാതുകാവ്യം, വൈയാകരണപ്രക്രിയാസർവ്വസ്വം, ലഘുപാണിനീയം ഇത്യാദി സംസ്കൃതഗ്രന്ഥങ്ങളെ നിർമ്മിച്ചവർ കേരളീയപണ്ഡിതരാകയാൽ കേരളത്തിലേ ഭാഷ ഒരിക്കൽ സംസ്കൃതമായിരുന്നു എന്നു ഊഹിക്കാമോ? ചില കേരളീയർ ഇംഗ്ലീഷിൽ വിശിഷ്ടപുസ്തകങ്ങളെ രചിച്ച കാരണം ഇംഗ്ലീഷു കേരളത്തിലേ നാടോടിഭാഷയാകുമോ? അശോകചക്രവർത്തിയുടെ ശിലാശാസനകൾ പാലിഭാഷയിൽ ആയതു കൊണ്ട് ഇന്ത്യയിലേ ഭാഷ പാലി ആയിരുന്നു എന്നു സിദ്ധിക്കുമോ? ഇംഗ്ലണ്ടിൽ ന്യൂട്ടൻ, മില്ടൻ മുതലായ വിദ്വാന്മാർ, ലാത്തിൻഭാഷയിൽ പ്രൌഢഗ്രന്ഥങ്ങൾ നിർമ്മിച്ചതു കൊണ്ടു ലാത്തീൻ ഇംഗ്ലീഷുകാരുടെ മാതൃഭാഷയായി സമ്മതിക്കാമോ?

4. തമിഴരാജാക്കന്മാർ കേരളം പിടിച്ചടക്കി അധികാരം നടത്തിയിരുന്നു എന്നു ചരിത്രം പറയുന്നു. ഈ രാജാക്കന്മാരെ ആശ്രയിച്ച് അവരുടെ പ്രസാദം സിദ്ധിപ്പാൻ വന്ന തമിഴപണ്ഡിതർ സ്വഭാഷയിൽ രചിച്ച ഗ്രന്ഥങ്ങൾ കേരളത്തിലേ ഭാഷ തമിഴാണെന്നു സ്ഥാപിപ്പാൻ മതിയാകുമോ? ഈ രാജാക്കന്മാരുടെ ശാസനകൾ തമിഴിലായ കാരണം അവ കേരളഭാഷാസ്വരൂപം പ്രതിപാദിക്കുമോ? ഉദ്ദണ്ഡശാസ്ത്രിയുടെ ചരിത്രം ഇവിടെ സ്മരണീയമാണു.

5. തിരുവിതാംകൂറിൽ തമിഴരാജാക്കന്മാരുടെ അധികാരം നിമിത്തവും തമിഴരുടെ അധിവാസം നിമിത്തവും മലയാളം സമ്മിശ്രമായിട്ടുണ്ടു. രാമചരിതം

കണ്ണശ്ശരാമായണം മുതലായ ഗ്രന്ഥങ്ങൾ തിരുവിതാംകൂറിൽ ജനിച്ചവയാകുന്നു. ഇവയിൽ അനേകം തമിഴ്രൂപങ്ങൾ ഉള്ളതു കൊണ്ടു ഇവ തമിഴാകുന്നു എന്നും മലയാളമല്ലെന്നും ചിലർ വാദിക്കുന്നു. ഇവയിൽ തമിഴും മലയാളവും ആയ ശബ്ദരൂപങ്ങൾ പലതും ഇടചേൎന്നു കാണുന്നുണ്ടു. പാട്ടു് എന്ന തമിഴകാവ്യത്തിന്നു ലക്ഷണസമന്വയം ചെയ്വാൻ തമിഴ്രൂപങ്ങളെ അനുകരിച്ചു എന്ന ലീലാതിലകമതം സ്വീകാൎയ്യമാകുന്നു. ഛന്ദസ്സിന്റേയും പ്രാസത്തിന്റേയും ശബ്ദാലങ്കാരത്തിന്റേയും ആവശ്യം നിൎവ്വഹിപ്പാൻ തമിഴ്രൂപങ്ങളെ അനുകരിച്ചതായും നിശ്ചയിക്കാം. മണിപ്രവാളത്തിന്റെ ലക്ഷണസമന്വയത്തിന്നു സംസ്കൃതശബ്ദങ്ങളെ സ്വേച്ഛാനുസാരം ധാരാളം ഉപയോഗിക്കുന്ന ഭാഷാകവികൾ തമിഴ് അപ്രതിഗ്രാഹ്യമായ്വരുമോ? മമണ്ടിരേ, പുറപ്പകിരേ, മടമ്പീനാം മുതലായ സംസ്കൃതീകൃതഭാഷാശബ്ദങ്ങളെ സൃഷ്ടിക്കുന്നതിൽ രസിക്കുന്ന മലയാളികൾ രാജകീയഭാഷയായ തമിഴ വൎജ്ജ്യമാകുമോ?

6. മേൽ പ്രസ്താവിച്ച ന്യായങ്ങളേയും വാദങ്ങളേയും രാമചരിതം കണ്ണശ്ശരാമായണം മുതലായ പ്രാചീനഭാഷാകൃതികളേയും ആലോചിച്ചു കേരളഭാഷാസ്വരൂപനിൎണ്ണയത്തിന്നു വീണ്ടും ഉദ്യമിക്കേണ്ടതാകുന്നു. മനുഷ്യരുടെ ശൈശവാദിദശകളോടു ലോകത്തിലെ ഭാഷകളുടെ അവസ്ഥകളെ സാദൃശ്യപ്പെടുത്തി അവകളെ പ്രാകൃതകക്ഷ്യ, സംശ്ലിഷ്ടകക്ഷ്യ, വൈകൃതകക്ഷ്യ എന്ന മൂന്നു തരങ്ങളായി ഭാഷാശാസ്ത്രം മുൻപു വിഭാഗിച്ചിരുന്നുവെങ്കിലും നവീനശോധനയാൽ കിട്ടിയ തെളിവു് ഈ വിഭജനം അപ്രമാണമെന്നു് ഉപേക്ഷിച്ചിരിക്കുന്നു. ഈ വിഭജനത്തെ ആധാരമാക്കി ദ്രാവിഡഭാഷകളെ സംശ്ലിഷ്ടകക്ഷ്യയിൽ ചേൎത്തു പ്രത്യയങ്ങളെല്ലാം ഒരിക്കൽ സ്വതന്ത്രപദങ്ങളായിരുന്നു എന്ന അഭിപ്രായം സ്ഥാപിപ്പാൻ കാൽഡ്വെൽ മുതലായവർ ചെയ്ത പ്രയത്നങ്ങൾ അതിസാഹസമായ്പ്പോയിരിക്കുന്നു എന്നതു് ഈ വ്യാകരണമിത്രത്തിലെ പ്രക്രിയയിൽ നിന്നു പ്രത്യക്ഷമാകും. സൎവ്വനാമങ്ങളേയും അവയുടെ വൈകൃതരൂപങ്ങളേയും ഭാഷയിൽ പ്രത്യയങ്ങളായുപയോഗിക്കുന്നുവെങ്കിലും സൎവ്വനാമങ്ങളേയും വ്യുൽപന്നശബ്ദങ്ങളാക്കുന്നതു് അനവസ്ഥയിൽ പൎയ്യവസാനിക്കും. കൃതതദ്ധിതങ്ങളും ചില സുപ്തിങ്പ്രത്യയങ്ങളും മററും ഈ അപസിദ്ധാന്തങ്ങളെ നിൎമ്മൂലമായി ഖണ്ഡിക്കുന്നു (118, 121, 172, 174). നവീനശോധനയെ അവലംബിച്ചു ഭാഷാവ്യാകരണത്തെ പരിഷ്കരിക്കേണ്ടതാകുന്നു.

400. 1. ഭാഷയിലും സംസ്കൃതത്തിലും പ്രത്യയങ്ങൾ പ്രകൃതികളുടെ അന്തത്തിൽ ചേൎന്നു പദങ്ങൾ ജനിക്കുന്നതു കൊണ്ടു പദാകൃതിയെ അവലംബിച്ചാൽ ഈ രണ്ടു ഭാഷകളും വൈകൃതകക്ഷ്യയിൽ ചേരുന്നു എന്നതു നിൎവ്വിവാദ

മാകും. പൊൻനാണ്യങ്ങൾക്കും വെള്ളിനാണ്യങ്ങൾക്കും ആകൃതിസാമ്യമുണ്ടായിരുന്നാലും അവ വിലയിൽ ഒരിക്കലും ഒക്കുകയില്ല. അതു പോലെ ദ്രാവിഡസംസ്കൃതഭാഷകൾക്കു പദങ്ങളുടെ നിഷ്പത്തിയിൽ സാരൂപ്യമുണ്ടെങ്കിലും ലോഹസ്ഥാനം വഹിക്കുന്ന പ്രകൃതിപ്രത്യയങ്ങൾ അത്യന്തം വിഭിന്നങ്ങളാകുന്നു.

2. സംസ്കൃതപദത്തെ ശാസ്ത്രജ്ഞാനമില്ലാത്തവനു പ്രകൃതിപ്രത്യയങ്ങളായി വിവേചിച്ചറിവാൻ കഴിക ഇല്ല. ഭാഷയിൽ ഇവയെ വ്യക്തമായറിയാം. വൃക്ഷം = വൃക്ഷഃ, വൃക്ഷങ്ങൾ — വൃക്ഷാഃ. തരു — തരുക്കൾ. തരുഃ — തരവഃ. ഭവിക്കുന്നു — ഭവതി. ഭവിച്ചു — (i) അഭവൽ, (ii) അഭൂൽ, (iii) ബഭൂവ. പ്രകൃതിപ്രത്യയങ്ങളെ എളുപ്പം വിവേചിച്ചറിവാൻ കഴിയുന്ന ഭാഷകളെ ഇപ്പോൾ **സംശ്ലിഷ്ടഭാഷകൾ** എന്നു പറയുന്നതു കൊണ്ടു് ഈ ശബ്ദാർത്ഥം മാറിയിരിക്കുന്നു എന്നതു നല്ലവണ്ണം ഓക്കണം. ദ്രാവിഡഭാഷകളെപ്പോലെ പ്രകൃതിപ്രത്യയങ്ങളെ എളുപ്പം തിരിച്ചറിവാൻ കഴിയുന്ന തുക്കി മുതലായ ഭാഷകളെ ഊറൽആല്ട്ടെക് വർഗ്ഗത്തിൽ ചേക്കും. ദ്രാവിഡഭാഷകളും ആകൃതിസാമ്യത്താൽ ഈ വർഗ്ഗത്തിൽ ചേരുമെങ്കിലും ഇവക്കു ജന്യജനകഭാവമില്ല (143).

401. 1. ആര്യഭാഷകളിലും ദ്രാവിഡഭാഷകളിലും ഊറൽആല്ട്ടെക് ഭാഷകളിലും പ്രത്യയം പദാന്തത്തിൽ വരും. എന്നാൽ ആഫ്രിക്കായിലേ ബാൻതുഭാഷകളിൽ പ്രത്യയം പദാദിയിൽ ചേരും. മലയാദ്വീപിലേ ഭാഷകളിൽ പ്രത്യയങ്ങൾ പദങ്ങളുടെ ആദിയിലും അന്തത്തിലും വരും.

2. ഫ്രാൻസിലേ പിരനീസ് പർവ്വതങ്ങളുടെ പടിഞ്ഞാറേ അററത്തു സംസാരിച്ചു വരുന്ന ബാസ്കുഭാഷകൾക്കു ഭാഷയിൽ എന്ന പോലെ വിഭക്ത്യാദിരൂപങ്ങൾ ഉണ്ടെങ്കിലും കർമ്മം സംപ്രദാനം, ആഖ്യ, ആഖ്യാതം എന്നീ വാക്യാംശങ്ങളോടു് ഒരു സർവ്വനാമം ചേന്നു് ഒരു് അംഗമായ്ത്തീരും.

3. ആദിയിലും അന്തത്തിലും പ്രത്യയങ്ങൾ ചേന്നു പ്രകൃതിയിൽ വർണ്ണവികാരങ്ങളെ ചെയ്യുന്ന ഭാഷകളിൽ മുഖ്യമായവ ഹിബ്രുവും അറബിയും ആകുന്നു. ഇവയിൽ ഹിബ്രുവിനെ കൊച്ചിയിലേ യൂദരും അറബിയെ ഇന്ത്യയിലേ മുഹമ്മദീയരും മതാരാധനയിൽ ഉപയോഗിക്കുന്നു.

4. അമേരിക്കയിലേ മൂലനിവാസികളായ ഇൻഡ്യരുടെ ഭാഷകളിൽ ആഖ്യ, ആഖ്യാതം, കർമ്മം എന്നിവ ഒന്നായിച്ചേന്നു് ഒരു നീണ്ട വാക്യം ആകും. ഈ വിധം വാക്യങ്ങളിലേ ഘടകപദങ്ങൾക്കു പല വിധമായ വികാരങ്ങളും ഉണ്ടാകും. ഈ ഭാഷകളെ സംഹതാംഗഭാഷകൾ എന്നു പറയും.

402. 1. വാക്കുകളുടെ ഭാഗങ്ങൾ തമ്മിൽ ചേന്നുണ്ടാകുന്ന ആകൃതിവിശേഷത്തെ വിഭജനോപാധിയാക്കി ഭാഷാശാസ്ത്രം നിർമ്മിച്ച ഭാഷാവിഭജനം

മേൽ വിവരിച്ചതിനെ ഇവിടെ ചുരുക്കിപ്പറയാം. ലോകത്തിലെ ഭാഷകൾ സജീവങ്ങളെന്നും നിൎജ്ജീവങ്ങളെന്നും രണ്ടു ബൃഹദ്വിഭാഗങ്ങളാകുന്നു. രൂപവികാരം ഒട്ടുമില്ലാത്ത ധാതുക്കളെ തന്നെ പദങ്ങളാക്കി പ്രയോഗിക്കുന്ന ചീനഭാഷാഗോത്രം മാത്രം നിൎജ്ജീവഭാഷയിൽ ചേരും. (393.) **Inorganic languages.**

2. പദങ്ങൾക്കു പരിനിഷ്ഠിതരൂപങ്ങൾ ഉള്ള ഭാഷകളും വാക്യാംഗങ്ങൾ ഒന്നിച്ചു കൂടിയുണ്ടാകുന്ന സംഹിതാംഗഭാഷകളും സജീവഭാഷാവിഭാഗങ്ങളാകുന്നു. **Organic languages.**

3. പരിനിഷ്ഠിതഭാഷകളിൽ പദാന്തത്തിൽ പ്രത്യയം വരുമ്പോൾ പ്രകൃതിക്കു് അന്തൎവികാരമില്ലാത്തവയും ആദ്യന്തങ്ങളിൽ പ്രത്യയം ചേൎന്നു് അന്തൎവികാരമുള്ളവയും ആയ സമ്മിളിതഭാഷകൾ അടങ്ങും. ഈ രണ്ടു വിധം സമ്മിളിതഭാഷകളിലും ഉദ്ഗ്രഥിതവും അപഗ്രഥിതവും ആയ രണ്ടു ദശാഭേദങ്ങൾ ഉണ്ടു.

4. പ്രത്യയങ്ങളുടെ സ്ഥാനഭേദത്തെ അവലംബിച്ചുണ്ടായവ സംശ്ലിഷ്ടഭാഷകളാകുന്നു.

5. ഭാഷാവിഭാഗങ്ങളെ കാണിക്കുന്ന പട്ടിക.—

ഭാഷാവിഭജനം.

(a) സജ്ജീവഭാഷകൾ.

I. പരിനിഷ്ഠിതരൂപങ്ങൾ ഉള്ളവ.

1. അന്തൎവികാരമില്ലാത്ത സമ്മിളിതഭാഷകൾ. **Amalgating languages,**

(i) ഉദ്ഗ്രഥിതഭാഷകൾ— സംസ്കൃതം, ഗ്രീക്കു്, ലാത്തീൻ മുതലായവ. **Synthetic.**

(ii) അപഗ്രഥിതഭാഷകൾ— ഇംഗ്ലീഷ്, ഗൌഡീയഭാഷകൾ, ആധുനികപാൎസ്സി. **Analytic.**

2. അന്തൎവികാരമുള്ള സമ്മിളിതഭാഷകൾ.

(i) ഉദ്ഗ്രഥിതഭാഷകൾ (പ്രാചീനശെമിററിൿഭാഷ).

(ii) അപഗ്രഥിത. അൎവാചീനഹിബ്രു.

3. സംശ്ലിഷ്ടഭാഷകൾ. **Agglutinating languages.**

(i) അന്തത്തിൽ പ്രത്യയങ്ങൾ ചേരുന്ന ഊറൽആല്ത്തൈക്ഭാഷാഗോത്രം.

(ii) ആദിയിൽ പ്രത്യയങ്ങൾ ചേരുന്ന ബാന്തുഭാഷകൾ.

(iii) ആദിയിലും അന്തത്തിലും പ്രത്യയങ്ങൾ ചേരുന്ന ഭാഷകൾ മലയാദ്വീപിലെ ഭാഷ.

(iv) സൎവ്വനാമസായുക്തഭാഷകൾ— ബാസ്കുഭാഷകൾ. **Pronoun-incorporating.**

II. സംഹിതാംഗഭാഷകൾ— അമേരിക്കയിലെ ഇൻഡ്യരുടെ ഭാഷകൾ. **Polysynthetic.**

(b) നിൎജ്ജീവഭാഷകൾ.

ധാതുസ്ഥാനീയഭാഷകൾ:— ചീനഭാഷ, ബൎമ്മ, അസ്സാമീസ്, ഭോതാനി, നെപാലി മുതലായവ.

ഭാഷാജനനം.

403. 1. ലോകത്തിലെ ഭാഷകളെയെല്ലാം വിഭാഗിച്ചു കഴിഞ്ഞു. ഈ വിഭജനത്തിൽ ഉപയോഗിച്ച ഉപാധി ശബ്ദങ്ങളുടെ ആകൃതിവിശേഷമാകയാൽ വിഭജനം ആകൃതിശാസ്ത്രാനുസാരം (Morphology) ആകുന്നു. ഇനി ജന്മസംബന്ധത്തെ (Genealogy) പ്രമാണമാക്കി ഭാഷയെ വിഭജിക്കൂ.

2. ഭാഷ ധാതുക്കളിൽ നിന്നു് ജനിച്ചു എന്നും ഭാഷയുടെ മുഖ്യപ്രയോജനം വ്യവഹാരമാകയാൽ ഭാഷ വാക്യത്തിൽനിന്നു ജനിച്ചു എന്നും രണ്ടു വാദങ്ങളിൽ ഇപ്പോൾ അധികം പക്ഷം വാക്യത്തെ ഭാഷയുടെ മൂലതത്വമായി സ്വീകരിക്കുന്നു. സംസ്കൃതവൈയാകരണന്മാർ ഭാഷ ധാതുക്കളിൽ നിന്നു് ഉൽഭവിച്ചു എന്നു അഭിപ്രായപ്പെടുന്നുവെങ്കിലും വ്യാഖ്യാനസ്വരൂപത്തെ ഉപപാദിക്കുന്ന മീമാംസകന്മാർ ഭാഷ വാക്യത്തിൽ നിന്നുണ്ടായി എന്നു സിദ്ധാന്തിക്കുന്നു. ശബ്ദവും ശബ്ദാത്മകമായ വേദവും നിത്യമാകുന്നു എന്നും ശബ്ദത്തിന്നും അൎത്ഥത്തിന്നും തമ്മിലുള്ള സംബന്ധവും നിത്യമാകുന്നു എന്നും മീമാംസകന്മാർ സ്ഥാപിക്കുന്നതിനെ മറ്റുള്ള ശാസ്ത്രങ്ങളും ചില മതങ്ങളും അനുവദിക്കുന്നു.

3. ദീൎഘമായ വാക്യം നീണ്ടുപോവാനുള്ള കാരണങ്ങളെ മുമ്പു പറഞ്ഞുവല്ലോ. വാക്യത്തിൽ നിന്നു ഭാഷ ഉൽഭവിച്ചു എന്നു പറയുന്നവർ ഒന്നോ രണ്ടോ വാക്കുകളുള്ള ഹ്രസ്വവാക്യങ്ങളെ മാത്രമല്ലാതെ ദീൎഘവാക്യങ്ങളെ വിവക്ഷിക്കുന്നില്ല. വെള്ളമെന്ന അൎത്ഥമുള്ള നാമം ഉച്ചരിച്ചു, കുടിക്കുമ്പോൾ ഉണ്ടാകുന്ന ശബ്ദം ഉച്ചരിച്ചാൽ വെള്ളം കുടിപ്പാൻ ഇച്ഛിക്കുന്നു എന്ന താൽപൎയ്യം ജനിക്കും. കുടിപ്പാനുള്ള ഇച്ഛയാൽ അതേ ശബ്ദം എല്ലായ്പോഴും ഉച്ചരിച്ചാൽ ആ ശബ്ദം ക്രിയാവാചിയായ ഒരു ധാതുവാകും. അതു കൊണ്ടു ധാതുക്കളിൽ നിന്നു ഭാഷ ഉണ്ടായി എന്ന സംസ്കൃതവ്യാകരണം കേവലം നിരാധാരമല്ല. എന്നാൽ വെറും ധാതുക്കളെ തനിച്ചു പ്രയോഗിക്കാത്തതു കൊണ്ടും വാക്യം കൊണ്ടു മാത്രം വിചാരം പൂൎണ്ണമാകുന്നതു കൊണ്ടും ഭാഷ വാക്യത്തിൽ നിന്നു് ഉൽഭവിച്ചു എന്നതിന്നും ബലമുണ്ടു. എന്നാൽ ധാതുൽപത്തിയെ വിവരിക്കുന്ന വാദങ്ങൾ മൂന്നും ഇന്നും സിദ്ധാന്തദശയെ പ്രാപിച്ചിട്ടില്ല. (143.)

404. 1. ധാതുക്കളെ ഭാഷാബീജങ്ങളെന്നു വിശ്വസിച്ചു ഭാഷയുടെ വളൎച്ചയെ ചില ഭാഷാശാസ്ത്രകാരർ വിവരിക്കുന്നതെങ്ങനെ എന്നാൽ:—

(i) ധാതുക്കളെ ഒരു വിധത്തിലും മാററാതെ യഥാസ്ഥിതി പ്രയോഗിക്കുന്നതു കൊണ്ടു ശൈശവത്തിലുള്ള ചീനഭാഷാഗോത്രം ഉണ്ടായി. ധാതുക്കൾ സ്വാഭാവികസ്ഥിതിയിലാകയാൽ ഈ ഗോത്രത്തെ പ്രാകൃതകക്ഷ്യയെന്നു

പറയും. (ii) രണ്ടു ധാതുക്കൾ തമ്മിൽ ചേൎന്നു ഒന്നു് മറ്റേതിന്റെ അൎത്ഥത്തിൽ ഒരു വിശേഷം കാണിപ്പാനായി സ്വസ്വാതന്ത്ര്യം വിട്ടു ദ്യോതകമായതിനാൽ കൌമാരദശയിലുള്ള സംശ്ലിഷ്ടഭാഷകൾ ഉണ്ടാകും. (iii) ഈ ഭാഷകളിലേ പദങ്ങളുടെ അന്തത്തിൽ ചേരുന്ന ശബ്ദങ്ങൾ തേഞ്ഞു മാഞ്ഞു പ്രത്യയങ്ങളായ്ത്തീൎന്നതിനാൽ യൌവനസ്ഥിതിയിലുള്ള ആൎയ്യഭാഷകൾ ഉണ്ടായി. ഈ പ്രത്യയങ്ങൾ സ്വതന്ത്രപദങ്ങളുടെ വികാരങ്ങളാകയാൽ ആൎയ്യഭാഷകളെ വൈകൃതകക്ഷ്യയിൽ ചേൎക്കും. (iv) ആൎയ്യഭാഷകളിലേ അന്ത്യപ്രത്യയങ്ങൾ ലോപിച്ചപ്പോൾ അവയുടെ അൎത്ഥം കാണിപ്പാൻ പൃഥക്പദങ്ങളെ തന്നെ ഉപയോഗിക്കുന്ന ഇംഗ്ലീഷു മുതലായി വാൎദ്ധക്യം ബാധിച്ച അപഗ്രഥിതഭാഷകൾ ഉണ്ടായി. ഈ അപ്രമാണമായ അഭിപ്രായം അവലംബിച്ചു മലയാളഭാഷയെ സംശ്ലിഷ്ടകക്ഷ്യയിൽ ചേൎത്തു കേരളപാണിനീയം (p. 12-14) ഭാഷ ഇപ്പോൾ വൈകൃതകക്ഷ്യയിൽ വരുന്നതു സംസ്കൃതത്തിന്റെ ആശ്രയത്താൽ ആകുന്നു എന്നു പറയുന്ന അഭിപ്രായം നിരാധാരം തന്നെ.

2. വാക്യമാണു ഭാഷാബീജമെന്നും വാക്യത്തിൽ നിന്നും പദങ്ങളുടെ പരീക്ഷയിൽ നിന്നും പ്രകൃതിപ്രത്യയവിവേകം ഉണ്ടായി എന്നു നവീനഭാഷാശാസ്ത്രം പ്രതിപാദിക്കുന്നു. വാക്യം, പദം, പ്രത്യയം, ധാതു എന്നിവയിൽ ഏതാണ് ആദ്യമുണ്ടായതെന്നു നിൎണ്ണയിപ്പാൻ ശ്രമിക്കുന്നതു് അണ്ടി മൂത്തതോ മാവു മൂത്തതോ എന്ന ബീജാങ്കുരന്യായത്തെ തീൎച്ചപ്പെടുത്തട്ടെ. ബീജാങ്കുരന്യായം ബീജത്തിന്റേയും അങ്കുരത്തിന്റേയും നിത്യത്വം സ്ഥാപിക്കുന്നു. അതു പോലെ ധാതുപ്രത്യയങ്ങൾ നിത്യങ്ങൾ ആകുന്നു. ചില ശബ്ദങ്ങളെ ഉച്ചരിച്ചു് ഈശ്വരൻ ലോകത്തെ സൃഷ്ടിച്ചു എന്ന വേദാന്തമതത്തെ ഇതരമതങ്ങളും സമ്മതിക്കുന്നതു കൊണ്ടു് ഇത്ര മഹിമയേറിയ ശബ്ദങ്ങളെ ശാസ്ത്രരീതിയിൽ ഉപപാദിക്കുന്ന വ്യാകരണം സമാദരണീയമല്ലയോ.

405. ഇന്ത്യയിൽ നടപ്പുള്ള നൂറോളം ഭാഷകൾ അന്തൎവികാരമുള്ളവയും അന്തൎവികാരമില്ലാത്തവയും ആകുന്നു. ഈ വിഭാഗങ്ങളിൽ ഒന്നായ സംസ്കൃതവും അതിന്റെ സന്താനങ്ങളും നമ്മുടെ രാജ്യത്തിലേ ഒരു വലിയ ഭാഗത്തെ വ്യാപിച്ചിരിക്കുന്നു. ശേഷം പ്രദേശത്തിൽ അധികഭാഗം ദ്രാവിഡഭാഷകൾക്കു കിട്ടീട്ടുണ്ടു. പദാന്തത്തിൽ പ്രത്യയങ്ങളെച്ചേൎത്തു വാക്യാൎത്ഥം പറയുന്നതിൽ യോജിക്കുന്ന കോലിയരുടേയും സിലോണിലേ സിങ്കാളികളുടേയും ഭാഷകൾ ദ്രാവിഡഗോത്രത്തിൽ ചേരും. ഇവക്കു ശബ്ദാൎത്ഥൈക്യമില്ല.

406. 1. മലയാളവും മററു ദ്രാവിഡഭാഷകളും സമാനമായ പദപ്രത്യയങ്ങളുള്ള സജാതീയഭാഷകളാകുന്നു. ദ്രാവിഡേതരഭാഷകളിൽ നിന്നു കടം

വാങ്ങിയ പദങ്ങൾ **ബാഹ്യശബ്ദങ്ങൾ** ആകുന്നു. സജാതീയങ്ങളും ബാഹ്യങ്ങളും ആയ ശബ്ദങ്ങളെ ഒഴിച്ചു ഭാഷയിൽ ശേഷിക്കുന്നവ ഭാഷയുടെ സ്വന്തം സ്വത്തായ **സ്വീയപദങ്ങൾ** ആകുന്നു. ഓരോ ദ്രാവിഡഭാഷക്കു സ്വീയ പദപ്രത്യയങ്ങൾ ഉള്ള കാരണം അവക്കു പാർത്ഥക്യം സിദ്ധിച്ചു. തമിഴിന്നും മലയാളത്തിന്നും പ്രത്യേകമായുള്ള ശബ്ദങ്ങളോ പ്രത്യയങ്ങളോ ഇല്ലായ്കയാൽ മലയാളം തമിഴിന്റെ ഉപഭാഷ എന്നു ചിലർ പറയുന്നതിന്നു മതിയായ തെളിവില്ല. മലയാളഭാഷയെ തന്നെ മലയാളകവികൾ തമിഴെന്നു പറയുന്നതു രണ്ടു ഭാഷകളുടേയും ഐക്യം സ്ഥാപിക്കുന്നു എന്ന വാദത്തിന്നും ബലമില്ല. കേരളീയരും, പാണ്ഡ്യരും, ചോളരും ദ്രാവിഡവർഗ്ഗത്തിൽ ചേർന്നു കൊണ്ടു് ഇവരുടെ ഭാഷക്കും തമിഴ് എന്ന സാമാന്യസംജ്ഞ ഉണ്ടായി എന്നു ലീലാതിലകം പറയുന്നതു യഥാർത്ഥം തന്നെ. നേരെ മറിച്ചു തമിഴിനേയും യൂറോപ്യന്മാർ മലബാർഭാഷയെന്നു വിളിച്ചിരുന്നു. ഈ നാമകരണം ഭാഷാജന്മം തീർച്ചപ്പെടുത്തുന്നില്ല.

407. ആലസ്യം, ശക്തിവൈകല്യം, പ്രമാദം ഇത്യാദിഹേതുക്കളാൽ ഉച്ചാരണം ദുഷിച്ചു പദങ്ങൾ കൂടക്കൂടെ മാറിപ്പോകും. ഈ സംഗതിയാൽ ദേശങ്ങളിലും ഗ്രാമങ്ങളിലും നഗരങ്ങളിലും ഉച്ചാരണഭേദം നിമിത്തം ശബ്ദങ്ങൾ മാറിക്കാണും. എന്നിട്ടും സാമ്യാധിക്യത്താൽ ഭാഷക്കു സാരൂപ്യം ഉണ്ടെന്നു തോന്നുകയും അർത്ഥം വ്യക്തമാകയും ചെയ്യും. ഈ വിധമല്ല തമിഴിന്നും മലയാളത്തിന്നും തമ്മിലുള്ള ഭേദം. മതം, സമുദായവ്യവസ്ഥ, വ്യാപാരം, വ്യവഹാരം, രാജതന്ത്രം മുതലായവയെ ആശ്രയിച്ചു രാജ്യത്തിലുണ്ടാകുന്ന സംസ്ഥകൾ ഹേതുവായി ജനങ്ങൾക്കു സമ്മേളനത്തിന്നു മാർഗ്ഗം ഉണ്ടാകുന്നതു കൊണ്ടു ഭാഷക്കു സാരൂപ്യവും ലിപിയുടേയും സാഹിത്യത്തിന്റേയും പ്രചാരത്താൽ ദാർഢ്യവും സിദ്ധിക്കുന്നു. എന്നിട്ടും ഗ്രാമ്യങ്ങളായ ശബ്ദങ്ങളും പ്രയോഗങ്ങളും ഇല്ലാതിരിക്കയില്ല. ഗ്രാമ്യപദങ്ങളെ മഹാന്മാർ സ്വകൃതികളിൽ പ്രയോഗിച്ചു തുടങ്ങിയാൽ അവയുടെ ഗ്രാമ്യത്വം പോയ്പോയിട്ടു് അവക്കു് ഉൽകൃഷ്ടത്വം സിദ്ധിക്കും. ഉദാ. — ആണു, പോണു, വെച്ചേ, കൊണ്ടന്നു.

408. 1. ഉത്തരദേശത്തിൽ നിന്നു് ആര്യന്മാർ വന്നു കേരളത്തിൽ അധിവസിച്ചപ്പോൾ അവർ വ്യവഹാരസൌകര്യത്തിന്നു വേണ്ടി അനവധിസംസ്കൃതവാക്കുകളെ ഉപയോഗിച്ചു തുടങ്ങി. ഈ വാക്കുകളുടെ ആക്രമത്താൽ മലയാളശബ്ദങ്ങൾ വളരെ നഷ്ടമായിപ്പോകയും ചെയ്തു. ഇപ്പോൾ മലയാളപദങ്ങളെ കൊണ്ടു മാത്രം ഒരുപന്യാസം എഴുതുന്നതു് അസാദ്ധ്യമായിക്കാണും.

2. ശബ്ദദാരിദ്ര്യം നശിപ്പിച്ചു ഭാഷയെ അലങ്കരിപ്പാനും പരിഷ്കരിപ്പാനും വേണ്ടി ഇപ്പോൾ സംസ്കൃതപദങ്ങളെ ധാരാളമായി കടം വാങ്ങിവരുന്നുണ്ടു.

3. സാർത്ഥകമായ പ്രവൃത്തിയെ മാത്രമേ ചെയ്യാവൂ എന്നീ വിശ്വാസം പ്രബലപ്പെട്ടു വരുന്ന ഈ കാലത്തു് അർത്ഥകരിയായ വിദ്യയെ സംപാദിപ്പാനുള്ള പരിശ്രമങ്ങൾ നിമിത്തം ഭാഷാസാഹിത്യത്തിനു് എങ്ങും പരിപുഷ്ടി കൂടുന്നു. ഈ സ്തുത്യർഹപ്രയത്നങ്ങളിൽ തിരുവിതാംകൂറിന്നു പ്രഥമപദം സിദ്ധിച്ചിരിക്കുന്നു. എന്നാൽ അവിടത്തെ കൃതികളിൽ സംസ്കൃതപദങ്ങൾ അധികമായിപ്പോകുന്നു എന്ന ആക്ഷേപത്തെ ആദരിച്ചു് ഇയ്യിടെ സംസ്കൃതപദങ്ങളെച്ചുരുക്കിക്കളവാനുള്ള ശ്രമവും ശ്ലാഘനീയം തന്നെ. ഭാഷാശുദ്ധിയെ ആശംസിക്കുന്നവർ സംസ്കൃതപദങ്ങളെ സുബദ്ധമായി പ്രയോഗിപ്പാൻ ആവശ്യമായ സംസ്കൃതവ്യാകരണത്തിലേ മുഖ്യവിഷയങ്ങളെ വളരെ സംക്ഷേപിച്ചു വ്യാകരണമിത്രത്തിൽ ചേർത്തിരിക്കുന്നു.

409. വ്യാപാരം, മതസ്ഥാപനം, രാജ്യജയം മുതലായ കാരണങ്ങൾ നിമിത്തം വിഭിന്നജാതിക്കാരും നാനാഭാഷക്കാരും കാലക്രമേണ കേരളത്തിൽ വന്നു് ഏതദ്ദേശീയരുമായിച്ചേർന്നു സഹവാസത്തിന്നു് ഇടവന്നതു കൊണ്ടു് അന്യഭാഷാശബ്ദങ്ങൾ മലയാളത്തിൽ പ്രയോഗിക്കുന്നു. ഈ അന്യഭാഷകൾ അറബി, പാർസി, ഹിന്തുസ്ഥാനി, സുറിയാനി, പോർത്തുഗീസ്സ്, പരന്ത്രീസ്സ്, ഇംഗ്ലീഷ്ഷു് എന്നിവ തന്നെ.

410. 1. ഈ അന്യഭാഷകളിൽ നിന്നും സംസ്കൃതത്തിൽ നിന്നും വന്ന പദങ്ങളെ മലയാളഭാഷയിൽ നിന്നു നീക്കിക്കളഞ്ഞാൽ ശേഷിക്കുന്നവയെല്ലാം ദ്രാവിഡപദങ്ങൾ ആകുന്നു. ആന, കുതിര, വാഴ, കോഴി, ഇരിക്ക, ആക, പോക, നടക്ക, തിന്നുക, ഉണ്ണുക, കാണുക, അറിക, ഞാൻ, നീ, താൻ മുതലായ സജാതീയദ്രാവിഡപദങ്ങളെ **ആഭ്യന്തരങ്ങളെ**ന്നു പറയും.

2. ദ്രാവിഡശബ്ദങ്ങളിൽ ചിലതിന്നു മലയാളത്തിൽ മാത്രമേ പ്രയോഗമുള്ളു; ഇവയെ **സ്വീയം** എന്നും മറ്റു ദ്രാവിഡഭാഷകൾക്കും മലയാളത്തിന്നും സാമാന്യമായിട്ടുള്ളവയെ **ആഭ്യന്തരം** എന്നും പറയും.

സ്വീയം — അക്കിൽക്കറ, അണ്ടി, അതിർ, ആഴ്ച, ഇഴങ്ങുക, പോററി, എത, പുണരുക, പള്ള, ഒപ്പുക, മുണ്ടു.

ആഭ്യന്തരം — എരുതു, മരുന്നു, പുളി, ഉപ്പു, എലി, ഓടു, കാടു, കണ്ണു, കൈ.

3. സ്വീയവും ആഭ്യന്തരവുമല്ലാത്ത ശബ്ദങ്ങൾ **ബാഹ്യങ്ങൾ** ആകുന്നു. സംസ്കൃതം മുതലായ ഭാരതീയഭാഷകൾ ഒഴികെയുള്ള ഭാഷകളിലേ ശബ്ദങ്ങൾ **വൈദേശികശബ്ദങ്ങൾ** ആകുന്നു.

4. ബാഹ്യശബ്ദങ്ങളെ മൂലഭാഷയിൽ എന്ന പോലെ യഥാസ്ഥിതി ഉച്ചരിച്ചാൽ അവയെ **തൽസമങ്ങൾ** എന്നും മാററിയുച്ചരിച്ചാൽ സംസ്കൃതപദങ്ങളെ **തദ്ഭവങ്ങളെന്നും** വൈദേശികപദങ്ങളെ **വൈകൃതപദങ്ങൾ** എന്നും പറയും.

411. സംസ്കൃതതത്സമങ്ങളെ തിരിച്ചറിവാനുള്ള മാൎഗ്ഗങ്ങൾ (49—51): —

1. ഋ, ൠ, ഌ, ഔ ഈ സ്വരങ്ങൾ ഉള്ള പദങ്ങൾ സംസ്കൃതം. ഋഷി, കൃഷി, പിതൃണാം, കൢപ്തി, ഔദാൎയ്യം, സൌന്ദൎയ്യം, ശൌൎയ്യം, സൌഖ്യം. എന്നാൽ അതൃത്തി, എതൃത്തു മുതലായി ഭാഷാപദങ്ങളിലും ഋകാരം പ്രയോഗിക്കാറുണ്ടു (56).

2. ഐ, ഔ രണ്ടും ദ്രാവിഡസ്വരങ്ങൾ അല്ലെന്ന അഭിപ്രായം ശരിയാണെങ്കിൽ ഇവ അന്യഭാഷാനുകരണത്താൽ ഉണ്ടായവ ആയിരിക്കണം.

3. മഹാപ്രാണങ്ങളും മൃദുക്കളും ഊഷ്മാക്കളും ഉള്ള പദങ്ങൾ സംസ്കൃതം. ഖരം, അഖിലം, ഘടിക, ഭസ്മം, ഭരണം, ധൈൎയ്യം, സ്ഥിരം, അതിഥി, ഛായ, ഗജം, ജയം, ദയാ, ദാനം, ബഹു, ബലം, മഹാൻ, ശശി, ശിശു, ശുഭം, ഷഷ്ഠി, അനുഷ്ഠാനം, സ്മരിക്ക, സുഖം, ഹരി, ഹയം. എന്നാൽ ഇളിഭ്യം, ഞെരിഭ്യം, നെരിഭ്യം, ഭോഷൻ, ഭോഷ്ക്കു, ഭള്ളു ഇത്യാദി ദ്രാവിഡപദങ്ങളിൽ മഹാപ്രാണം അനുകരണത്താൽ വന്നതാകുന്നു.

a. ഉത്തരഭാഷയിൽ ബ — വകൾക്കു ഭേദമില്ല. വാ — ബാ, വല — ബല.

b. ഭാഷാപദങ്ങളിലേ ചകാരം ചിലപ്പോൾ ശകാരമായ്യാറും.

തല + ചേരി — തലശ്ശേരി, ശെലവു, കറെശ്ശു, ഇശ്ശി. അലശൽ, ആശാരി, കത്താശ, ഓശ, കാശ്ശു, കടിശ്ശിക, കശുമ്പൽ, കറയശ്ശു, കുശുക, കശവൻ പാശ, പാശി, പിശക്കു, പൂശിക്ക, വാശി, വാശ്ശു, വിശക്ക, വിശരി, വീശം.

c. ഴകാരത്തിന്നു പകരം ഷകാരം ചില ഭാഷാപദങ്ങളിൽ കാണും.

ഏഷണി, കഷണം, കഷ്ണം, കഷണ്ടി, മുഷിച്ചൽ, മുഷ്ക്കു, വായിഷ്ഠാണം.

d. സകാരം തകാരത്തിന്നും മററും പകരം വരും.

അലസൽ ഏലസ്സു, കട്ടസ്സു, കരുസേരി, ഊറസ്സു, തടസ്സു.

4. അസവൎണ്ണങ്ങളായ വ്യഞ്ജനങ്ങളുടെ സംയോഗമുള്ളവ സംസ്കൃതം. രക്തം, ആപ്തൻ, വൎജ്യം, മത്സരം, അബ്ദം, അബ്ജം, ഈൎഷ്യ, രുക്മം.

5. സംയോഗാദിപദങ്ങൾ സംസ്കൃതം. ക്ഷാമം, ക്ലാന്തി, ക്രമം, പ്രഭ, ത്സരു, ധ്രുവം, വ്രണം, ജ്ഞാനം, ന്യായം, ക്വാഥം, സ്പൎശം, ഗ്ലാനി, ദ്രവ്യം. എന്നാൽ ക്ലാപ്പു, ക്ലാവു, പ്രാവു, പ്രാകുക, പ്ലാവു, പ്ലാത്തി, പ്ലാമ്പശ മുതലായവ സംയോഗാദിയായിട്ടും സംസ്കൃതങ്ങളല്ല.

(a) റ, ഴ, ള എന്നിവയുള്ള പദങ്ങൾ സംസ്കൃതമല്ല. പറ, വാഴ, പാള, കാള, കൊററി, ആഴ്ച, വെള്ളം, വളം. എങ്കിലും സംസ്കൃതത്തിലെ ലകാര ഡകാരങ്ങളെ ളകാരമായുച്ചരിക്കും (66).

(b) ഞ കൊണ്ടു തുടങ്ങുന്നവയും, ങ്ങ, ഞ്ഞ, യ്യ, ൻറ, ഴ്ക, ൾക്ക, യ്ക ഈ സംയോഗാക്ഷരങ്ങൾ ഉള്ളവയും ആയ പദങ്ങൾ സംസ്കൃതമല്ല. ഞാൻ, കഞ്ഞി, മാങ്ങ, ചെയ്യു, എൻെറ, കാഴ്ക, കേൾക്ക, ചെയ്ക.

412. ബാഹ്യശബ്ദങ്ങളിൽ സാരമേറിയവ തത്സമങ്ങൾ ആകുന്നു. ഇവ അത്യധികമാകയാൽ ഇവിടെ പരിഗണിച്ചു കൂടാ. ചില ഉദാഹരണങ്ങളെ മാത്രം ചേർക്കുന്നു. സംസ്കൃതപദങ്ങളെ തിരിച്ചറിവാൻ മേൽ വിവരിച്ച വിധികൾ കൊണ്ടും കോശം കൊണ്ടും തത്സമങ്ങളെ അറിയാം.

സംസ്കൃതം — അന്നം, ആനന്ദം, ഇച്ഛ, ഈശ്വരൻ, ഉപകാരം, ഊഷ്മാവു, ഋഷി, ക്ലൢപ്തി, ഏകം, ഐശ്വര്യം, ഗോവു, സൌന്ദര്യം, ശ്രദ്ധ, ദയ, ധനം, പ്രാണൻ ഇത്യാദി.

തദ്ഭവപ്രകരണം.

413. 1. ഉച്ചാരണദോഷത്താൽ വർണ്ണങ്ങൾക്കു മാററം വന്ന സംസ്കൃതപദങ്ങൾ ആകുന്നു **തദ്ഭവങ്ങൾ.** ആഗമം, ആദേശം, ലോപം, വർണ്ണവിപര്യയം മുതലായ കാരണങ്ങളാൽ സംസ്കൃതപദങ്ങൾ മാറി തദ്ഭവങ്ങളാകും.

2. സംസ്കൃതത്തെ മലയാളികൾ സ്വഭാഷാനുരോധമായി ആദ്യകാലത്തുച്ചരിച്ചു തുടങ്ങുകയും വട്ടെഴുത്തിന്നനുഗുണമായി എഴുതുകയും ചെയ്തു കൊണ്ടു ഭാഷയിൽ ആദ്യം തുടങ്ങി തദ്ഭവങ്ങൾ ഭൂരിയായി ഉപയോഗിച്ചിരുന്നു. സംസ്കൃതഭാഷാജ്ഞാനം ജനങ്ങളുടെ ഇടയിൽ വർദ്ധിക്കയും സംസ്കൃതഗ്രന്ഥങ്ങളെ ആര്യെഴുത്തിൽ പകർക്കയും ചെയ്തപ്പോൾ തദ്ഭവങ്ങൾ നശിച്ചു തൽസ്ഥാനത്തു അതതിൻെറ തത്സമം തന്നെ വരികയും ചെയ്തു.

3. ആര്യർ കേരളത്തിൽ വന്നു സ്വമതം സ്ഥാപിച്ച് ഉത്സവാദികളെ നിയമിച്ച് ആഘോഷിക്കുമ്പോൾ തിഥിനക്ഷത്രാദിവിഭാഗങ്ങളുടെ പേരുകൾ കേരളീയരുടെ ഇടയിൽ നടപ്പായി പല പ്രകാരവും മാറി. ഇവയിൽ ചിലതു ആര്യെഴുത്തിൻെറ ആവിർഭാവത്തോടു കൂടി പിന്നെയും തത്സമങ്ങളായി. മേടം (മേഷം), ഇടവം (ഋഷഭം), ചിങ്ങം (സിംഹം), കന്നി (കന്യ) എന്നിവ പൂർവ്വസ്ഥിതിയിലും ശേഷം മാസനാമങ്ങൾ തത്സമങ്ങളായും ഇരിക്കുന്നു. ഓണം (യജുർവ്വേദത്തിൽ ശ്രോണം — ഋഗ്വേദത്തിൽ ശ്രവണം) അവിട്ടം — (ധനിഷ്ഠം),

കേട്ട (ജ്യേഷ്ഠ), പൂരാടം (പൂൎവ്വാഷാഢം), ഉത്രാടം — (ഉത്തരാഷാഢം) മുതലായവ അതിപ്രാചീനതൽഭവങ്ങൾ ആകുന്നു.

4. രാമചരിതം, കണ്ണശ്ശരാമായണം മുതലായി വട്ടെഴുത്തിൽ എഴുതിയിരുന്ന പ്രാചീനകൃതികളിലെ തൽഭവങ്ങൾ വട്ടെഴുത്തിലെ അക്ഷരദാരിദ്ര്യത്താൽ ജനിച്ചവയാകുന്നു. പിന്നീട് ഇവയെ ആൎയ്യെഴുത്തിൽ എഴുതുമ്പോൾ ലേഖകന്മാർ ഉച്ചാരണത്തെ മാററീട്ടും ഉണ്ടു. വിഭീഷണൻ പുഷ്പകം മുതലായി രാമചരിതത്തിലെ ശബ്ദങ്ങൾ പരിഷ്കൃതരൂപങ്ങളെന്നു നിൎണ്ണയിക്കാം.

414. 1. അനുനാസികങ്ങൾ ഒഴികെയുള്ള സ്പൎശങ്ങളുടെ സ്ഥാനത്തു സവൎണ്ണമായ ഖരം വരും.

(i) കവൎഗ്ഗം. a. ക — ഖ. അഖിലം — അകിലം, ഖണ്ഡം — കണ്ടം, ഖേടകം — കേടകം, ഖേദം — കേതം, ഖഡ്ഗം — ഖൾഗം — കൾഗം, ദുൎമ്മുഖൻ — തുമ്മുകൻ, ദശമുഖൻ — തെചമുകൻ, നഖരം — നകർ, മഹാമഖം — മാമാങ്കം — മാമാങ്ങം, മുഖം — മുകം, ശാഖ — ശാക.

b. ക — ഗ. അഗാരം — അകാരം, അഗരു — അകിൽ, അഗ്നി — അക്കി, അങ്കി, അഗ്നിഹോത്രി — അക്കിത്തിരി, അംഗം — അങ്കം, അംഗദൻ — അങ്കതൻ, അംഗിക — അങ്കി, അംഗുലീയം — അങ്കുലീയം, അംഗരക്ഷ — അങ്കരക്ക; അനംഗൻ — അനങ്കൻ, അനുഗ്രഹിക്ക — അനുക്കരിക്ക; ഗണിതം — കണക്കു. ഗതം — കതം, ഗദ — കത — കെത, ഗൃഹം — കിരിയം. ഗുജരത്തു — കുച്ചരത്തു, ഗുഞ്ജ — കുന്നി, ഗുല്മം — കുമ്മം, ഗുഗ്ഗുലു — കുക്കിലം — കുങ്കിലിയം ഗജൻ — കെചൻ, ഗന്ധമാദനൻ — കെന്തമാതനൻ, ഗജൻ — കെചൻ, ഗരുഡൻ — കെരുടൻ, ഗവയൻ — കെവയൻ, ഗവ്യം — ഗവ്യു — കെറവു — കെറു, ഗോദന്തി — കോദന്തി; ഗോധൂമം — കോതമ്പം, ഗോപുരം — കോപുരം; തുരഗം — തുരകം, തുരംഗം — തുരങ്കം, നഗരം — നകർ, നഗ്ന — നഗ്നിക — നങ്ങ (പ്പിള്ള), നാഗം — നാകം, ഭഗവതി — പകോതി — പോതി, പതംഗൻ — പതങ്കൻ, മൃഗശീൎഷം — മകയിരം — മകയിൎയ്യം, മുൽഗ്ഗരം — മുൾക്കരം, രംഗം — രങ്കു, ലഗുഡം — ലകുടം, വേഗം — വേകം.

c. ക — ഘ, ഘണ്ടാകൎണ്ണൻ — കണ്ടാകൎണ്ണൻ, ഘനം — കനം, ഘോരൻ — കോരൻ, മോഘം — മോകം, സംഘാതം — ചങ്ങാതം.

2. മേലുദാഹരണങ്ങളിൽ കണ്ഠ്യങ്ങളല്ലാത്ത സ്പൎശങ്ങൾക്കു വന്ന വികാരങ്ങളെ അതതുകളുടെ ഗണങ്ങളിൽ ചേൎത്തുകൊൾക. സ്വരങ്ങൾക്കും സംയോഗങ്ങൾക്കും വന്ന ഭേദങ്ങളെ സൂക്ഷിക്ക.

3. ചകാരം ചവൎഗ്ഗത്തിന്നും ത, സ, ശ, ഷ എന്നിവക്കും പകരം വരും.

a. ച = ഛ. ഇച്ഛ — ഇച്ച, ഛായ — ചായ, ഛേദം — ചേതം, ഛിന്നം — ചിന്നം, ഛുരിക — ചുരിക, പിച്ഛം — പിച്ചം.

b. ച — ജ. അഞ്ജനം — അഞ്ചനം, കഞ്ജരം — കഞ്ചരം, ജ്യേഷ്ഠൻ — ചേട്ടൻ — ഏട്ടൻ, ഗജൻ — കെചൻ, ജട — ചട, ജഡം — ജടം, ജടായു — ചടായു, ജനകൻ — ചനകൻ, ജാനകി — ചാനകി, കഞ്ജകം — കഞ്ചകം, ജലം — ചലം, ജാഗരണം — ചാകാരം, ജാതി — ചാതി, ജാതിക്ക — ചാതിക്ക, ജാംബവാൻ — ചാമ്പവൻ, ജീവൻ — ചീമൻ, ജംബു — ചാംപു, ജീരകം — ചീരകം, ജട — ചെട, (ചെടയൻ), ജഗത്തു — ചെകം, ജഗതി — ചേതി, ജ്യോതിർമ്മുഖൻ — ചോതിമുകൻ, ജ്യോതിസ്സ — ചോതി. മുരജം — മുരചു.

c. ജകാരസ്ഥാനത്തു വന്ന ചകാരം ശകാരമായ്വരും. മുരജം — മുരചു — മുരശു, അനുജൻ — അനിശൻ — അനിയൻ, വജ്രം — വച്ചിരം — [വയിരം] — വൈരം, വാജി — വാചി — വാശി. രാജൻ — രാചൻ — അരചൻ — അരശൻ.

d. ച — ഝ — ഝടിതി — ചടിതി; ഝല്ലരി — ചല്ലരി.

e. ച — ശ കൃശൻ — കൃച്ചൻ, ശൃംഖല — ചങ്ങല — ചങ്ങു; ശതപുഷ്പി — ശതാഹ്വ — ചതകുപ്പ, ശതമഖൻ — ചതമകൻ, ശതഭിഷക് — ചതയം, ശതവേരി — ചതവേരി, ശഷ്പം — ചപ്പു, ശമലം — ചമലം, ശരം — ചരം, ശരാവം — ചരാവം, ശവം — ചവം; ശാണ — ചാണ; ശ്രാദ്ധം — ചാത്തം, ശാസ്താ — ചാത്തൻ; ശാന്തി — ചാന്തി; ശാല — ചാല — ചാള — ആല. ശാലി — ചാലി. ശാപം — ചാപം, ശൃംഗാരം — ചിങ്കാരം, ശില്പം — ചില്പം, ശിരസ്സ — ചിരം; ശില — ചില, ശ്രീദേവി — ചിരുതയി — ചിരുതൈ — ചിരുത — ചീയ്യയി — ചീരു, ചീയ്യഴി. ശ്രീകണ്ഠൻ — ചിരികണ്ടൻ — ചിരുകണ്ടൻ, ശിവൻ — ചിവൻ ശ്രീ — ചീ, ശുക്ലം — ചുക്കു. ശ്രീതപാ — ചീത്തം, ശ്രീമത്തു — ചീമത്തു — ജീമത്തു, ശ്രീരംഗപട്ടണം — ചീരങ്കപട്ടണം, ശ്രീ (കറുംപ) ചീ(റുംപ), ശുകശാരണന്മാർ — ചുകചാരണന്മാർ ശുല്കം — ചുങ്കം, ശുനകൻ — ചണങ്കി, ശുണ്ഠി — ചുണ്ടി, ശുണ്ഡ — ചുണ്ണു, ചൂർണ്ണം — ചുണ്ണം, ശ്രുതി — ചുരുതി, ശ്രോണി — ചുരോണി, ശ്ലേഷ്മം — ചുലെണ്ണം, ശൂരൻ — ചൂരൻ, ശൂലം — ചൂലം, ശബ്ദം — ചെത്തം, ശേഷി — ചേയി; ശേഷിച്ചു — ചേയിച്ചു — ചേകിച്ചു — ചേഴിച്ചു, ശിവപുരം — ചോവരം — ചൊവ്വൂർ, ശോകം — ചോകം, ശോണൻ — ചോണൻ, ശോധന — ചോധന, ശ്വാതി — ചോതി, ദിശ — തിച, ഉശ്ശീലം — ഉച്ചീലം, നിശാചരൻ — നിചാചരൻ, നിശിചരൻ — നിചിചരൻ, ആചാരം — ആശാരം, ആചാര്യൻ — ആചാരി — ആശാൻ, ക്ലേശം — കിലേചം, ശർക്കര — ചക്കര, ശ്യാമ — ചാമ, ശാസ്ത്രം — ചാത്തിരം, ക്ഷാത്രർ — ചാത്തിരർ — ശാസ്ത്രർ, ശ്യാമൻ — ചാമൻ.

f. ച — ഷ. ഷഡംഗം — ചടങ്ങ — ചടങ്ക, മനുഷ്യൻ — മനിച്ചൻ — മനിതർ.

g. ച — സ. കംസൻ — കഞ്ചൻ, സന്ത — ചന്ത, സന്ധി — ചന്തി, സന്ധ്യ — ചന്തു, സമിൽ — ചമത, സമൎത്ഥൻ — സമത്തൻ — ശമ്മളു, സമയം — ചമയം, സംബന്ധി — ചമ്മന്തി, സീത — ചീത, സരം — ചരട്, സരളം — ചരളം, സമാവൎത്തനം — സാമാൎത്തം, സാധന — ചാതന, സിന്ധു — ചിന്തു — ഇന്തു, സിന്ദൂരം — ചിന്തൂരം, സന്നിനായകം — ചെന്നിനായകം, സേന — ചേന, സേതു — ചേതു, സേവ — ചേവ, സേവകൻ — ചേവകൻ — ചേകവൻ, സുഭദ്ര — ചോത്ര, സോമൻ — ചോമൻ, സോമഹോത്രി — ചോമാതിരി, സിംഹം — ചിങ്കം, ചിങ്ങം; സിംഹളം — ചിങ്കളം — ചിങ്ങളം, ശിങ്കളം — ഈഴം, വത്സനാഭി — പച്ചനാഭി, മാംസി — മാഞ്ചി, സൂൎയ്യദേവൻ — ചൂരിയതേവൻ, സൂതൻ — ചൂതൻ.

4. ടവൎഗ്ഗത്തിന്നും ഷകാരത്തിന്നും പകരം ടകാരം വരും.

a. ട—ഠ, കഠോരം, കട്ടൂരം, മഠം—മടം, ശുണ്ഠി—ചുണ്ടി, ശ്രവിഷ്ഠം—അവിട്ടം, ജ്യേഷ്ഠൻ—ചേട്ടൻ—ഏട്ടൻ, പീഠിക—പീടിക.

b. ട—ഡ, ജഡ—ചട, തഡിൽ—തടിൽ, നാഡി—നാടി—നാഴി, ഷഡംഗം—ചടങ്ങ, ഉഡു—ഉടു, ചൂഡൻ—ചൂടൻ.

c. ട—ഢ, ആഢകം—ആടകം, ആഷാഢം—ആടി, ഢക്ക—ഇടക്ക, ഉത്തരാഷാഢം—ഉത്രാടം, ദൃഢം—തിടം, മൂഢൻ—മൂടൻ, പൂൎവ്വാഷാഢം—പൂരാടം.

d. ട—ഷ, അതിവിഷം—അതിവിടയം, ഋഷഭം—ഇടവം—ഇടപം—ഇടവകം, മേഷം—മേടം, വിഷഹാരി—വിഷാരകൻ—പിഷാരൻ—പിടാരൻ.

5. തകാരം സവൎണ്ണങ്ങൾക്കും ശസകൾക്കും പകരം വരും.

a. ത—ഥ. ഗ്രന്ഥം—കെരന്തം, തുത്ഥം—തുത്തം, സാരഥി—തേരതി, സ്ഥൂണം—തൂൺ, പാത—പന്ഥ, മന്ഥം—മന്തു, മന്ഥനം—മന്തനം, മൈഥിലി—മൈതിലി, വീഥി—വീതി.

b. ത—ദ. ആദി—ആതി, ഇന്ദ്രൻ—ഇന്തിരൻ, ഇന്ദുമുഖി—ഇന്തുമുകി, ഉദകം—ഉതം, ഉപദേശം—ഉപതേചം, ഗദ—കത—കെത, കദളി—കതളി, കവീന്ദ്രൻ—കവീന്തിരൻ, ദശ—തച, ദൎവ്വി—തവ്വി, ദാശരഥി—താചരതി, ദാനം—താനം, ദാനവൻ—താനവൻ, ദായം—തായം, ദായാദി—തായാതി, ദിശ—തിച, ദിക്കു—തിക്കു, ദ്വീപം—ദ്വീപു—ദീവു—തീവു, ദണ്ഡം—തെണ്ടം—തുണ്ടു, ദൈവം—തെയ്യം, ദൎഭ—തെപ്പു, ദശ—തെച, ദേശാന്തരി—തേയാന്തരി, ദേവനായകൻ—തേവനായകൻ, ദേവാരാധന—തേവാരം, ദേവദാരു—തേവതാരു, ദേവർ—തേവർ, ദ്രോണി—തോണി, ദോഷം—തോഴം, ദേവാട്ടം—തെയ്യാട്ടം, നന്ദനൻ—

നന്ദനൻ, നന്ദി–നന്തി, നന്ദ്യാവൎത്തം–നന്തിയാർവട്ടം–നന്ത്യാർവട്ടം, നിദാനം–നിതാനം, പദം–പതം, പദകം–പതകം–പതക്കം, പാദം–പാതം, പാദുകം–പാതുകം, മഹോദരൻ–മകോതരൻ, മന്ദം–മന്തം, മന്ദാരം–മന്താരം, മൎയ്യാദ–മരിയാത, മാന്ദ്യം–മാന്തം, മാന്ദി–മാന്നി, മൃദു–മെതു, വദനം–വതനം, വന്ദനം–വന്തനം, വാദം–വാതു, വൃന്ദം–വിന്തം, വിന്ദു–വിന്തു, വിവാദം–വിവാതു,

c. ത–ധ. അധികം–അതികം, അധികാരം–അതികാരം, അപരാധം–അപരാതം–അമരാതം, സിന്ധു–ഇന്തു, ഉദ്ധാരം–ഉത്താരം, ഗന്ധം–കെന്തം, ഗന്ധകം–കെന്തകം, ശോധന–ചോതന, ധനം–തനം, ധര–തര–തറ, ധാത്രി–താച്ചി, ധാര–താര, മധു–മതു, വിധം വിധേയം–വിത്, ധരിക്ക–തരിക്ക, രാധ–രാതി, വിരാധൻ–വിരാതൻ, വിധവ–വിതവ.

d. ത–സ. അസി–അതി, ഉല്ലാസം–ഉല്ലാതം, സൽകാരം–തക്കാരം, സംഗം–തങ്കം, സംഗ്രഹിക്ക–തങ്കരിക്ക, സങ്കേതം–തങ്കേതം, സഞ്ചാരം–തഞ്ചാരം, സനാതനൻ–തനാതനൻ, സന്തതം–തന്തതം, സന്ധു–തന്തു, സംപന്നം–തമ്പന്നം, സസ്യം–തയി–തൈ, സംബന്ധം–തമ്മന്തം, സരളം–തരളം, സൎവ്വാംഗം–തരുവാംകം, സാക്ഷി–താക്കി, സുരംഗം–തുരങ്കം, സൂചി–തുശി, സേവ–തേവ, പനസൻ–പനതൻ, പുനൎവ്വസു–പുണർതം, മഹാമാസം–മാമാതം, മുസലം–മുതലം.

e. തവൎഗ്ഗത്തിന്നു ചവൎഗ്ഗം ആദേശം വരും.

അമാത്യർ–അമാച്ചർ, അമേധ്യം–അമേച്ചം, തുത്ഥനാകം–ചിത്തനാകം, നിത്യം–നിച്ചം, ദ്യൂതം–ചൂതു, പിത്തള–പിച്ചള, പിത്തം–പിച്ച്, വിദ്യ–വിച്ച.

f. ത–ശ. ശുചി–തുയ്യ–തുയി–തുചി.

6. പവൎഗ്ഗത്തിലെ പകാരം സവൎണ്ണങ്ങൾക്കു പകരം വരും.

a. പ–ഫ. ഫല്ഗുനി–പങ്കുനി, ഫലകം–പലക, ഫലാഹാരം–പലഹാരം.

b. പ–ബ. ബുദ്ധി–പുത്തി, കംബളം–കമ്പിളി.

c. ബ–വ. അബദ്ധം–അവദ്ധം, ബന്ധു–വെന്തു, ബലം–വെലം, ബലി–വെലി, ബഹിഷ്കരിക്ക–വൈഷ്കരിക്ക.

d. ഭ–വ. അഭിഷേകം–അവിഷേകം,–അവിഴേകം, ഋഷഭം–ഇടവം, നാഭി–നാവി.

e. പ–ഭ. സ്തംഭം–കമ്പം, തമ്പം, കാഭം–കമ്പ, കംഭൻ–കമ്പൻ, നികംഭൻ–നികംപൻ, ഭഗവതി–പകോതി, ഭട്ടൻ–പട്ടൻ, ഭട്ടശ്രീ–പട്ടത്തിരി, ഭണിക്ക–പണിക്ക, ഭണ്ഡാരം–പണ്ടാരം, ഭസ്മം–പത്തണം, ഭജനം–പയനം, ഭരം–പരം, ഭരതൻ–പരതൻ, ഭാഗം–പാകം, ഭാഷ–പാഴ, ഭിക്ഷ–പിച്ച,

ഭ്രൂ—പുരികം—പുരിയം, ഭുവനി—പുവനി, ഭൂതലം—പൂതലം, ഭിത്തി—ബിത്തി, ഭേകം—പേക്കൻ, ഭേരി—പേരി, ഭൈരവി—പൈരവി, ഭ്രാന്തം—ഭ്രാന്തു—പിരാന്തു.

f. പ—വ. തപസ്സ്—തപം—തവം, നാപിതൻ—നാവികൻ, വത്സനാഭി—പച്ചനാഭി.

415. 1. അനനുനാസികങ്ങൾ ഒഴികെയുള്ള സ്പർശങ്ങളുടെ വികാരങ്ങളെല്ലാം വിവരിച്ചു കഴിഞ്ഞു. അവ മിക്കവാറും വട്ടെഴുത്തിന്റെ അക്ഷരദാരിദ്ര്യത്താൽ സംഭവിച്ചതാണെന്നു തെളിയുന്നു. അനുനാസികങ്ങളിൽ ങ ണ പദാദിയിൽ വരില്ല. ഞകാരം സംസ്കൃതത്തിൽ പദാദിയിലില്ല. ന മ രണ്ടു ഭാഷകളിലും പദാദിയിൽ വരും. മകാരം വകാരമാവാറും. അനുനാസികപൂർവ്വമായ സംയോഗങ്ങളിൽ ഉഭയാദേശത്താൽ അനുനാസികദ്വിത്വം വരും. മസൂരി—വസൂരി. അനുസ്വാരത്തിന്നു പരമായ മൂളലിന്റെ ഉച്ചാരണം ഓർക്കുക.

2. പൂർവ്വമലയാളത്തിൽ ര ല പദാദിയിൽ വരില്ല. തത്ഭവങ്ങളിൽ ഇവക്കു അ, ഇ, ഉ എന്നിവകൾ സ്വരങ്ങൾ ആദ്യാഗമം Prothesis വരും.

a. അ, രാക്ഷസൻ—അരക്കൻ, രാജൻ—അരചൻ, ലാക്ഷാ—രാക്ഷാ—അരക്കു, രംഗം—അരങ്ങു.

ഇ—രസം—ഇരതം, രേവതി—ഇരവതി, രാഘവൻ, ഇരാകവൻ, രാമൻ—ഇരാമൻ, രാശി—ഇരാശി, ലക്ഷണം—ഇലക്ഷണം, ലങ്ക—ഇലങ്ക, ലവംഗം—ഇലവങ്ങം.

ഉ—ഉലോകം—ഉലക, രുദ്രാക്ഷം—ഉത്തരാക്കം, രൂപം—ഉരു—ഉരുവു. ഈ സ്വരാഗമം Prothesis വൈദികസംസ്കൃതത്തിലും ഉണ്ടു. ഉ—ലോകഃ, ഇ—രജ്യതി, ഉ—ലയഃ.

416. 1. ശ, ഷ, സ എന്നിവകളെ പകരം ചകാരവും വരും.

a. ശ—ച. ശകടം—ചകട്ടു—ചാട്ടു, ശർക്കര—ചക്കര, ശംഖം—ചങ്കു, ശൃംഖല—ചങ്ങല, ശതഭിഷാ—ചതയം, ശപ്തം—ചപ്പു, ശമലം—ചമലം, ശാല—ചാല, ശ്ലാഘ്യർ—ചാക്കിയാർ, ശ്രാദ്ധം—ചാത്തം, ശാസ്താ—ചാത്തൻ, ശൃംഗാരം—ചിങ്ങാരം—ചിങ്കാരം, ശ്രീദേവി—ചീദ്ദെ, ശുഷ്കം—ചുക്കു, ശ്രേഷ്ഠി—ചെട്ടി, ശബ്ദം—ചെത്തം, ശുല്കം—ചുങ്കം.

b. ഷ—ച. ഷഡംഗം—ചടങ്ങു.

c. സ—ച. സംഘാതം—ചങ്ങാതം, സന്ധി—ചന്തി, സന്ധ്യ—ചന്തു, സമിധ—ചമത, സമാവർത്തനം—ചാമാത്തം, സിംഹം—ചിങ്ങം, സിന്ദൂരം—ചിന്തൂരം, സേവ—ചേകം, സേവകർ—ചേകവർ—ചേവകർ, സ്വാതി—ചോതി, സോമൻ—ചോമൻ.

2. ഷകാരത്തിന്നു ചിലേടത്തു ഴകാരവും ടകാരവും വരും.

അനുഷം — അനിഷം — അനിഴം, ഔഷധം — അവിഴതം, കഷായം — കഴായം, ക്ഷയം — കിഴയം, തുഷിരം — തുഴിരം, ദോഷം — തോഴം, പുഷ്കരമൂലം — പുഴിക്കരമൂലം, വിഭീഷണൻ — വിപീഴണൻ, ഋഷഭം — ഇടവം, മേഷം — മേടം.

3. സകാരത്തിന്നു ചിലപ്പോൾ തകാരം വരും.

സൽക്കാരം — തക്കാരം, സസ്യം — തൈ, സുരംഗം — തുരംകം, സൂചി — തുശി, സാവിത്രി — താത്തി.

4. ഹകാരം പദാദിയിൽ നിത്യമായും അപദാദിയിൽ വികല്പമായും ലോപിക്കും. ലോപിക്കാത്ത പദങ്ങളിൽ ഹകാരത്തിന്നു പകരം കകാരം വരും.

a. ഹനുമാൻ — അനുമാൻ (അനുമൻ, അനുമ്മൻ, അനൂമാൻ, അനുമാൻ അനുവാൻ എന്ന രൂപങ്ങൾ രാമചരിതത്തിൽ പ്രയോഗിച്ചിട്ടുണ്ടു), ഹസ്തം — അത്തം, ഹരി — അരി, ഹംസം — അന്നം, ഹരൻ — അരൻ, ഹരിതാരം — അരിതാലം, ഹിതം — ഇതം — എതം, ഹിമം — ഇമം, ഹസ്തി — അത്തി, ഹേതു — ഏതു, ഹാടകം — ആടകം, അഗ്നിഹോത്രി — അക്കിത്തിരി; ഗ്രഹ (ഷ്ടിഴ) — കേറാ (ഷ്ടിഴ) സ്നേഹം — നേശൻ — നേശം, മഹാ — മാ, സ്നേഹം — നെയ്യ്. വരാഹ (ഷ്ടുഴ) — വരാ (ഷ്ടുഴ), കാഹളം — കാളം.

b. അഹല്യ — അകലി, അനഹം — അനകം, അനുഗ്രഹിക്ക — അനുക്കരിക്ക, അഹംകാരം — ആങ്കാരം, സിംഹം — ചിങ്കം — ചിങ്ങം, ലേഹ്യം — ലേക്യം, വരാഹം—വരാകം, മഹോദരൻ—മകോദരൻ, വാഹനം—വാകനം.

417. 1. തത്സമാദിയിലേ വ്യഞ്ജനങ്ങളും ചില സംയോഗങ്ങളും ലോപിക്കും. **Aphesis.**

a. ജ്യ — ജ്യേഷ്ഠൻ — ഏട്ടൻ.

b. യ — യുഗം — ഉഗം (നുകം), യമൻ — എമൻ, (നമൻ), യജമാനൻ — എജമാനൻ, യന്ത്രം — എന്ത്രം, യശസ്സു — എശസ്സു — യശോദ — എശോദ.

ജ്ഞാപകം എകാരത്തെ യകമായുച്ചരിക്കുന്നതു കൊണ്ടു ഈ വികാരം ജനിച്ചു.

c. ര — രുധിരം — ഉതിരം.

d. ശ — ശാല — ആല.

e. ഷ — പുഷ്യം — പൂയം.

f. ശ്ര — ശ്രേണി — ഏണി, ശ്രവിഷ്ഠ — അവട്ടം, ശ്രാവണം — ആവണി.

g. ത്സരു — സരു.

h. സ — സന്ധ്യ — അന്തി, സമരം — അമർ — അമ്മ, സഹസ്രം — ആയിരം, സിന്ധു — ഇന്തു, സ്തൂണം — തൂൺ, സ്തംഭം — കമ്പം, സീസം — ഈയം, സിംഹളം — ഈഴം, സ്ഥലം — തലം, സ്ഥാനം — താനം, സ്ഫടികം — പടികം, സ്പർശം — പരിശം പരിയം. സ്തൂപം — തോപ്പ്.

2. സംയോഗത്തിലെ അന്ത്യമായ അന്തസ്ഥം ലോപിക്കും.

ശ്ലാഘ്യർ — ചാക്കിയാർ, ശ്രാദ്ധം — ചാത്തം, ജ്യോതിസ് — ചോതി, തപസ്വി—തപസി—തപശി, പ്രയാണം—പയാണം, പ്രവാളം—പവഴം—പവിഴം.

3. അന്തസ്ഥാന്തമായ സംയോഗം പിരിച്ച് പൂർവോത്തരവർണ്ണങ്ങളുടെ ഇടയിൽ സ്വരം ആഗമം വരും. Anaptyxis.

a. യ—അപഥ്യം—അപത്തിയം, ആര്യ—ആരിയ, ആര്യാവർത്തം—ആരിയാവത്തം, മധ്യം — മതിയം, മര്യാദ—മരിയാദ, മാന്യം—മാനിയം, വ്യത്യാസം—വിത്യാസം, വ്യുൽപത്തി—വിൽപത്തി, വ്യവസ്ഥ—വിയസ്ഥ—വേസ്ഥ, വ്യാസൻ—വിയാസൻ, വ്യസനം—വിസനം, വ്യയം—വെയം, വേശ്യ—വേശി.

b. ര—അത്രി—അച്ചിരി, ആർദ്ര,—ആതിര, ഇന്ദ്രൻ—ഇന്തിരൻ, ഉപദ്രവം—ഉപത്തിരം, കാര്യം—കാരിയം, കുംഭകർണ്ണൻ—കുമ്പകരുണൻ, ക്രോധനൻ—കിരോതനൻ, ഗ്രഹം (ഗ്രഹം എന്ന പോലെ) കിരിയം, ഗ്രഹണി—കിറണി—കിരേണി, ഗ്രന്ഥം—കെരന്തം, ചിത്ര—ചിത്തിര, ചിത്രം—ചിത്തിരം, സുഗ്രീവൻ—ചുക്കിരീവൻ, ശ്രുതി—ചുരുതി, ശ്രോണി—ചുരോണി, സാമുദ്രി—താമൂതിരി—താമൂരി, ശ്രീ—തിരി—ചീ—ചീർ—തിരു—തൃ, തൃതീയ, (ത്രിതീയ എന്ന പോലെ) തിറിതിക, ശ്രീകണ്ഠൻ—ചിരുകണ്ടൻ, ശാസ്ത്രം—ചാത്തിരം, അസ്ത്രം—അത്തിരം, പ്രിയം—പിരിയം—പിരിശം, പ്രഭ—പിറവു, പ്രഹസ്തൻ—പിരയത്തൻ, പ്രജംഘൻ—പിരച്ചങ്കൻ, പ്രതാപം—പിരതാപം, ഭ്രൂകം—പുരികം—പുരിയം, ബ്രഹ്മൻ—വിരമ്മൻ, ബ്രാഹ്മി—പിരമ്മി. ഭ്രാന്തു—പിരാന്തു, മന്ത്രം—മന്തിരം, രാത്രി—ഇരത്തിരി—ചാത്തിരി—ലാസ്ത്രി, വജ്രം—വയിരം, രുദ്രാക്ഷം—ഉത്തരാക്കം, ശ്രമം—ചിരമം.

c. ല—ക്ലേശം—കിലേചം, ശ്ലേഷ്മം—ചുലേണ്ണം, പ്ലീഹ—പിലിശ, ആശ്ലേഷാ—ആയിലിയം.

d. വ—സ്വർഗ്ഗം—സുവർഗ്ഗം.

4. സംയോഗാന്തവകാരം ഒകാരമായ്വരും.

ത്വക്ക—തൊക്ക, ശ്വാതി—ചോതി, സ്വമ്മു—സൊമ്മു, സ്വൈരം—തൊയിരം സ്വല്പം—തൊല്പം, സ്വരം—സൊരം—തുരം.

5. സംയോഗാദിരേഫത്തോടു സ്വരം ചേർന്നു, വർണ്ണങ്ങൾ പിരിയും. ചിലപ്പോൾ രേഫം ലോപിക്കും.

അർക്കൻ—എരിക്ക, കർമ്മം—കരുമം, കർശനം—കരിശനം, കപർദ്ദി—കവിടി, സ്പർശം—പരിയം, വർഷം—വരിഷം, പാർശ്വം—പാരിശം, മര്യാദ—മരിയാദ.

രേഫലോപം—കർമ്മകാരൻ—കമ്മാരൻ, കൃത്സ്നം—കൃത്സ്ന, ശർക്കര—ചക്കര, ശ്രീ—ചീ, ചൂർണ്ണം—ചുണ്ണം, ദർവ്വി—തവ്വി, പർപ്പടം—പപ്പടം, മർദ്ദളം—മദ്ദളം, വർണ്ണം—വണ്ണം, ചർവ്വണം—ചവ, സമർത്ഥൻ—ചമത്തൻ, കർണ്ണാടകം—കന്നടം.

6. പദാന്തത്തിലെ സംയോഗാന്തത്തിലെ യകാരം ഇയാകും.

അയോദ്ധ്യ—അയോത്തി, അഹല്യ—അകലി, ആര്യ—അരശി, ആചാര്യ—ആചാരി—ആശാരി, വേശ്യാ—വേശി, സന്ധ്യ—അന്തി, സസ്യ—തയി—തൈ, മത്സ്യം—മത്തി, വദ്ധ്യ—മച്ചി, വാദ്ധ്യാൻ—വാത്തി(യാർ).

418. 1. തത്സമങ്ങളിലെ അന്തസ്ഥങ്ങളില്ലാത്ത സംയോഗങ്ങൾക്കു പൂർവ്വസവർണ്ണാദേശം, പരസവർണ്ണാദേശം, ഉഭയാദേശം എന്നവയിൽ ഒന്നു വരും.

a. സ്ത—സ്ഥ=ത്ത. അഗസ്തി—അകത്തി, അസ്തം—അത്തം, ഹസ്തം—അത്തം, ഹസ്തി—അത്തി, ഹസ്താന്തരം—അത്താന്തരം, അസ്ഥി(കുറച്ചി)—അത്തി (കുറച്ചി), ശാസ്താ—ചാത്തൻ, കാകസ്ഥൻ—കാകത്തൻ.

b. ഷ്ട—ഷ്ഠ—ട്ട. അംബഷ്ഠൻ—അമ്പട്ടൻ, വിഷ്ഠ—(മൂക്ക്) ഇട്ട, ഇഷ്ടം—ഇട്ടം, യഷ്ടി—ഇട്ടി—ഈട്ടി, ഇഷ്ടക—ഇഷ്ടിക, ഇട്ടിക; കഷ്ഠം—കഷ്ടം—കൊട്ടം, ഗോഷ്ഠം—കോട്ട, ചർമ്മയഷ്ടി—ചമ്മട്ടി, ജ്യേഷ്ഠൻ—ചേട്ടൻ—ഏട്ടൻ, ദിഷ്ടം—തിട്ടം, ധൃഷ്ടം—തിട്ടം, ദീപയഷ്ടി—ദീപട്ടി—തീപട്ടി, നഷ്ടം—നട്ടം, നഷ്ടി—നട്ടി, പിഷ്ടം—പീട്ട്, വിഷ്ഠ—വിട്ട, മുഷ്ടി—മുട്ടി, ലോഷ്ടം—ലോട്ട, വേഷ്ടി—വേട്ടി, ശ്രേഷ്ഠി—ചെട്ടി.

c. ക്ഷ—ക്ക. അക്ഷം—അക്കം, അക്ഷരം—അക്കരം, രാക്ഷസൻ—അരക്കൻ, ലാക്ഷാ—രാക്ഷ അരക്ക, രുദ്രാക്ഷം—ഉത്തരാക്കം, ക്ഷാരം—കാരം (ഖാരം), ക്ഷേമം—കേമം, സാക്ഷി—താക്കി, പക്ഷം—പക്കം, ലക്ഷ്യം—ലാക്ക, ലക്ഷണം—ഇലക്കണം, ലക്ഷ്മണൻ—ഇലക്കണൻ—ഗവാക്ഷൻ—കെവാക്കൻ.

d. ക്ഷ—ച്ച. അക്ഷം—അച്ച്, അക്ഷദണ്ഡം—അച്ചുതണ്ട, ക്ഷാമം—ചാമം, ക്ഷാരം—ചാരം, ഭിക്ഷ—പിച്ച, ലക്ഷൻ—ലച്ചൻ.

2. സ്പർശങ്ങൾ ചേർന്നുണ്ടായ സംയോഗങ്ങളുള്ള തദ്ഭവങ്ങളെ സ്പർശങ്ങളുടെ വിവരണത്തിൽ കാണാം. ചില വിശേഷങ്ങളെ മാത്രം ഇവിടെ പറയുന്നു.

അന്യായം—അഞ്ഞായം, അലങ്കാരം—അലങ്ങാരം, അന്വേഷിക്ക—അന്നേഷിക്ക, അപന്യായം—അപഞ്ഞായം, അപൂർവ്വം—അകപ്പം, രംഗം—അരങ്ങ്,

അഭ്യോക്ത്യം—അലോഹ്യം, ആഗ്ഗ്യം—ആണ്ട്യം, ആജ്ഞ—ആണ, ആഹ്നികം—ആന്ന്യം, ഇനചക്ര—ഇലചക, ലവംഗം—ഇലവങ്ങം, ഉന്മത്തം—ഉമ്മത്തം, കല്ക്കം—കക്കം, കല്മഷം—കന്മഷം, വാല്മീകി—വാന്മീകി, സംഘാതം—ചങ്ങാതം, ശൃംഖല—ചങ്ങല, ഷഡംഗം—ചടങ്ക—ചടങ്ങ, ധാത്രി—താച്ചി, പങ്ക്തി—പന്തി, പാങ്ക്തം—പാന്തം, മുക്ത—മുത്ത, മുദ്ഗരം—മുൾക്കരം, വിഷ്ണു—വിണ്ണു.

419. 1. പദങ്ങളിലെ വൎണ്ണങ്ങളുടെ സംകോചത്താലും syncopation വ്യത്യയത്താലും ഉണ്ടാകുന്ന ചില തത്ഭവങ്ങളെ താഴെ ചേൎക്കുന്നു.

a. അവസരം—അംസരം, അസ്ത്യഷ്ടാതി—അസ്താതി, ആഷാഢം—ആടി, ഉത്തരാഫല്ഗുനി—ഉത്രം, ഉത്തരാഷാഢ—ഉത്രാടം, ഉത്തരഭാദ്രപദം—ഉത്രട്ടാതി, ഉപചാരം—ഓശാരം, ഉപജീവനം, ഒശിനം—ഓശീന്നം, ഒജ്ജ്വീനം (ഒളി) പുരുഷൻ—പൂയൻ, ഉപമിക്ക—ഓമിക്ക, കൂടോപദേശം—കൂടോത്രം, കേരളൻ—കേളൻ—കേളു, കൈലാസം—കൈലം, ശതഭിഷ—ചതയം, യവക്ഷാരം—ചവൎക്കാരം, സിംഹളം—ഈഴം, നിത്യശ്രാദ്ധം—നിചാത്തം, നിയമം—നേമം, (cf വേദന) പാൎവ്വതി—പാറു, (cf നാണു, നാണി, മാളു, ചാത്തി, താത്തി), പുംസവനം—പുംസം—പുങ്ങം, പുനൎവസു—പുണൎതം, പൂൎവ്വഭാദ്രം—പൂരുരുട്ടാതി—പൂരോട്ടാതി—പുരുട്ടാതി—പുരട്ടാതി, പൂൎവ്വാഷാഢം—പൂരാടം, ഭഗവതി—പോതി, പ്രാതർ (അശനം)—പ്രാതൽ, മാൎഗ്ഗശീൎഷം—മാൎകളി—മാൎകഴി, മഹാലയം—മാളയം, മേദിനി—മേതി, ബഹിഷ്കരിക്ക—വൈസ്തരിക്ക, ചൎമ്മകാരൻ—ചെമ്മാൻ—ചെമ്മാരൻ, ജന്മാന്തരം—ജന്മാരം, ദൈവ+ആട്ടം—തെയ്യാട്ടം.

b. സംകീൎണ്ണോദാഹരണങ്ങൾ. അപൂൎവ്വം—അകപ്പം, അക്ഷോഡം—അക്രോത്തു, അനുരാധ—അനിഴം, പിപ്പലി—തിപ്പലി.

c. രണ്ടു പദങ്ങൾ ചേൎന്നുണ്ടായ സംജ്ഞാനാമങ്ങളിൽ (i) ആദ്യാംശത്തിനെ മുഴുപേരിന്നു പകരം സംസ്കൃതത്തിൽ പ്രയോഗിക്കും. ഭാഷയിൽ (ii) മനപ്പേരുകളും (iii) തറവാട്ടുപേരുകളും സംജ്ഞാനാമങ്ങൾക്കു പകരം ഉപയോഗിക്കും.

(i) ഭീമസേനൻ—ഭീമൻ, സത്യഭാമ—സത്യ, ഭാമ; ദത്താത്രേയൻ—ദത്തൻ. (ii) മൂത്തേടത്തു, കാട്ടുമാടൻ, നാരേരി. (iii) കവളപ്പാറ, വായ്യങ്കോട്ടു, പുതുശ്ശേരി.

d. ചില സംസ്കൃതസാമാന്യനാമങ്ങളുടേയും പൂൎവ്വഭാഗം മുഴുവൻ നാമാൎത്ഥത്തിൽ ഉപയോഗിക്കും. cf. അരച്ചൊൽ ലീ. തി. (IV 2.)

സന്നിപാതം—സന്നി, പ്രതികൃതി—പ്രതിവാദി—പ്രതി, തുത്ഥനാകം—തുത്തം, പ്രാതരശനം—പ്രാതൽ.

420. 1. തത്ഭവങ്ങളിൽ സ്വരങ്ങൾ സാധാരണമായി മാറുകയില്ല.

പദാദിയിലെ മൃദുക്കളുടെ പിൻ വരുന്ന അകാരത്തെ എകാരമായി ഉച്ചരിക്കുന്നതു കൊണ്ടു പ്രാചീനഗ്രന്ഥങ്ങൾ മൃദുക്കളുടെ സ്ഥാനത്തുവരുന്ന ഖരങ്ങളോടു് എകാരം എഴുതും. ലേഖകന്മാരുടെ പ്രമാദത്താൽ അതേ വാക്കുകളിൽ അതേഗ്രന്ഥത്തിൽ അകാരവും കാണും. (53. 2.)

ചട, ചെട, തചമുനൻ — തെചമുകൻ.

2. പദാദിയിലെ അന്തസ്ഥകൾക്കു മുമ്പും സംയോഗത്തിലെ അന്തസ്ഥങ്ങളുടെ മദ്ധ്യത്തിലും അ—ഇ—ഉ എന്ന സ്വരങ്ങൾ ആഗമം വരും. (73. 2.)

3. തത്സമങ്ങളിലെ ഐ, ഔ എന്ന സ്വരങ്ങൾ അയി, ആയി, അവ്, ആവ് ആയ്വരും. ഐരാവതം—അയിരാവതം, വൈയാകരണൻ — വയ്യാകരണൻ, ദയിത—ദൈയ്യ. (80.) ഔഷധം— അവിഴതം, അവിഷതം.

4. ദീർഘങ്ങൾ ചിലപ്പോൾ ഹ്രസ്വങ്ങൾ ആകും.

അഗാരം — അകരം, ആക്രുതം — ആകുതം, ഉലോകം — ഉലകം — ഉലക.

5. പദാന്തത്തിലെ അം, സ് എന്നിവ ലോപിക്കും. Apocope.

അം—അനലം—അനല്, സമരം — അമർ, അമൃതം— അമൃതു, കപടം— കപട്ടു, കദംബം — കടമ്പു, ഖേദം — കേതു്, ശകടം — ചകട്ടു — ചാട്ടു, കുശലം— കുശലു, ഡംഭം—ഡാമ്പു്, ദത്തം—ദത്തു, നഖരം—നകർ, നഗരം—നകർ, ദീപം— ദീപു, ഭ്രാന്തം—ഭ്രാന്തു, മംഗലപുരം — മങ്ങലൂർ, മത്തം — മത്തു, മന്ഥം — മന്തു്, മസ്തം — മട്ടു്, മാതാ — മാതു, മുക്താ — മുത്തു, വാദം — വാതു, വിവാദം — വിവാതു, ശംഖം — ശംഖു — ശങ്കു, സന്ധു—സന്ധു്, സ്വാദു — സ്വാദു്, കളംബം — കഴമ്പു, കോണം—കോൺ, ലോകം—ഉലക, ക്രോശം—കോസു്.

സ—ആശിസ്—ആശി, ഉരസ്—ഉരം, ഉരസ്ഥലം— ഉരതലം, ശിരസ്— ചിരം, തപസ്—തപം—തവം, തമസ്—തമം, മനസ്—മനം, യശസ്—യശം.

6. ഋകാരത്തിന്നു പകാരം, അ, ഇ എവന്നിവയിൽ ഒന്നു വരും. രേഫത്തെപ്പോലെ ഋകാരത്തിന്റെ മുമ്പിൽ ഇകാരം ആഗമം വരും.

a. അം—അമൃതം—അമരേത്തു = അമറേത്തു, ശൃംഖല— ചങ്ങല, മൃഗശീർഷം— മകയിരം—മകയിര്യം.

b. ഇ—ഋഷഭം—ഇടവം, ഋഢം—രിടം, വൃന്ദം—വിന്തം. വൃത്തി—വിരുത്തി, വൃദ്ധി—വിരുത്തി, വൃത്തം—വിരുത്തം. ഈ മൂന്നിലും ഋ = ഇരു.

c. ഉ—നിരൃതി—നിരുതി, മാതൃ—മാതു.

d. എ—മൃദു—മെതു്, മൃദ്—മെതി.

e. ഋഷിമാർ—ഇരുഷിമാർ.

421. തത്ഭവങ്ങളിലുണ്ടാകുന്ന മാററങ്ങളെപ്പോലെ വൈകൃതശബ്ദങ്ങളിലും വികാരങ്ങൾ ഉണ്ടാകും. ഈ രണ്ടു വിധം മാററങ്ങളെയും സാദൃശ്യപ്പെട്ടു

ത്തിക്കിട്ടുന്ന വൎണ്ണവികാരങ്ങളെ മററു ദ്രാവിഡഭാഷകളിലെ താദൃശവികാരങ്ങളോട് ഒത്തു നോക്കി സാമാന്യനിയമങ്ങളെക്കണ്ടു പിടിക്കേണം. ഈ നിയമങ്ങളുടെ സഹായത്താൽ ദ്രാവിഡഭാഷാധാതുപ്രത്യയങ്ങളെപ്പരിശോധിച്ച് അവയുടെ മൂലസ്വരൂപം നിൎണ്ണയിച്ചാൽ ദ്രാവിഡഭാഷകളുടെ മാതൃഭാഷയെ സുപ്രതിഷ്ഠിതമാക്കും. ഇതു് ഒരു മനുഷ്യന്നു സാധ്യമല്ല. അനേകവിദ്വാന്മാർ ചെയ്യേണ്ടിയ കാൎയ്യമാകുന്നു. മ. രാ. രാ. എസ് പരമേശ്വരയ്യർഅവർകളുടെ നിരന്തരോത്സാഹം നിമിത്തം പ്രസിദ്ധപ്പെടുത്തിയ രാമചരിതം, രാമകഥ, കണ്ണശ്ശരാമായണം, ഭഗവൽഗീത മുതലായ പ്രാചീനഗ്രന്ഥങ്ങളുടേയും ലീലാതിലകത്തിന്റെയും സഹായത്താൽ ഒരു കാലികവ്യാകരണം എഴുതുവാൻ വൈകിയിരിക്കുന്നു. വ്യാകരണമിത്രത്തിന്റെ ഈ നാലാം പതിപ്പിൽ ഭാഷാചരിത്രത്തെ സംബന്ധിച്ച പല സംഗതികളേയും സന്ദൎഭോചിതമായി ദിങ്മാത്രം പ്രസ്താവിച്ചിട്ടുണ്ടു. ഭാഷാപദങ്ങളിൽ തന്നെ സംഭവിക്കുന്ന വൎണ്ണവികാരങ്ങളേയും അക്ഷരവിന്യാസത്തിൽ ഉണ്ടാകുന്ന ഭേദങ്ങളെക്കാണിക്കുന്ന പദങ്ങളേയും മാററും സംഗ്രഹിച്ചു വ്യവസ്ഥപ്പെടുത്തിയ ഗണങ്ങളെ എഴുതിവെച്ചിട്ടുണ്ടു. ഭാഷാധാതുപാഠം ഇംഗ്ലീഷൎത്ഥത്തോടു കൂടിയതും സജാതീയഭാഷാധാതുക്കളെക്കാണിക്കുന്നതും ആയ ഒരു പുസ്തകം തയ്യാറാക്കീട്ടുണ്ടു. ഇതു കാലികവ്യാകരണനിൎമ്മാണത്തിന്നു ഉപകരിക്കും. ഈശ്വരൻ സഹായിക്കട്ടെ.

ആൎത്ഥികവ്യാപ്തിയാൽ പ്രയോജനവും പരിഷ്കാരവും വൎദ്ധിക്കും എന്ന വിശ്വാസത്താൽ ബാലർ ബാല്യത്തിൽ തന്നെ വിഷയങ്ങളെ സംഗ്രഹിച്ചു സാധൎമ്മ്യവൈധൎമ്മ്യങ്ങളെക്കണ്ടു പിടിച്ചു വ്യാപ്തിഗ്രഹണം ചെയ്വാൻ വേണ്ടി ഈ പതിപ്പിൽ ഉദാഹരണങ്ങളെ ധാരാളമായിക്കാണിച്ചിരിക്കുന്നു. തദ്ഭവങ്ങളെ ഇനിയും വിഭജിച്ചു ശിക്ഷാവിഷയങ്ങളെ വിശദമാക്കട്ടെ. അവർ അതുപ്രകാരം ചെയ്തു പാണ്ഡിത്യം സംപാദിച്ചു കൈരളിയെ പരിഷ്കരിക്കട്ടെ.

422. മുഹമ്മദീയർ മതം, കച്ചവടം, രാജതന്ത്രം മുതലായ വിഷയങ്ങളെ കുറിപ്പാൻ വളരെ അറബിപദങ്ങളെ ഭാഷയിൽ ഉപയോഗിക്കുന്നു. ഇവരുടെ സാഹിത്യകൃതികൾ പ്രായേണ അറബിലിപിയാൽ ആകയാൽ ആ അക്ഷരങ്ങൾ അറിയാത്ത നാട്ടുകാൎക്ക് അവ നിഷ്പ്രയോജനമായിരിക്കുന്നു. വൈയാകരണന്നും കോശകാരന്നും ഇവ ദുൎല്ലഭമായതു ശോചനീയം തന്നെ. താഴെ ചേൎത്ത അറബിപദങ്ങളെ വിഷയപ്രകാരം വിഭജിക്കുക.

1. **അറബി** — അക്കല്, അതാവു, അത്തർ, അദാലത്തു, അഫ്ചർ, അമല്, അമാനം—അമാനത്തു്, അമീൻ, അമീർ, അംപർ, അംപാരി (H), അയിരാന്യത്ത്, അലാക്കു—ഹലാക്ക്, അലി—അലിയാർ, അലികത്തു, അല്ലക്കു,

അല്വ—ഹല്വ, അവാചികൾ, അവാലത്ത്—ഹവാലത്തി, അവിചാര്, അഫീൻ—അവീൻ, അശ്ര, അസ്സർ, അസ്സൽ, അള്ള, ആജി—ഹാജി, ആമീൻ, ആമില്, ആലം, ആലാത്ത്, ആലിമി, ഇക്ക, ഇങ്കിരിസ്, ഇഞ്ചീൽ—ഇഞ്ജീൽ, ഇനാം, ഇന്നിസ്സ്—ജന്നിസ്സ്—ജിനസ്, ഇബാബത്ത്, ഇബിലിസ്സ്, ഇമാൻ—ഈമാൻ, ഇരിസാൽ, ഇരുസാൽ, ഇറമുളാൻ, ഇല്ല, ഇശാരത്ത്—ഇചാരത്ത് ഇസ്സലാം, ഉക്ക—ഹുക്ക, ഉമാർ, ഉറുമാൻ, ഉറുമി, ഉല്വാ, ഉല്വാൻ, എശ, ഓത്താൻ—ഓസ്സാൻ, ഒവാത്ത്, ഒശീർ, ഒസ്യത്ത്, കടലാസ്സ, കബാത്ത്, കപ്പി (Pulley), കയമ, കരാർ, കച്ച, കമ്മോസ്, കറപ്പ്—കറുപ്പ്, കറാമത്ത്, കലായി, (Port) കലാശം, കലാശി, കലാസ്സ്, കലിവു—കല്വപ്പ, കലീപ്പന്മാർ, കവർ—കവുരം, കവാത്തു, കവൂല്—കബൂല്, കശാപ്പ(കാരൻ), കസായി, കിസ, കസർ, കസവ്, കാജി—കാദി, കാദർ, കാനൂൻ—കനൂല്, കാപ്പി, കാപ്പിരി—കാവ്യർ, കാമില്, കാലി—ഖാലി (Empty), കാഫർ, കിതാബ്, കില്ല, കില്ല(ദാർ), കിസ്സ, കിമ, കീല്, കറുവാൻ, കറുസി, കൈദി, കൈഫിയത്ത്, കൊത്തുവാ, ഖജാന, ഖച്ച, ഖറാവ്, ഗരീവ്, ചിന്ന്—ജിന്ന്, ചുക്കാൻ, ചുൽമ, ചൈതാൻ—ശൈതാൻ, ജനാസ, ജഫ്തി, ജമ, ജമ(ദാർ), ജമാത്തു, ജമാഖച്ച, ജമാവന്തി, ജമാവസൂൽ ബാക്കി, ജറൂർ, ജവാവു—ജബാബ്വ, ജവാളൂ, ജാമീൻ, (മാല്ജാമീൻ, റൊക്കജാമീൻ, ഹജർജാമീൻ), ജാമ്യൻ, ജാസ്തി, ജന്നിസ്സ, ജില്ല, ജൂസ്, ജ്രൂല്, തകത്ത്, തകരാർ, തക്കാവി, തസ്തിക, തസ്ലിപി—തെസ്ലിപി, തഹശിൽ—താഹശിൽ—തഹശില്ദാർ—താഹശില്ദാർ, താക്കീത, താരീക്ക, തോയം, (poor), തൊറത്ത്, ദനാ, ദലീല്, ദല്ലാലി, ദാഖല, ദായ്മ, ദീൻ, ദുനിയാവു, ദൂറ, ദുവാ, ദോർ—ദലോർ, ദൌലത്ത്, നകത്, നഗാശി, നജർ, നബാവു—നവാവ്, നാജർ—നാസിർ, നായിബ്—നായിപ്പ്, നിസാം, നിസ്കാരം (fr. നമസ്കാരം), നെഫി, നെസ്യത്ത്, പക്കീർ, പത്തിരി—പത്തിൻ, പത്തുവ—പതവ, പത്രാസ്സ, പരാതി, പാത്തുമ്മ, പുക്കാൻ, ഫൌജ്, ഫൈശ, പൌജ്, പൌജദാർ, പൌജദാരി, ഫയസ്സൽ, ഫസലി, ഫൌജദാരി, ബദല്, ബാക്കി, ബിസ്തി, ബീബി, മക്രീബ്, മകരീബ്, മകാം, മക്ക—മക്കത്തു, മക്കി, മക്കന, മക്രൂ, മഞ്ചില്, മയത്ത്, മരാമത്ത്, മലക്ക, മവല്വദ്, ∠സുക്കൽ, മസ്കീൻ, മസജീതു, മസ്സാല, മസ്സാൽ, മഹമ്മത, മഹല്, മാസൂല്, മിന്നാരം—മുന്നാരം, മിസ്കീൻ, മുക്തിയാറ്, മുക്ത്യാർനാമ, മുക്രി, മുഖതാവിൽ, മുഖറൂർ മുച്ചിലിക, മുത്തഫ, മുൻഷി—മുനിഷി, മുൻസീപ്പ്, ലസ്തി—മുസ്തി, മുല്ല, മുസ്ലിം, മുസല്മാൻ, മുസ്സാപ്—മുസ്സാവരി, മുസ്സീവത്ത്, മുസാപ്, മൊഹയദ്ദീൻ, രയിത്താൻ, രസാല, രസൂല്—റസൂൽ, റക്കാബ്, റബ്ബി, റസൂല്ലള്ള, റാക്ക്, റാത്തൽ, റാഫിളി, റാഹത്ത്, റിവാജ്, രൂമി—ഉറുമി, രൂമാൽ—ഉറു

മാൽ, ലൈല, വക്കാലത്തു്, വസൂല്, വക്ത്തു, വാക്കി–ബാക്കി, വാജിപ്–വാജിപ്പ–വാസിവ്, വിലാത്തി, ശഹായത്ത്, ശരാരത്തു്, ശഹീതു–ശായീദി–ശെഹീതു, ശാഫീശെരക, ശേഖ്-ചേക, ശൈത്താൻ, സക്കത്തു–സതക്ക–സദക്ക, സന്നത്, സബർ–സവർ–സബൂർ, സമാൻ, സറാത്ത്, സരാപ്പ്–സറാപ്പ്–ശ്രാപ്പ്, സല, സറാമ്പി–ശ്രാമ്പി–ശ്രാമ്പി, സലാവത്ത്, സലാം, സാൺ, സാഫ്, സാബുൻ, സായ്പു–സാഹേബർ, സാഹത്തു്, സുന്നത്ത്, സുന്നി, സുബൈ–സൊബ്ബയി, സുൽത്താൻ, സൂപ്പി, സെവീല്, സൈ (ഇടുക to sign), സൊല്ല–തൊല്ല, ഹക്ക്, ഹക്കൽ, ഹക്കിം, ഹജാം, ഹജൂർ, ഹജൂ–ഹശൂ, ഹജൂത്ത്, ഹമ്മാൽ–ഹമാൽ, ഹയാത്ത്, ഹയാത്തുനബ്ബി, ഹജ്ജി–അരജി, ഹജൂർ, ഹജൂ, ഹറാം, ഹരീവ, ഹലാക്ക, ഹലാൽ, ഹാജർ, ഹാജി.

2. പാർസി — അങ്കാം, അച്ചാറു, അജിമാസി, അമാർ, അമല്ദാർ, അമ്പാരം, (H) അവിൽദാർ–ഹവില്ദാർ, അല്മാരി–അൽമാരി, ആദേസ്സ, ആസ്സ്, ഉമേദവാർ, ഉമ്മത്ത–ഉമ്മത്തി, ഉറുമാൽ, ഓഹരി, കമാൻ, കമ്മി (H), കരാന്നാമം (A), കശകശ, കാക്ക–കാക്കാൻ, കാനേഷുമാരി–ഖാനേഷുമാരി, കായിത്താം–കായിത്തു്–കത്തു് (H), കറുവാറു (H)–കാര്യഭാരം (S) കാവല്, കദാ, കല്ലാ, കശാൽ, ക്രൂജ, കൊത്തുവാൻ–കൊത്തുവാൽ, കൊശി, കൊസ്സാകൊള്ളി, കോജ–കോശ–കോയ, കൌല്–കൌൽ–കവുല്, ഖാൻ, ഖാന, ഗുമസ്തൻ–ഗുമാസ്തൻ–ഗുമസ്തം, ഗുലാവ്, ഗോലന്താസ്, ഗോദി–ഗോട്ടി, ഗോഷവാർ, ചവുക്ക, ചവോക്ക, (Port), ജമക്കാളം–ചമക്കാളം, ജമീദാർ, ജല്ലി, ജാഗീർ, ജോരായരി, തങ്ക, തമാൻ, തമാശ, തമ്പാക്ക, ത്രാസ്സ്–തുലാസ്സ, ദഫേദാർ, ദരിജി, ദരിയാപ്തി, ദക്കാസ്സ്, ദസ്സ്, ദസ്സ, ദസ്തൂരി, ദസ്താവേജു, ദസ്സ, ദിവാൻ, ദോരോഗ, നമ്പരം, നിശാനി, നൊസ്സ്, പടത–പടതി, പനീർ (Cheese), പരമാൻ, പറങ്കി, പരവ (Concern, Care), പാറസ്സ്, പാപ്പാസ്, പാദ്ശാവു (Padisha) പിശ്ശാദി, വിശാഗരി–വിശാവരി, പേരിസ്സ, പേശപാ, പ്യേഷ്കാർ, പൈകാമ്പർ, പൈമാശി–പൈമാസി, ബങ്കളാവു, ബജാർ–ബജാരി–ഭജാർ, ബന്തർ, ബന്തോവസ്സ്. ബരാന്ത, ബരാവർ, ബസാര, ബസാദ്, ബസ്, ബാദാം, ബുത്ത്–ബുദ്ധ്, മസ്സ, മഹജർ, മഹജർനാമ, മറചി(ക്കാ), മിഹബ്ബാൻ–മെഹബ്ബാൻ, മൂജ, മേനാവ്, മൈതാനം, രവാന, രസ്സ, രഹദാരി–രാധാരി, രാജി, രോജനാമ, ലഗാം, ലങ്കർ, ലുങ്കി, വന്തി, വാശി (H), ശരാശരി, ശിക്കാർ, ശിക്കാരി, ശിഫാരിശി–സിഫാരിസ്–സിപാരശ–ശിപാർശി, ശിരസ്സ, ശിരസ്സദാർ, സതാപ്പ്, സഫ്താർ, സട്ടാർ, സവാരി, സാദിലപാര, സാമാൻ–സാമാനം, സിക്ക (ഉരുപ്പിക), സിക്ക–ചുരുക്ക, സുബേദാർ, സുമാറു, സുമ്മ, സൂംങ്ക, ഹരിക്കാരൻ, ഹിന്തു–ഹിന്ദു, ഹിമ്മണി.

3. ഹിന്ദുസ്ഥാനി — അണ, അനാജി, അമല് (intoxication), ഇസ്ത്രി, ഉണ്ടി—ഉണ്ടിക—ഹുണ്ടിക, ഉറുപ്പിക—രൂപാ, കച്ചേരി, കട്ടാരം—കട്ടാരി, കലാൽ, കിച്ചിടി, കീശ—കീസ, കടാക, കോതടി—കോസടി, ഗഡിയാൽ—ഗഡിയാരം (ഘടികാരം), ഗാഞ്ജി—കഞ്ചാവു, ഗാദി, ഗോന്ത്, ചട്ടിണി, ചാവുക്ക, ചവുക്കദാർ, ചാവുക്കളി, ചാ—ചായ, ചാപ്പ, ചാവടി, ചിട്ടി—ചീട്ടു, ചിലിമ്പി, ചുങ്കം, ചൂരി, ചേലാ, ചോട്ടാ, ചോളി—ചോടി, ജത്ത് (a set), ജോഗി, ജോട്ടു, ജോലന, ജോലാ, ടപ്പാൽ—തപ്പാൽ, ടാപ്പു, ടിക്കാനം—ഠിക്കാനം, ടിപ്പു—ടപ്പു, ഠാണ, ഡലായിത്ത—ഡലായിതൻ, ഡവാൽ, ഡാവുല്—ഡോല്, ഡാക്ക, തമ്പു, താക്ക, താജാകലാം, തുക്കടി—തുക്ടി, തുപ്പട്ടാവു, തുപ്പായി, തോക്ക, തോട്ടാ, തെപ്പി, തോമ്പര—തൊപ്പര, ദുബാണി, ദുബാശി, ദേവി, ധൌട്ടു, നായക്കൻ, പകിടി, പക്കാളി, പാഖ—പാക, പഞ്ചായം—പഞ്ചായത്ത്, പയി—പൈ, പൈസ്സ, ബിച്ചാണ, മാവുത്തൻ, രാക്ക, റൊട്ടി—ഒറോട്ടി, ലട്ടു, ലഡായി, ലൂട്ട്, വക്കാർ, വച്ച, വതൽ,—ബദൽ—വതിൽ, വത്ത—ബത്ത—വത്ത(ക്ക), വസ്തുക്ക്, ശങ്കല, ശാലുവ—സാലവ—ശാലവർ, ശേർ.

4. സുറിയാനി — അല്മനി, അനീത, ഐക്കല—അയിക്കല, ഒപ്രുശുമ, കപ്പിയാർ, കശീശ, കാപ്പ, കറുബാൻ—കറുവാന, വത്തീറ്, ബെസ്പുക്കാന, മലപാൻ, മശീഹ, മഹറോൻ, മാറാൻ, സിലുവ, മേത്രാൻ, മെത്രാൻ, മെത്രാപ്പോലിത്ത ഒടുവിലേ മൂന്നും ഗ്രീക്കുഭാഷയിൽ നിന്നു വന്നവയാകുന്നു.

5. പോർത്തുഗീസ് — അനനാസു, ആഞ്ഞ്യ, ആത്ത(ച്ചക്ക), ഇറയാൽ, എമ്പ്രദോർ, എരോപ്പ, ഏലം—ലേലം, ഒലുമ്പ്യ, ഒലമാരി, കമീസ—കമീസ്—കമ്മീസ് (Ar), കരൽ (border) കപ്പാരിക്ക, കരുവാട, കശു (മാവു), കസേര—കസേല, കിരസ്സാൻ, കിരാതി, കുമ്പസാരം—കുമ്പസാ—കുമ്പസാരിക്ക, കുരിശു—കുരുസു, കലേർ, ക്രൂറ (ഇടുക to tan), കൃത്തിക്ക (to search carefully) കൊട്ടതം, കൊന്ത, കൊരടാ, കോടി (20), കോപ്പ, കോച്ച, ചകലാസ്സു—ശകലാസ്സു, ചങ്കാടം, ചീന്തെർ, ജന(വാതിൽ), തമ്പോർ, താനീപ്പ, തുറുങ്കു, തേ(യില), തൊളു, ത്രെസ്സ്, ഡിയാബ്ലു, പത്തമാരി—പത്തേമാരി, പത്താക്ക, പരിന്തിരിസ്സു, പാതിരി, പാപ്പാ, പിന്താരം, പിന്താരിക്ക, പ്രാകക, പേര, പോർത്തുഗല്, പോക്കു, ബാത്ത, ബൊമ്മ, (വെറുമ), റബെക്ക, (Fiddle) ലേസ്സ്, ലേഞ്ചി, ലേശ് (ലേസ്), ലേലസ്സു, (ഏലസ്സു) വത്തക്ക, (വത്തക), വത്തെല, വക്കീസ്സു (വക്കാസ്സ്).

6. ഇംഗ്ലീഷ് — അഡിക്ഷൻ, അഡിഷനല്, അപ്പീല് (അഫീല്), അമ്മോനിയം, അല്ക്കഹോല് (ആല്ക്കഹോൾ), അഫിഡാവിററ്, അബ്കാരി, അസിസ്റ്റാണ്ട്, അസ്സസർ, ആക്ട്, ആക്ടിങ്ങ്, ആഡ്വകേററ്, ആപ്പീസ്, ആ

പ്ലർ, ആസ്പത്രി—ആശുപത്രി, ഇഞ്ചങ്ങ്ഷൻ, ഇഞ്ചിനീയർ, ഇംപൌണ്ട്, ഇൻസ്പെക്ടർ, ഇൻസ്പെൿഷൻ, ഇൻഡെക്സ്, ഇൻഷുറൻസ് (ഇൻസൂർ), ഇലക്ട്രിസിററി, ഇലൿടിൿ ലാംപ്, ഇലെൿഷൻ, ഇംപീരിയൽ, ഈതർ, എക്ര്, എക്സിബിററ്, എക്സിക്യൂട്ടീവ്, എക്സിബിഷൻ, എലിമെൻററി, എഞ്ചിൻ, ഏജണ്ട്, ഏജൻസി, ഐസ്, ഐസ്ക്രീം, ഒലന്ത (ലന്ത, ഇലന്ത), ഓപ്പറേഷൻ, റിക്ഷ, റിവോൾവർ, റിക്കാട്ട്, റിവിഷ്യൻ, റിമാണ്ട്, റിപ്പോട്ട്, (റപ്പോട്ട്), റിസീവർ, റൂൾ, റൂളർ, റെയിൽ, റെയിൽവെ, റൈട്ടർ, റോന്ത, റോന്തു, റോഡു, റോൾ, ലീസ്റ്റ, ലൈസൻസ്, ലമനേഡ്, ലാംപ്, ലിത്താനി, വിക്കാരി, (വികാരി), വസ്സി (ബെസ്സി), വാഞ്ഞിക്ക, വില്ലൂള (വില്ലൂസ്സ), വിസ്കി, വൈൻ (വീഞ്ഞ്), വെസ്റ്റുകോട്ട്, വാക്സിനേഷൻ, വാക്സിനേററർ, വാറണ്ട്, വാഡ്, വെണ്ടർ, വൈസറോയി, വോട്ട്, ഷാട്ട്, സൎക്കസ്സ്, സാക, സ്ലിപ്പ്, സോക്സ്, സോഡ, സോപ്പ്, സ്റ്റഡ്, സ്പഞ്ച്, സ്റ്റീല്‌പെൻ, സ്ലേററ്, സ്റ്റേഷൻ, സ്റ്റോർ, സമൻസ്, സബാപ്ലർ, സബസിസ്റ്റാണ്ട്, സബ്ജഡ്ജി, സബ്കോട്ട്, സൎക്കസ്സ്, സൎക്കുലർ, സൎക്കീട്ട്, സൎട്ടിഫികെററ്, സൎജ്ജൻ, സൎജ്ജരി, സൎജ്ജൻജനറൽ, സൎവീസ്, സസ്പെണ്ട്, സൎവേനംപ്ര, സാംക്ഷൻ. സാൎജ്ജൻറ്, സിക്രട്ടെരി, സിണ്ടികെററ്, സിവിൽ, സൂപ്രഡേണ്ട്, സേഷൻ (സഷ്യൻ), സെക്കണ്ടരി, സ്റ്റോക്സ്, സോജരന്മാർ, സ്മാൾകാസ്, സ്ക്കൂൾ, സ്പെഷ്യൽ, ഹേഡ്, ഹെഡ്മാസ്റ്റർ, ഹൈക്കോട്ട്, ഹാൎമ്മോണിയം, ഷൻറിങ്ങ്, ഹോട്ടെൽ, ഹോൾഡർ, ഹോക്കി. ഇവ നിത്യം വൎദ്ധിച്ചു വരുന്ന പദങ്ങൾ ആകയാൽ പരിഗണിച്ചുകൂടാ.

423. 1. സംസ്കൃതവൈയാകരണന്മാർ ശബ്ദങ്ങൾക്കു നാലു വൃത്തികളുണ്ടെന്നു പറയുന്നു. ദ്രവ്യം, ഗുണം, ക്രിയ, യദൃച്ഛ എന്നിവയെക്കാണിക്കുക തന്നെ.

2. ഭാഷയുടെ പ്രയോജനം അന്തൎഗ്ഗതമായ വിചാരങ്ങളെ അറിയിക്കുന്നതിന്നാകയാൽ ഒരു വസ്തുവിനെക്കുറിച്ചു നാം പറയുമ്പോൾ ഒരു പേർ ആവശ്യമായ്വരും. ഈ പേർ വസ്തുവിനെ മനസ്സിൽ ഉളിപ്പിക്കുന്ന ജ്ഞാനത്തിന്നു ഒത്തതായ നാമം ആകുന്നു.

3. ഗുണത്തിൻേറയും ക്രിയയുടേയും ആധാരമാകുന്നു ദ്രവ്യം. ഗുണങ്ങളെക്കുറിച്ചു മാത്രം പറയുമ്പോൾ ഗുണനാമങ്ങളേയും ഗുണത്തോടു കൂടിയ ദ്രവ്യത്തെക്കുറിച്ചു പറയുമ്പോൾ ഗുണവചനങ്ങളേയും ഉപയോഗിക്കും. ദ്രവ്യത്തിലും, അതിൻെറ സ്ഥിതിയിലും, ഗുണങ്ങളിലും ഒരു ഭേദം ഉണ്ടാക്കുന്ന[illegible]ന്നു ക്രിയ. വ്യാപാരത്തെ മാത്രം പറയുന്നതായാൽ ക്രിയാനാമങ്ങളേയും കൎത്രാദികാരകങ്ങളുടെ അപേക്ഷയോടു കൂടിപ്പറയുമ്പോൾ ക്രിയാപദങ്ങളേയും ഉപ

യോഗിക്കും. വ്യാപാരത്തിൽ ഉണ്ടാകുന്ന വിശേഷങ്ങളെ കാണിപ്പാനായി ക്രിയാവിശേഷണങ്ങളെ പ്രയോഗിക്കും.

4. നമ്മുടെ അറിവിൽ പെടുന്ന എല്ലാ വിഷയങ്ങളേയും നാമം, ക്രിയ, ഭേദകം, അവ്യയം എന്ന ഭാഷാവിഭാഗങ്ങളെക്കൊണ്ട് അറിയിക്കാൻ കഴിയുന്നതുകൊണ്ടു നമുക്കുള്ള എല്ലാ ജ്ഞാനവിഷയങ്ങളും നമ്മുടെ ഭാഷയിൽ അടങ്ങിയിരിക്കും. നാൾക്കുനാൾ നമ്മുടെ ജ്ഞാനം അഭിവൃദ്ധിക്കും തോറും ഭാഷയിലെ പദങ്ങളും വർദ്ധിച്ചു നമ്മുടെ ജ്ഞാനസമ്പത്തും വിപുലീഭവിക്കുന്നു.

424. ഇന്ദ്രിയങ്ങൾ നിമിത്തമായിട്ടെല്ലാ ജ്ഞാനവും ഉണ്ടാകുന്നതെങ്കിലും ഇന്ദ്രിയങ്ങൾക്ക് എത്താൻ കഴിയാത്ത വിഷയങ്ങളേയും അറിഞ്ഞു പേർ വിളിപ്പാനുള്ള സാമർത്ഥ്യം ഭാഷയ്ക്കുണ്ടായിരിക്കയാൽ അതീന്ദ്രിയനായ ഈശ്വരനേയും പാരലൌകികവിഷയങ്ങളേയും കുറിക്കുന്ന പദങ്ങൾ ഭാഷയിലുണ്ടു. ഭാഷയുടെ ഐക്യത്താൽ നാം തമ്മിൽ ഒരു മഹത്തായ സംബന്ധം ഉണ്ടാകുന്നു. ഹൃദ്യങ്ങളായ ഗദ്യപദ്യങ്ങൾ അനിർവ്വചനീയമായ ഒരു പരമാനന്ദത്തെ ഉണ്ടാക്കി ദുഃഖനിബിഡമായ സംസാരത്തിലെ കഷ്ടങ്ങളെ ലഘൂകരിക്കുന്നു.

425. അഗാധമായ ജ്ഞാനം സമ്പാദിച്ചു, മനസ്സിനെ പരിഷ്കരിച്ചു, വിവേകവും പാണ്ഡിത്യവും ഉൽപാദിപ്പിച്ചു, അതിഗഹനങ്ങളായ ശാസ്ത്രവിഷയങ്ങളിൽ ബുദ്ധിയെ പ്രേരിപ്പിച്ചു, കാവ്യനാടകാദികളിൽ അന്തഃകരണം രഞ്ജിപ്പിച്ചു, സദ്വിഷയങ്ങളിൽ വെച്ച് അതിശ്രേഷ്ഠമായ ജഗദീശ്വരപ്രാർത്ഥനാദികളിൽ അന്തരാത്മാവിനെ പ്രവൃത്തിപ്പിച്ചു, ഭാഷയുടെ ഐക്യത്താൽ സോദരഭാവം പ്രാപിച്ച ജനങ്ങളുടെ ഇടയിൽ ഉള്ള അജ്ഞാനധ്വാന്തത്തെ ദൂരീകരിച്ചു, ജ്ഞാനഭാസ്കരനെ ഉദിപ്പിക്കുന്ന ഭാഷയെ സഫലമായി വിനിയോഗിപ്പാൻ ശബ്ദശാസ്ത്രം അഭ്യസിക്കുന്ന നമ്മെ ഈശ്വരൻ അനുഗ്രഹിക്കേണമേ.

ജയ ജയ ജഗദീശ.

രക്ഷ രക്ഷ.

National Library

PRINTED AT THE
KANARESE MISSION PRESS AND BOOK DEPOT, MANGALORE